594

GEOGRAPHY



472

V. SUBRAMANIA IYER, B. A., L. T.,

No. 554

GEOGRAPHY

PART I.

FOR FORM I.

V. SUBRAMANIA IYER, B. A., L. T.,
First Assistant,
Govt. Training Institute,
Ramavarmapuram.

PUBLISHED
BY
M. LONA MALIAMMAVU.

PRINTED AT
The Bharatha Vilasam Press, Trichur.

Price 6 annas.) (വില 6ണ

വിഷയവിവരം.

അദ്ധ്യായം.	വിഷയം.	പേജ്.
,,	1. ഭൂമിയുടെ ചലനങ്ങൾ (1) ഭ്രമണം രാവും പകലും (2) ഭ്രപരിവർത്തനം കൊല്ലവും കാലാവസ്ഥയും	1
,,	2. സൌരയൂഥം—വലിയ ഗ്രഹങ്ങൾ	7
,,	3. ഭൂമിയുടെ നില—ഗ്രഹണങ്ങൾ—കുത്തവായ്—വെളുത്ത വാവ്	10
,,	4. അർദ്ധഗോളങ്ങൾ. ഭൂഖണ്ഡങ്ങളും സമുദ്രങ്ങളും	13
	ഇന്ത്യാ.	
,,	5. കിടപ്പും അതിരുകളും	14
,,	6. പ്രകൃതിവിഭാഗങ്ങൾ—മലകൾ	17
,,	7. നദികൾ	21
,,	8. കാലാവസ്ഥ; മഴ; അണക്കെട്ടുകൾ	24
,,	9. ഉല്പന്നങ്ങളും സ്വാഭാവികവിഭാഗങ്ങളും	30
,,	10. തൊഴിലുകൾ	38
,,	11. ഗതാഗതമാർഗ്ഗങ്ങളും തപാലും	44
,,	12. വാണിജ്യം	55
,,	13. ജനസംഖ്യ—ഭാഷകളും മതങ്ങളും	61
,,	14. രാജ്യവിഭാഗങ്ങൾ	66
,,	15. രാജ്യവിഭാഗങ്ങൾ (തുടർച്ച)	68
,,	16. സാമന്തരാജ്യങ്ങൾ	85
,,	17. സ്വതന്ത്രരാജ്യങ്ങൾ	93
,,	18. വിദേശീയസ്ഥലങ്ങൾ	95
,,	19. ഗവർമ്മെണ്ട്	96

ഭൂമിശാസ്ത്രം

(അഞ്ചാം ക്ലാസ്സിന്ന്.)

അദ്ധ്യായം 1.

ഭൂമിയുടെ ചലനങ്ങൾ

1. ഭൂഭ്രമണം—രാവും പകലും.

സൂര്യൻ ആകാശത്തിന്റെ ഒരു ഭാഗത്ത് ഉദിക്കയും അതിന്നെതിർഭാഗത്ത് അസ്തമിക്കയും ചെയ്യുന്നു. സൂര്യോദയഭാഗത്തെ നാം കിഴക്കെന്നും സൂര്യാസ്തമനഭാഗത്തെ പടിഞ്ഞാറെന്നും വിളിക്കുന്നു. രാത്രിസമയത്ത് ആകാശത്തിന്റെ കിഴക്കുഭാഗത്തുള്ള നക്ഷത്രങ്ങൾ ആകാശവീഥിയിൽ അധികമധികം ഉയരുന്നു. പടിഞ്ഞാറുള്ള നക്ഷത്രങ്ങൾ ആകാശത്തിൽ താഴ്ന്നു മറഞ്ഞുപോകുന്നു. നക്ഷത്രങ്ങൾ തമ്മിൽ തമ്മിൽ അങ്ങോട്ടമിങ്ങോട്ടും മാറുന്നില്ല. ചന്ദ്രനും അപ്രകാരംതന്നെ. ഇന്നുകണ്ട നക്ഷത്രത്തേയും ചന്ദ്രനേയും ആണ നാളേയും നാം കാണുന്നത്. ഇങ്ങിനെ കാണുന്നതിൽനിന്നു രണ്ടിലൊരു സംഗതി അനുമാനിക്കേണ്ടിയിരിക്കുന്നു. ഒന്നിലൊന്നമ്മുടെ ഭൂമി തിരിഞ്ഞുകൊണ്ടിരിക്കണം. അഥവാ സൂര്യാദിഗോളങ്ങൾ തിരിഞ്ഞുകൊണ്ടിരിക്കണം. സൂര്യാദിഗോളങ്ങളാണ തിരിഞ്ഞുകൊണ്ടിരുന്നത് എന്നതെ പ്രാചീനന്മാർ വിശ്വസി

ച്ചിരുന്നതു്. ഇന്നും സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നുവെന്നാണു നാം പറയുന്നതു്. എങ്കിലും ഭൂമിയാണു ഭ്രമണം ചെയ്യുന്നതെന്നു തീർച്ചതന്നെ.

സൂര്യാദിഗോളങ്ങളെപ്പറ്റി അറിവുസമ്പാദിപ്പാൻ ജനങ്ങൾ ഉദ്യമിച്ചതിന്റെ ഫലമായി സൂര്യൻ ഭൂമിയിൽ നിന്നു 9,30,00,000 നാഴിക ദൂരത്താണു സ്ഥിതിചെയ്യുന്നതെന്നും; സൂര്യൻ ഭൂമിയേക്കാൾ 108 ലക്ഷം ഇരട്ടി വലുതാണെന്നും; ഒരു ഗോളം മറ്റൊരു ഗോളത്തെ പ്രദക്ഷിണം വയ്ക്കുന്നുണ്ടെങ്കിൽ, ചെറിയ ഗോളമായിരിക്കും പ്രദക്ഷിണം വയ്ക്കുന്നതെന്നും ജനങ്ങൾക്കു മനസ്സിലായി.

ആകാശമണ്ഡലത്തിൽകൂടിയുള്ള സൂര്യാദിഗോളങ്ങളുടെ ചലനം വാസ്തവമല്ലെന്നും ഭൂമിയാണു തിരിയുന്നതെന്നും ഇന്നു ബോധംവന്നിരിക്കുന്നു. സൂര്യൻ ഉദിക്കുന്നുവെന്നു നാം പറയുന്നതിനു ഭൂമിയുടെ ആ ഭാഗം സൂര്യനെതിരായി വന്നുവെന്നു മാത്രമാണർത്ഥം. മദ്ധ്യാഹ്നസമയത്തു ഭൂമിയുടെ ആ ഭാഗം സൂര്യഗോളത്തിനു നല്ലപോലെ എതിരാണ്; അസ്തമനസമയത്തു് ആ ഭാഗം സൂര്യനിൽനിന്നും ഭ്രമണം ചെയ്തുപോകുന്നു. സൂര്യൻ കിഴക്കുദിച്ചു പടിഞ്ഞാറസ്തമിക്കുന്നുവെന്നു പറഞ്ഞാൽ ഭൂമി, പടിഞ്ഞാറുനിന്നു കിഴക്കോട്ടു തിരിയുന്നുവെന്നു സാരം. സൂര്യാദിഗോളങ്ങൾക്കു ഭൂമിയുടെ ഒരുഭാഗത്തിൽ മാത്രമേ ഒരു സമയത്തു പ്രകാശിപ്പാൻ സാധിക്കയുള്ളൂ. സൂര്യൻ പ്രകാശിക്കുന്ന ഭാഗത്തു പകലും; മറ്റേഭാഗത്തു രാത്രിയുമാകുന്നു. എന്നാൽ ഭൂമി ഭ്രമണംചെയ്യുന്നതുകൊണ്ടു് ആതിന്റെ ഓരോ ഭാഗവും സൂര്യനെതിരായിവരുന്നു. ഭൂമി

യിൽ ഒരു ഭാഗത്തു സൂര്യോദയമുണ്ടായാൽ, ഭൂഗോളത്തിന്റെ മറ്റെ അദ്ധത്തിൽ ഈ സ്ഥലത്തിനെതിരായ ഭാഗത്തു് അതു് അസ്തമിക്കുന്നുവെന്നു തീച്ചതന്നെ.

2. ഭൂപരിവത്തനം: കൊല്ലവും കാലാവസ്ഥയും.

ഭൂമി പടിഞ്ഞാറുനിന്നു കിഴക്കോട്ടു ഭ്രമണംചെയ്യുന്നുവെന്നു നാം കണ്ടുവല്ലൊ. അങ്ങിനെ ഭൂമി ഭ്രമണം ചെയ്യുന്നതു് ഒരു അക്ഷത്തെ ചുറ്റിയാണെന്നാണു ഭൂമിശാസ്ത്രജ്ഞന്മാർ സങ്കല്പിച്ചിരിക്കുന്നതു്. ഈ ഭ്രമണത്തിനും പുറമെ ഭൂമിക്കു മറ്റൊരു ചലനവുംകൂടിയുണ്ടു്. അതിനു പരിവത്തനമെന്നു പേർ. ഭൂമി സൂര്യനെ ചുറ്റിസ്സഞ്ചരിക്കുന്നു. അതുകൊണ്ടാണു ഭൂമി ഒരു ഗ്രഹമാണെന്നു പറയുന്നതു്.

ഭൂമിയുടെ ഈ പരിവത്തനത്തെപ്പറ്റി മറുപിലസംഗതികൾ ഗ്രഹിക്കേണ്ടതുണ്ടു്. ഭൂമി ഇങ്ങിനെ പരിവത്തനം ചെയ്യുന്നതുകൊണ്ടു ഭൂമിയുടേയും സൂര്യന്റേയും സ്ഥാനങ്ങളിൽ ചില വ്യത്യാസങ്ങൾ സംഭവിക്കുന്നു. ജൂൺ 22-ാംനു- വളരെ പ്രധാനമായ ഒരു ദിവസമാണു്. അന്നു സൂര്യന്റെ സ്ഥാനമെവിടെയെന്നു നോക്കുക. അന്നു സൂര്യൻ ടോപ്പിക്ക് ഓഫ് കാൻസറിന്മേലാണു്—അതായതു്, മദ്ധ്യരേഖയിൽനിന്നു 23½ ഡിഗ്രി വടക്കോട്ടുമാറിയാണു്. ആ രേഖയിന്മേലുള്ള സ്ഥലങ്ങളിൽ നിവസിക്കുന്ന ആളുകൾ അന്നുച്ചക്കു സൂര്യനെ തലയ്ക്കു നേരെ മീതെയാണു കാണുന്നതു്.

അന്നു ഗിനി ഉൽക്കടലിൽ നില്ക്കുന്ന ഒരു കപ്പലിലെ കപ്പിത്താൻ നട്ടുച്ചക്കു സൂര്യനെ ആകാശമദ്ധ്യത്തിൽ

നിന്നു $23\frac{1}{2}$ ഡിഗ്രി വടക്കോട്ടുമാറി കാണും. ആ കപ്പൽ നില്ക്കുന്നതു മദ്ധ്യരേഖയിന്മേലാണ്. അതുകൊണ്ടു മദ്ധ്യരേഖ കടന്നുപോകുന്ന സ്ഥലങ്ങളിൽ നിവസിക്കുന്ന ആളുകൾ അന്നു സൂര്യനെ $23\frac{1}{2}$ ഡിഗ്രി വടക്കു മാറിക്കാണും. ഉത്തരധ്രുവത്തിൽ വസിക്കുന്ന ആളുകൾ അന്നു സൂര്യനെ ഉച്ചക്കു് ആകാശമദ്ധ്യത്തിൽനിന്നു $66\frac{1}{2}$ ഡിഗ്രി താഴ്ന്നു കാണും.

ടോപ്പിക്ക് ഓഫ് കാപ്രിക്കോണിൽ വസിക്കുന്ന ആളുകൾ അന്നേദിവസം ഉച്ചക്കു സൂര്യനെ ആകാശത്തിൽ 47 ഡിഗ്രി പൊന്തിയായിരിക്കും കാണുക. ദക്ഷിണധ്രുവത്തിലുള്ള ആളുകൾ അന്നു സൂര്യനെ കാണുന്നതുമില്ല. അൻടാർട്ടിക്ക് സർക്കിളിന്മേൽ വസിക്കുന്ന ജനങ്ങൾ അന്നു സൂര്യനെ ഉത്തരചക്രവാളത്തിന്മേലായിരിക്കും കാണുന്നതു്.

ജൂൺ 22-ാംനു- സൂര്യൻ ഉത്തരാർദ്ധമേഖലയുടെ നേരെയാണ് ഉദിക്കുന്നതു് എന്നു കണ്ടുവല്ലൊ. അതുകൊണ്ടു് അവിടെ അന്നു ദക്ഷിണാർദ്ധമേഖലയിലേക്കാൾ അധികം ഉഷ്ണം ഉണ്ടായിരിക്കും. അന്നു ടോപ്പിക്ക് ഓഫ് കാൻസറായിരിക്കും ഏറ്റവും ചൂടുള്ള സ്ഥലം. അന്നു് ഉത്തരാർദ്ധഗോളത്തിൽ വേനക്കാലത്തിന്റെ മദ്ധ്യവും ദക്ഷിണാർദ്ധഗോളത്തിൽ ശീതകാലത്തിന്റെ മദ്ധ്യവുമാണ്. ടോപ്പിക്ക് ഓഫ് കാൻസറിൽനിന്നു വടക്കോട്ടും തെക്കോട്ടും പോകുന്തോറും ചൂടു കുറഞ്ഞുവരും. ജൂൺ 22-ാംനു- സൂര്യൻ ഉത്തരാർദ്ധഗോളത്തിൽ അധികംനേരം പ്രകാശിച്ചുകൊണ്ടിരിക്കും. അന്നു് ആർട്ടിക്ക് സർക്കിളിന്മേൽ

24 മണിക്കൂർനേരവും പകലായിരിക്കും. അപ്രകാരംത ന്നെ അന്ന് അൻടാർട്ടിക്ക സക്കിളിന്മേൽ 24 മണിക്കൂ റും രാവായിരിക്കും.

എന്നാൽ പരിചത്തനത്തിൽ ഭൂമി ഒരിക്കലും ഒരു സ്ഥലത്തും നില്ക്കുന്നതല്ല. മൂന്നുമാസംകൊണ്ട് സൂര്യൻ മദ്ധ്യരേഖയിന്മേലെത്തുന്നതാണ്. ആ കാലത്തെ ഓട്ടം എകപിനോക്സ് എന്നു പറയുന്നു. തദനന്തരം മൂന്നുമാസ ത്തിനകം സൂര്യൻ ടോപ്പിക്ക് ഓഫ് കാപ്രിക്കോണിലെ ത്തുന്നു. പിന്നെ മൂന്നു മാസത്തിനകം വീണ്ടും മദ്ധ്യരേ ഖയിലെത്തുന്നു. അന്നു വെനൽ എകപിനോക്സ് എന്നു പറയുന്നു. കൊല്ലത്തിൽ രണ്ടു പ്രാവശ്യം സൂര്യൻ മദ്ധ്യ രേഖയിന്മേലെത്തുന്നുവെന്നല്ലേ നാം കണ്ടത്. ഒരു കൊ ല്ലത്തെ പന്ത്രണ്ടു മാസങ്ങളായി വിഭജിച്ചിരിക്കുന്നു ഒരു മാസത്തിനെ ഒരു രാശിയെന്നും പറയുന്നു. ഒരു രാശി യിൽനിന്നു മറെറാരു രാശിയിലേക്കു സൂര്യൻ കടക്കുന്ന തിനാണു നാം സംക്രമം എന്നു പറയുന്നത്. സംക്രമം എല്ലാ മാസത്തിലുമുണ്ട്. എന്നാൽ നാലു സംക്രമങ്ങളെ യാണു നാം (ഭാരതീയർ) അധികം വിലവയ്ക്കുന്നത്. അവ ഏവ? മേടം, കർക്കിടകം, തുലാം, മകരം എന്നീ മാസങ്ങ ളിലെ സംക്രമങ്ങൾതന്നെ. അതിനെന്തു കാരണം? സൂ ര്യന്റെ സ്ഥാനത്തിലുള്ള വ്യത്യാസംതന്നെ. മേടസംക്ര മത്തെ നാം വിഷുവെന്നു പറയുന്നു. ആ ദിവസത്തെ നാം കൊണ്ടാടുകയും ചെയ്യുന്നു. അന്നു സൂര്യൻ നമ്മുടെ തലയ്ക്കുനേരെ ഉദിക്കുന്നതുകൊണ്ടാണ് ആ ദിവസം നാം കൊണ്ടാടുന്നത്. ഒന്നിനുള്ളതെ ഉത്തരായനദക്ഷിണായ നങ്ങളുടെ സാരമെന്ത്? ഉത്തരായനകാലത്തു സൂര്യൻ

തെക്കുനിന്നു വടക്കോട്ടു ചരിക്കുന്നുവെന്നും, ദക്ഷിണായനകാലത്തു സൂര്യൻ വടക്കുനിന്നു തെക്കോട്ടു ചരിക്കുന്നുവെന്നുമത്രേ. മകരസംക്രമമാണു് ഉത്തരായനാരംഭകാലം. ഉത്തരായനമദ്ധ്യത്തിലാണു വിഷു. പിന്നെ സൂര്യൻ മൂന്നുമാസംകൊണ്ടു കാൻസ്സറിലെത്തുന്നു. തദനന്തരം ദക്ഷിണായനമായി. ദക്ഷിണായനാരംഭമാണു് കർക്കിടകസംക്രമം. തുലാസംക്രമത്തിന്നാലും സൂര്യൻ മദ്ധ്യരേഖയിന്മേലെത്തുന്നു പക്ഷേ, പിന്നെ സൂര്യന്റെ ഗതി തെക്കോട്ടാണു്. നമ്മുടെ രാജ്യം മദ്ധ്യരേഖയുടെ വടക്കുഭാഗത്താണല്ലൊ. അതുകൊണ്ടു ദക്ഷിണായനകാലത്തു സൂര്യൻ നമ്മുടെ തലയ്ക്കുനേരെ വരുന്നില്ല.

നമ്മുടെ ഭാഗത്തു് എന്നാണു വേനല്ക്കാലം? അങ്ങിനെ വരുവാൻ കാരണമെന്തു്? അപ്രകാരംതന്നെ മഴക്കാലവും മഞ്ഞുകാലവും ഇന്നു വരുന്ന സമയത്തു വരുവാൻ കാരണമെന്തു്? ഇവയ്ക്കു കാരണം സൂര്യന്റെ ഗതിഭേദങ്ങളാണെന്നു സിദ്ധമായല്ലൊ.

ഭൂമദ്ധ്യരേഖയിന്മേലും അതിനാട്ടത്തെ പ്രദേശങ്ങളിലുമാണു സൂര്യൻ അധികകാലം ഉദിക്കുന്നതെന്നും, സൂര്യരശ്മികൾ അവിടെയാണു കുത്തനെ പതിക്കുന്നതെന്നും നാം മനസ്സിലാക്കണം. കുത്തനെ പതിക്കുന്ന രശ്മികളിൽനിന്നു വക്രമായി പതിക്കുന്ന രശ്മികളിൽനിന്നു ലഭിക്കുന്നതിനേക്കാളധികം ഉഷ്ണം ലഭിക്കുന്നു. അതുകൊണ്ടു മദ്ധ്യരേഖപ്രദേശം ഇതരപ്രദേശങ്ങളേക്കാൾ ഉഷ്ണമേറിയതാണു്. മദ്ധ്യരേഖപ്രദേശത്തെ ഉഷ്ണമേഖലയെന്നു പറയുന്നു. അതിന്റെ വടക്കെ അതിരു കാൻസറും തെക്കെ

അതിരു കാപ്രിക്കോണുമാകുന്നു. കാൻസറിന്നു വടക്കുഭാഗം ആർട്ടിക്ക് സക്കിൾവരെയുള്ള ഭാഗം ഉത്തരശീതോഷ്ണമേഖലയും അതിന്നപ്പുറമുള്ള പ്രദേശം ഉത്തരശീതമേഖലയുമാകുന്നു. കാപ്രിക്കോണിന്നു തെക്കു് അൻടാർട്ടിക്ക് സക്കിൾവരെയുള്ള പ്രദേശം ദക്ഷിണശീതോഷ്ണമേഖലയും അതിന്നപ്പുറമുള്ള സ്ഥലം ദക്ഷിണശീതമേഖലയുമാണു്.

അദ്ധ്യായം 2.

സൌരയൂഥം—വലിയ ഗ്രഹങ്ങൾ.

ഭൂമി ആകാശസ്ഥിതമായ ഒരു ഗോളമാകുന്നു. അതായതു്, സീമയില്ലാത്ത ഒരു സ്ഥലസമുദ്രത്തിൽ അതിനും ഒരു സ്ഥാനമുണ്ടെന്നർത്ഥം. ഈ സമുദ്രം ജലസമുദ്രമല്ല; സ്ഥലസമുദ്രമാണു്. ഈ സ്ഥലസമുദ്രത്തിൽ നാം കാണുന്ന ഭാഗത്തെ നാം ആകാശമെന്നു വിളിക്കുന്നു. ആകാശത്തിൽ ഏറ്റവും പ്രകാശമാനമായി കാണുന്ന ഗോളം സൂര്യനാണു്; സൂര്യൻ ഒരു നക്ഷത്രവുമാണു്. നമ്മുടെ ഭൂമിയും മറ്റേഴു ഗോളങ്ങളുംകൂടിയാൽ സൌരയൂഥമെന്നു പറയുന്നു. സൌരയൂഥം ആകാശത്തിൽ നന്നു കുറച്ചു സ്ഥലത്തിനു മാത്രമാണു് അവകാശിയായിത്തീർന്നിട്ടുള്ളതു്. അനവധി നക്ഷത്രങ്ങൾ വേറെയുമുണ്ടു്. മറ്റു ഗ്രഹങ്ങളെപ്പോലെ ഭൂമിയും ഒരു ഗോളമാകുന്നു. ഇതിനു് അനവധി തെളിവുകളുണ്ടു്. ചിലവ നോക്കുക.

ഒരു തുറമുഖത്തേക്കു് അടുക്കുന്ന ഒരു കപ്പലിനെ നാം നോക്കിക്കൊണ്ടിരിക്കയാണെന്നു് വിചാരിക്കുക. നാം

ആതിന്റെ പാരമാണ് പ്രഥമമായിക്കാണുന്നത്. തദനന്തരം കുഴലും തദനന്തരം കപ്പലിന്റെ ഉടലും നമുക്കു ദൃശ്യമാകുന്നു. അപ്രകാരംതന്നെ ദൂരമുഖത്തുനിന്നു പുറത്തേയ്ക്കു പോകുന്ന ഒരു കപ്പലിന്റെ ഉടലാണ് ആദ്യമായിത്തന്നെ അദൃശ്യമാകുന്നതും. ഭൂമി പരന്നതായിരുന്നുവെങ്കിൽ, കപ്പലിന്റെ ഒരു ഭാഗം മറ്റൊരുഭാഗത്തേക്കാളധികം വേഗം അദൃശ്യമാകാൻ കാരണമില്ല.

സമുദ്രതീരത്തു നില്ക്കുന്ന ഒരാൾക്കു നന്നു കുറച്ചുദൂരം മാത്രമേ കാണ്മാൻ സാധിക്കുന്നുള്ളു. കുന്നിന്റെ മുകളിൽ കയറിയാൽ അയാൾക്ക് അധികം ദൂരം കാണ്മാൻ സാധിക്കുന്നു. ഭൂമിയുടെ വളവാണ് ആയാളുടെ ദൃഷ്ടിയെ തടഞ്ഞതു്.

കിഴക്കുഭാഗത്തുള്ള പ്രദേശങ്ങളിൽ സൂര്യൻ പടിഞ്ഞാറുഭാഗത്തുള്ള പ്രദേശങ്ങളിൽ ഉദിക്കുന്നതിനേക്കാൾ മുമ്പ് ഉദിക്കുന്നു. ഭൂമി പരന്നതായിരുന്നുവെങ്കിൽ, സൂര്യഗോളം എവിടേയും ഒരേസമയത്ത് ദൃശ്യമാകേണ്ടതാണു്.

ചന്ദ്രനു പ്രകാശം സിദ്ധിക്കുന്നതു സൂര്യപ്രകാശം തട്ടീട്ടാണല്ലൊ. ചില സമയത്ത് ഭൂമി സൂര്യനും ചന്ദ്രനും മദ്ധ്യേ വരുന്നു. അപ്പോൾ ഭൂമിയുടെ നിഴൽ ചന്ദ്രഗോളത്തിന്മേൽ പതിക്കുന്നു. ആ നിഴൽ വൃത്താകാരത്തിലാണ്. വൃത്താകാരമായ ഒരു സാധനത്തിന്റെ നിഴൽ മാത്രമേ വൃത്താകാരത്തിലിരിക്കൂ.

ഭൂമിയുടെ ചുറ്റും സഞ്ചരിപ്പാൻ വളരെ എളുപ്പമാണ്. നാം കല്ക്കത്തയിൽനിന്നു പുറപ്പെട്ട കപ്പൽമാർഗ്ഗമായി സൂവസ്സ് കനാൽകടന്നു മദ്ധ്യധരണ്യാഴിയിൽ പ്രവേശി

ച്ച് അറേബ്യാന്തികസമുദ്രത്തിലേക്കു കടക്കുക. അവിടെ നിന്ന് പനാമകനാൽവഴി പസിഫിക്കു സമുദ്രത്തിലേക്കു പ്രവേശിക്കുക. തദനന്തരം കല്ക്കത്തയിലേക്കുതന്നെ മടങ്ങുക. ഭൂമി പരന്നതായിരുന്നാൽ കാണുമായിരുന്ന തരത്തിലുള്ള യാതൊരു വക്രം (കരയുടെ) നാം കാണുന്നില്ല.

മറ്റുള്ള സകല ആകാശസ്ഥിതങ്ങളായ ഗ്രഹങ്ങളും വൃത്താകാരമുള്ളവയാണ്. അതുകൊണ്ടു ഭൂമിയും അങ്ങിനെതന്നെയാകണം.

ഭൂമിയും വേറെ എട്ടു ഗ്രഹങ്ങളും സൂര്യനെ ചുറ്റിത്തിരിയുന്നു. അതുകൊണ്ടാണ് അവയ്ക്കെല്ലാംകൂടി സൌരയൂഥം എന്നു പറയുന്നതു്. ഗ്രഹങ്ങളിൽ ഏറ്റവും വലിയതാണ് വ്യാഴൻ. അതിന്റെ മദ്ധ്യരേഖയിലുള്ള വ്യാസത്തിന്നു സുമാർ 86,000 മൈൽ ആണ്. ഭൂമിക്കു 7926 മൈൽ മാത്രമേ ഉള്ളു. ബുധൻ ആണ് ഗ്രഹങ്ങളിൽ ഏറ്റവും ചെറിയതു്. അതിന്റെ മദ്ധ്യവ്യാസം ഏകദേശം 3000 നാഴികയേ ഉള്ളു.

സൂര്യന്റെ ഏറ്റവും അടുത്ത ഗ്രഹം ബുധൻ ആണ്. പിന്നത്തേതു ശുക്രൻ. പിന്നെ അടുത്തതു ഭൂമി. ചൊവ്വ ആണ് പിന്നത്തേതു്. പിന്നെ വ്യാഴൻ, പിന്നെ ശനി, പിന്നെ യുറാനസ്; സൂര്യനിൽനിന്നു് ഏറ്റവും ദൂരെ നെപ്ട്യൂൺ ആണ്. എന്നു വിചാരിച്ചു പോന്നിരുന്നു. എന്നാൽ 1930-ൽ പ്ലൂട്ടോ എന്ന ഒരു ഗ്രഹംകൂടി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. ഇതാണ് സൂര്യനിൽനിന്നു് ഏറ്റവും അകലെയുള്ള ഗ്രഹം. ഈ ഗ്രഹത്തിൽനിന്നു സൂര്യനിലേയ്ക്കു മണിക്കൂറിൽ 60 മയിൽ വേഗത്തിൽ കാട്ട

ന്നാ ഒരു തീവണ്ടി ക്രിസ്താബ്ദം ഒന്നാംകൊല്ലം പുറപ്പെട്ടു നില്ക്കാതെ രാപകൽ ഓടിക്കൊണ്ടിരിക്കുന്നു എന്നു വിചാരിക്കുക: എന്നാൽ ആ വണ്ടി ഇപ്പോഴും പകുതിവഴി എത്തിക്കഴിഞ്ഞിട്ടുണ്ടാവില്ല. ഇതിൽനിന്നു സൂര്യനിൽനിന്നു നെപ്ട്യൂണിലേയ്ക്കു ദൂരമെത്രയുണ്ടെന്നു് അനുമാനിക്കാമല്ലൊ.

അദ്ധ്യായം 3.

ഭൂമിയുടെ നില—ഗ്രഹണങ്ങൾ. കറുത്തവാവു്—വെളുത്തവാവു്.

ചന്ദ്രനും ആകാശസ്ഥിതമായ ഒരു ഗോളമാകുന്നു. അതിനു ഭൂമിയുടെ അമ്പതിലൊരു ഭാഗമേ വലിപ്പമുള്ളു. ഭൂമിയിൽനിന്നു ചന്ദ്രനിലേക്കു 2,40,000 നാഴികയാണു ദൂരം. സൂര്യന്റെ പ്രകാശം പ്രതിഫലിച്ചാണു ചന്ദ്രൻ പ്രകാശിക്കുന്നതു്.

ചന്ദ്രൻ ഒരു ഉപഗ്രഹമാകുന്നു. അതു ഭൂമിയെ ചുറ്റുന്നു. ഭൂമിയെ ഒരിയ്ക്കൽ ചുറ്റാൻ ചന്ദ്രനു 27 ദിവസവും 8 മണിക്കൂറും മതി; എന്നാൽ, ചന്ദ്രൻ ഭൂമിയെ ചുറ്റുന്നസമയത്തു ഭൂമി തിരിയുന്നതിനാൽ, ഒരു സ്ഥാനത്തുനിന്നു പുറപ്പെട്ടു ചന്ദ്രനു വീണ്ടും അവിടെ എത്തുവാൻ $29\frac{1}{2}$ ദിവസം വേണ്ടിവരുന്നു. ഈ സമയത്തെയാണു നാം ഒരു ചന്ദ്രമാസകാലമെന്നു പറയുന്നതു്.

ചന്ദ്രനിൽ കാണുന്ന കളങ്കം മലകളാണെന്നാണു ഭൂമിശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ആ മലകൾ ഒരു

ചന്ദ്രഗ്രഹണം

സൂര്യഗ്രഹണം

കാലത്തു് അഗ്നിപർവ്വതങ്ങളായിരുന്നു. ചന്ദ്രനിൽ വെള്ളമില്ല; വായുവുമില്ല. അവിടെ സസ്യമൃഗാദികളില്ല; ശബ്ദവുമില്ല.

ആകാശത്തിൽ ചന്ദ്രന്റെ സ്ഥാനത്തിനു മാറ്റം സംഭവിക്കുന്നതുപോലെ ആകൃതിക്കും മാറ്റം സംഭവിക്കുന്നു. ചന്ദ്രനു സ്വയമായ പ്രകാശമില്ലെന്നു പറഞ്ഞുവല്ലൊ. സൂര്യന്റെ വെളിച്ചം പ്രതിഫലിച്ചാണു ചന്ദ്രൻ പ്രകാശിക്കുന്നതു്. സൂര്യന്റെ പ്രകാശം ചന്ദ്രന്റെ ഒരു ഭാഗത്തുതന്നെ. വെളുത്തവാവുനാൾ മാത്രമെ ആ ഭാഗം നമ്മുടെ നേരെ വരികയുള്ളൂ. സൂര്യനേയും ഭൂമിയേയും ഘടിപ്പിക്കുന്ന രേഖയ്ക്കു ചന്ദ്രൻ അധികമധികം അടുത്തു വരുന്തോറും നാം ചന്ദ്രന്റെ പ്രകാശമാനമായ ഭാഗം കുറച്ചുകുറച്ചു കാണുന്നു. സൂര്യൻ അസ്തമിക്കുന്ന സമയത്തായിരിക്കും പൂർണ്ണചന്ദ്രന്റെ ഉദയം. പൂർണ്ണചന്ദ്രൻ അസ്തമിക്കുമ്പോൾ സൂര്യൻ ഉദിക്കുന്നതാണു്. പൂർണ്ണചന്ദ്രൻ ആകാശത്തിന്റെ മദ്ധ്യത്തിൽ നില്ക്കുമ്പോൾ സൂര്യൻ ഭൂമിയുടെ മറുഭാഗത്തു് ആകാശത്തിന്റെ മദ്ധ്യത്തിലായിരിക്കും.

വെളുത്തവാവിനു ശേഷം ഒരാഴ്ച കഴിഞ്ഞു ചന്ദ്രനെ നോക്കുക. അന്നു ചന്ദ്രഗോളത്തിന്റെ പകുതി മാത്രമേ നാം കാണുന്നുള്ളൂ. പിന്നെ ചന്ദ്രൻ ക്രമേണ കുറഞ്ഞുകുറഞ്ഞു വരുന്നു. തുടർന്നു ചന്ദ്രനെ അശേഷം തന്നെ കാണാതാകുന്നു. അന്നു ചന്ദ്രന്റെ പ്രകാശമാനമായ ഭാഗമാസകലം നമ്മിൽനിന്നു മറഞ്ഞിരിക്കുന്നു. അന്നു കറുത്തവാവാണു്. ചന്ദ്രൻ സൂര്യനും ഭൂമിയ്ക്കും മദ്ധ്യേ നില്ക്കു

മ്പോൾ കറുത്തവാവാകുന്നു. സൂര്യന്റെ വെളിച്ചം പ്രതിഫലിക്കുന്ന ഭാഗം അന്നു നമ്മിൽനിന്നു മറഞ്ഞിരിക്കുന്നു. പിന്നെ നാം ചന്ദ്രന്റെ ഭാഗങ്ങളെ കുറേശ്ശയായി കണ്ടുതുടങ്ങി; ഒടുവിൽ പൂർണ്ണചന്ദ്രനെ കാണുന്നു. അന്നു വെളുത്തവാവും ആണ്.

ഭൂമി ക്ലിപ്തമായ അകലത്തിൽനിന്നും ഏകദേശം വൃത്താകൃതിയിൽ സൂര്യനെ ചുറ്റിക്കൊണ്ടിരിക്കുന്നു എന്നും നാം കണ്ടുവല്ലൊ. ഭൂമി ചന്ദ്രന്മാർ ഇങ്ങിനെ ചുറ്റുമ്പോൾ ചിലപ്പോൾ ചന്ദ്രനും, ചിലപ്പോൾ സൂര്യനും, ഒരു നിഴൽകൊണ്ടു മറയ്ക്കപ്പെടുന്നു. ഈ സംഭവത്തിനു ഗ്രഹണമെന്നു പേരു പറഞ്ഞു വരുന്നു. ചന്ദ്രൻ മറയ്ക്കപ്പെടുമ്പോൾ അതു ചന്ദ്രഗ്രഹണമെന്നും സൂര്യൻ മറയ്ക്കപ്പെടുമ്പോൾ സൂര്യഗ്രഹണമെന്നും പേർ പറയുന്നു.

ചന്ദ്രൻ ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കുമ്പോൾ ചിലപ്പോൾ സൂര്യന്റെ നേരെ വരുന്നു. ഇതു ഭൂമിയുടെ ചലനപഥത്തിന്റെ അകത്തോ പുറത്തോ ആയിവരാം. ഈ പഥത്തിന്റെ അകത്തു ചന്ദ്രൻ വരുമ്പോൾ സൂര്യപ്രകാശം തട്ടുന്നതു ചന്ദ്രന്റെ നേരെയാകയാൽ വെളിച്ചമില്ലാത്ത ചന്ദ്രന്റെ ഭാഗമാണു നമ്മുടെ നേരെയിരിക്കുന്നതു്. അതുകൊണ്ടു് അന്നു നാം ചന്ദ്രനെ കാണുന്നില്ല. കറുത്തവാവു ദിവസം ചിലപ്പോൾ ചന്ദ്രൻ ഭൂമിക്കും സൂര്യനും നേരെ നടുക്കു് ഒരു വിതാനത്തിൽവരും. അങ്ങിനെ വരുമ്പോൾ സൂര്യബിംബം ചന്ദ്രനാൽ മറയ്ക്കപ്പെടുന്നതാണല്ലൊ. ഇതാണു സൂര്യഗ്രഹണം. വെളുത്തവാവു ദിവ

സം ചിലപ്പോൾ ഭൂമി ചന്ദ്രനും സൂര്യനും മദ്ധ്യേ ഒരേ വിതാനത്തിൽ വരുമ്പോൾ ഭൂമിയാൽ ചന്ദ്രഗോളം മറയ്ക്കപ്പെടുന്നു. ഇതിനാണു ചന്ദ്രഗ്രഹണമെന്നു പേർ.

അദ്ധ്യായം 4.

അർദ്ധഗോളങ്ങൾ.

ഭൂഖണ്ഡങ്ങളും സമുദ്രങ്ങളും.

വെള്ളവും കരയും.

ഭൂമിയിൽ ഏകദേശം മുക്കാലംശം വെള്ളവും ശേഷം കരയുമാണ്. ഭൂമിയെ രണ്ടർദ്ധഗോളങ്ങളായി തിരിച്ചിട്ടുണ്ട്. ഒന്നു കിഴക്കേ അർദ്ധഗോളവും മറെറാന്നു പടിഞ്ഞാറെ അർദ്ധഗോളവുമാണ്.

കരവിഭാഗങ്ങളെ ഭൂഖണ്ഡങ്ങൾ അഥവാ വൻകരകൾ എന്നു വിളിച്ചുവരുന്നു. വടക്കെ അമേരിക്ക, തെക്കെ അമേരിക്ക, ആസ്ത്രേലിയ, ആഫ്രിക്ക, യൂറോപ്പ്, ഏഷ്യ—ഇവയാണു വൻകരകൾ. ഇവയിൽ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, ആസ്ത്രേലിയാ എന്നീ വൻകരകൾ കിഴക്കെ അർദ്ധഗോളത്തിലും വടക്കെ അമേരിക്ക, തെക്കെ അമേരിക്ക എന്നീ വൻകരകൾ പടിഞ്ഞാറെ അർദ്ധഗോളത്തിലുമാണ്.

കിഴക്കെ അർദ്ധഗോളത്തിൽ ഉൾപ്പെട്ട വൻകരകൾ മനുഷ്യദൃഷ്ടിയിൽ പെട്ടിട്ടു കുറെക്കാലമായതുകൊണ്ട് അവയെല്ലാം കൂടി പഴയലോകം എന്നു വിളിച്ചുവരുന്നു.

തെക്കെ അമേരിക്കയും വടക്കെ അമേരിക്കയും പതിനഞ്ചാം ശതാബ്ദത്തിൽ മാത്രമെ പരിഷ്കൃതമനുഷ്യരുടെ ദൃഷ്ടിയിൽ പെട്ടുള്ളു. ആയതിനാൽ അവക്കു പുതിയ ലോകം എന്നു പറഞ്ഞുവരുന്നു.

ഏഷ്യാ വൻകരയാണു് ഏറ്റവും വലിയതു്. ആസ്ത്രേലിയാ ഏറ്റവും ചെറിയതുമാണു്.

വലിയ ജലാംശങ്ങൾക്കു സമുദ്രമെന്നു പേർ അവ ആറെണ്ണമാണു്. പാസഫിക്കു സമുദ്രം, അത്ലാന്റിക്കു സമുദ്രം, ഹിന്ദുസമുദ്രം, ആർട്ടിക്കുസമുദ്രം, അൻറാർട്ടിക്കുസമുദ്രം എന്നിവയാണു്. ഏഷ്യക്കും അമേരിക്കക്കും മദ്ധ്യേ കിടക്കുന്ന സമുദ്രമാണു പാസഫിക്കുസമുദ്രം. ഇതാണു് ഏറ്റവും വലിയതു്. അമേരിക്കക്കും, യൂറോപ്പു് ആഫ്രിക്ക എന്നീ വൻകരകൾക്കും മദ്ധ്യേ കിടക്കുന്ന സമുദ്രമാണു് അത്ലാന്റിക്കു്. ഒക്ഷിണേന്ത്യ, പൂർവ്വാഫ്രിക്ക, ആസ്ത്രേലിയ എന്നിവക്കു മദ്ധ്യേ കിടക്കുന്ന സമുദ്രം ഹിന്ദുസമുദ്രം. ഉത്തരധ്രുവപ്രദേശത്തുള്ള സമുദ്രമാണു് ആർട്ടിക്കുസമുദ്രം. ഒക്ഷിണധ്രുവപ്രദേശത്തുള്ള സമുദ്രമാണു് അൻറാർട്ടിക്കുസമുദ്രം.

അദ്ധ്യായം 5.

ഇന്ത്യാ.

കിടപ്പും അതിരുകളും.

ഇന്ത്യാരാജ്യത്തിലാസകലവും മദ്ധ്യരേഖയുടെ വടഭാഗത്താണു് കിടക്കുന്നതു്. തെക്കെ അറ്റമായ കന്യാകുമാരിമുനമ്പു് 8 ഡിഗ്രി വടക്കെ അക്ഷരേഖയിന്മേലാ

ണ്ട്. ട്രോപ്പിക്ക് ഓഫ് കാൻസർ ഇന്ത്യയെ ഏതാണ്ട് രണ്ട് സമവിഭാഗങ്ങളാക്കി തിരിയ്ക്കുന്നുണ്ടെന്നു പറയാം. ഇന്ത്യയുടെ വടക്കേ അറ്റം 37 ഡിഗ്രി വടക്കേ അക്ഷരേഖയിന്മേലാണ് സ്ഥിതിചെയ്യുന്നത്. ഇന്ത്യയുടെ പകുതിഭാഗം വാസ്തവത്തിൽ ശീതോഷ്ണമേഖലയിലാണെങ്കിലും, ഇന്ത്യയെ ഒരു ഉഷ്ണരാജ്യമായാണ് നാം കരുതിവരുന്നത്. അങ്ങിനെ ചെയ്യുന്നതിൽ അബദ്ധമില്ല. എന്തെന്നാൽ ഇന്ത്യയിൽ സാമാന്യം എല്ലായിടത്തും കാലാവസ്ഥ ഒന്നുപോലെതന്നെ ഇരിക്കുന്നു. 61 ഡിഗ്രി കിഴക്കൻ അക്ഷാംശരേഖ മുതൽ 101 ഡിഗ്രി കിഴക്കൻ അക്ഷാംശരേഖവരെ ഈ സാമ്രാജ്യം വ്യാപിച്ചുകിടക്കുന്നു. പടിഞ്ഞാറുനിന്ന് കിഴക്കോട്ട് സാമ്രാജ്യത്തിനു 2,500നാഴിക നീളവും വടക്കുനിന്ന് തെക്കോട്ട് 2,000 നാഴിക വീതിയുമുണ്ട്. വിസ്താരം 18,00,000 ചതുരശ്രനാഴിക യാകുന്നു. മദ്രാസ് സംസ്ഥാനത്തിന്റെ വിസ്താരം 1,41,726 ചതുരശ്രനാഴികയാണ്. അപ്പോൾ ഇന്ത്യരാജ്യം മദ്രാസിന്റെ 13 ഇരട്ടി വലുതാണെന്നു പറയാം.

വടക്കുഭാഗത്ത് തിബറ്റു, റഷ്യൻ തുർക്കിസ്ഥാൻ എന്നീ രാജ്യങ്ങളും, പടിഞ്ഞാറുഭാഗത്തു പേഷ്യ, അഫ്ഗാനിസ്ഥാൻ എന്നിവയും, കിഴക്കുഭാഗത്ത് ബൈനു, ഫ്രഞ്ച് ഇന്തോ-ചൈന, സയാം എന്നീ രാജ്യങ്ങളും കിടക്കുന്നു. തെക്കുഭാഗത്തു സമുദ്രവുമുണ്ടല്ലൊ.

ഈ സാമ്രാജ്യത്തിന്റെ സമുദ്രതീരത്തിനു ആകെ 5,000 നാഴിക നീളമുണ്ടെന്നു പറയാം.

പശ്ചിമതീരം കന്യാകുമാരിമുനമ്പുമുതൽ കാംബേ

വരെ നീണ്ടുകിടക്കുന്നു. തെക്കേ അറ്റത്തിന് മലബാർ തീരമെന്നു പറയുന്നു. അവിടെ പറയത്തക്ക തുറകളൊന്നുമില്ല, ബോംബെ നഗരത്തിൽ സാമാന്യം നല്ലതായ ഒരു നൌകാശയമുണ്ട്. കൊച്ചി ഇപ്പോൾ നല്ലൊരു തുറമുഖമായിത്തീർന്നിരിക്കുന്നു. അനന്തരകാലങ്ങളിൽ ഇതു് ഇന്ത്യയിലെ പ്രധാനതുറമുഖങ്ങളിൽ ഒന്നാകാൻ ഇടയുള്ളതത്രെ. കാംബേ ഉൾക്കടലിന്റെ വടക്കുഭാഗത്തായി കത്തിയവാർ എന്ന അർദ്ധദ്വീപു് പടിഞ്ഞാട്ടു് തള്ളിക്കിടക്കുന്നു. കച്ചു് ഉൾക്കടലിന്റെ തെക്കെ അതിരാണിതു്. കച്ചിൽനിന്നു് തീരം വടക്കുപടിഞ്ഞാട്ടു് നീണ്ടുകിടക്കുന്നു. അവിടെ സിന്ധുനദിയുടെ മുഖം കാണാം അതിന്നപ്പുറത്താണ് കറാച്ചി. ഈ തീരം പേഷ്യയുടെ അതിരിലുള്ള ഗ്വിദർ കടൽവരെ നീണ്ടുകിടക്കുന്നു.

പൂവ്വതീരം ഗംഗാമുഖം മുതൽ കലിമിയർവരെ നീണ്ടുകിടക്കുന്നു. ഗംഗാമുഖത്തുള്ള തീരത്തിനു് സണ്ടർബൻസു് എന്നു പേർ. അവിടെ തീരത്തിന്റെ ചായ്വു് പടിഞ്ഞാട്ടാണ്. ഈ ചായ്വു് ഹുഗ്ലിവരെ നില്ക്കുന്നു. അവിടെ നിന്നു് തീരം കൃഷ്ണാനദിയുടെ മുഖംവരെ തെക്കുപടിഞ്ഞാട്ട ചായുന്നു. പിന്നെയുള്ള കരനാടകതീരത്തിനു നേരെ തെക്കോട്ടുതന്നെയാണ് ചായ്വു്.

കിഴക്കേതീരത്തും പറയത്തക്ക തുറകളോ തുറമുഖങ്ങളോ ഇല്ല. ഒറീസ്സയിലെ ഫോൾസുമുനമ്പു്, പാൽമിറാസുമുനമ്പു് എന്നിവയാണ് സമുദ്രത്തിലേക്കു് തള്ളിക്കിടക്കുന്ന പ്രധാനഭാഗങ്ങൾ.

തെക്കേ അറ്റത്തുള്ള പാൾക്കുകടലിടുക്കു് സിലോ

ന്നിനെ ഇന്ത്യയിൽനിന്ന് വേർതിരിക്കുന്നു. ഈ കടലിടുക്കിലേക്കുള്ള പ്രവേശനദ്വാരത്തിലാണ് ആഡംസ് ബ്രിഡ്ജ് എന്ന പവിഴപ്പുറ്റുകൾ. മന്നാർ ഉൾക്കടൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്നു.

സിലോൺ, ആൻഡമൻസ്, നിക്കോബാഴ്സ്, ലക്ഷദ്വീപുകൾ, മാലദ്വീപുകൾ എന്നിവയാണ് പ്രധാനദ്വീപുകൾ.

അദ്ധ്യായം 6.

പ്രകൃതിവിഭാഗങ്ങൾ—മലകൾ.

മദ്ധ്യേഷ്യയിൽനിന്നും ഇന്ത്യയെ വേർതിരിക്കുന്ന ഹിമാലയമാണ് ലോകത്തിലെ ഏറ്റവും വലിയ മലകൾ. ഈ മലകൾ മൂന്നോ നാലോ നിരകളായാണ് കിടക്കുന്നത്. സിന്ധു മുതൽ ബ്രഹ്മപുത്രവരെ വ്യാപിച്ചുകിടക്കുന്ന ഈ മലനിരയ്ക്ക് ഏതാണ്ട് 1,500 നാഴിക നീളമുണ്ട്. ഈ മലനിരയുടെ ശരാശരി ഉയരം മൂന്നുനാഴികയാകുന്നു. വീതിയേറിയ സ്ഥലത്തു 220 നാഴിക വീതിയുള്ളതായും കാണുന്നു. ഈ മലകളിലുള്ള അനവധി കൊടുമുടികൾക്കു 20,000 അടിയിൽ അധികം ഉയരം കാണുന്നുണ്ട്. അവയിൽ പ്രധാനമായവ പടിഞ്ഞാറുനിന്നു കിഴക്കോട്ടു നംഗപർവ്വതം, നന്ദദേവി, ധവളഗിരി, ഗൊസേൻതൻ, മൌണ്ട് എവറസ്റ്റ്, കഞ്ചൻജംഗ (കാഞ്ചനശൃംഗം), ചൂമലാരി എന്നിവയാകുന്നു. മൌണ്ട് എവറസ്റ്റിനു ചിലർ ഗൌരീശങ്കരം എന്ന പേർ കൊടുത്തുകാണുന്നുണ്ട്.

മറ്റുചിലർ അതു ശരിയല്ലെന്നു വാദിക്കുന്നതുമുണ്ട്. ഏതായാലും അതാണ് ഏറ്റവും വലിയ കൊടുമുടി. അതിനു 29,000 അടി ഉയരമുണ്ട്.

കാശ്മീരത്തിന്റെ വടക്കേ അതിരായി കാരക്കോറം, ഹിന്ദുക്കുഷ് എന്നീ മലകൾ കിടക്കുന്നു. മുൻപറഞ്ഞ പാമീർപീഠഭൂമിയിൽനിന്നാണ് രണ്ടിന്റേയും പുറപ്പാട്. കാരക്കോറം തെക്കുകിഴക്കു ഭാഗത്തേയ്ക്കും, ഹിന്ദുക്കുഷ് തെക്കു പടിഞ്ഞാറു ഭാഗത്തേക്കും നീണ്ടുകിടക്കുന്നു. കാരക്കോറം മലകളിലുള്ള ഗൊഡ്വിൻ ആസ്റ്റനാണ് ലോകത്തിലേക്കുവെച്ച് ഉയരമേറിയ കൊടുമുടികളിൽ രണ്ടാമത്തേത്.

സുലേമാൻ മലകൾ സിന്ധുവിന്റെ പടിഞ്ഞാറുഭാഗത്തു് അതിനു സമാനരേഖയായി കിടക്കുന്നു.

അരാവല്ലി മലകൾ രജപുത്രസ്ഥാനത്തിൽ കിടക്കുന്നു. അവ അജ്മീരത്തിൽനിന്നു പുറപ്പെട്ട് ആബു മലവരെ നീണ്ടുകിടക്കുന്നു. മൌണ്ട് ആബുവിനു 5,650 അടി ഉയരമുണ്ട്

മദ്ധ്യേന്ത്യയിൽ കിടക്കുന്ന വിൻഡ്യൻ മലകൾക്കു 600 നാഴിക നീളമുണ്ട്. ഏറ്റവും ഉയർന്ന ഭാഗത്തിനു 2,400 അടി പൊക്കമുണ്ട്.

ശതപുരമലകൾ നർമ്മദയ്ക്കും തപതിയ്ക്കും മദ്ധ്യേകിടക്കുന്നു. മദ്ധ്യസംസ്ഥാനത്തിലുള്ള പച്ചമാരിമലയ്ക്കു 2,500 അടി പൊക്കം കാണും.

ക്ഷിണോന്നത തടത്തിന്റെ പടിഞ്ഞാറെ അതിരാണ് പശ്ചിമഘട്ടം. ശരാശരി 4,000 അടിയാണ് ഉയ

രം. സമുദ്രത്തിൽനിന്നു 30 മുതൽ 40 നാഴിക വരെ ഉള്ളിലേക്കു തള്ളിക്കിടക്കുന്നു.

മൈസൂർ ഉന്നതതടത്തിന്റെ തെക്കെ അറ്റമാണ് നീലഗിരി മലകൾ. അവിടെ പശ്ചിമഘട്ടവും പൂർവ്വഘട്ടവും കൂട്ടിമുട്ടുന്നു. ഏറ്റവും ഉയർന്ന കൊടുമുടിയായ ഡോഡബറായ്ക്ക് 8,800 അടി പൊക്കമുണ്ട്.

ദക്ഷിണോന്നതതടത്തിന്റെ കിഴക്കെ അതിരായ പൂർവ്വഘട്ടത്തിനു പശ്ചിമഘട്ടത്തോളം പൊക്കമില്ല. പൂർവ്വഘട്ടം തുടർച്ചയായി കിടക്കുന്ന ഒരു മലനിരയുമല്ല. മദ്രാസ്പട്ടണത്തിന്റെ തെക്കുപടിഞ്ഞാറുഭാഗത്തുനിന്ന് ഒരു നില നീലഗിരിയ്ക്കു ചാഞ്ഞുപോകുന്നുണ്ട്.

നീലഗിരിക്കു തെക്കുഭാഗത്തായി ആനമല കിടക്കുന്നു. നീലഗിരിയ്ക്കും ആനമലയ്ക്കും മദ്ധ്യേയുള്ള വിടവിനു പാലക്കാട്ടുചുരമെന്നു പേർ. ആനമലയിലെ ഏറ്റവും ഉയർന്ന കൊടുമുടിയാണ് ആനമുടി.

ഇന്ത്യയുടെ വടക്കുകിഴക്കെ അറ്റത്തെ സ്ഥിതിയിതൊന്നുമല്ല. ഹിമാലയത്തിൽനിന്നും ചിന്നിച്ചിതറിക്കിടക്കുന്ന അനവധി മലനിരകളാണ് അവിടെയുള്ളത്. ആസ്സാമിൽ നാഗ, കാശി, ഗാരോ എന്നീ മലകൾ കിടക്കുന്നു. അവയുടെ തുടർച്ചയാണ് പാതകൈമലകൾ. ഈ മലകൾ അപ്പർ ബർമ്മയെ ആസ്സാമിൽനിന്നു വേർതിരിക്കുന്നു. ചിറാപുഞ്ചി, അരക്കാൻ എന്നീ മലകൾ തെക്കോട്ടു നീണ്ടിക്കിടക്കുന്നു.

ഇന്ത്യയുടെ അത്യുത്തിയിലുള്ള മലയിലെ ചുരങ്ങൾ വളരെ പ്രസിദ്ധപ്പെട്ടവയാണ്. ഇവയിൽക്കൂടിയാണ്

ഇന്ത്യയെ ആക്രമിച്ച നാനാജാതിക്കാരും പ്രവേശിച്ചിട്ടുള്ളതു്. വടക്കുപടിഞ്ഞാറുള്ള ചുരങ്ങളെപ്പറ്റിയാണ് നമുക്ക് അധികം അറിവു സിദ്ധമായിരിക്കുന്നതു്. കണ്ടഹാർ എന്ന നഗരത്തിലേക്കുള്ള വഴിയിൽ നില്ക്കുന്ന ബൊലാൻചുരവും, കാബൂലിലേക്കുള്ള കൈബർചുരവുമാണ് ഏറ്റവും പ്രസിദ്ധമായവ.

ഉത്തരമലകളിലെ ചുരങ്ങൾ 14,000 അടിയിൽ അധികം ഉയരത്തിലാണ് സ്ഥിതിചെയ്യുന്നതു്. കാശ്മീരത്തിൽനിന്നു ചൈനയിലെ തുക്കിസ്ഥാനത്തിലേക്കു പോകുന്ന കാരക്കോറം, സിക്കിമിൽനിന്നു തിബറ്റിലേക്കു പോകുന്ന ജെലാപ്പുലാ എന്നിവയാണ് പ്രധാനചുരങ്ങൾ.

വടക്കുകിഴക്കെ മൂലയിലുള്ള ചുരങ്ങൾ വളരെ പ്രധാനമായവയല്ല. മണിപുരംമാർഗ്ഗം, ഡുസുചുരങ്കം എന്നിവയാണ് ഏറ്റവും നല്ലവ.

സാധാരണയായി ഭൂതലത്തിൽനിന്ന് മേല്പോട്ടു പോകുന്തോറും തണുപ്പു കൂടിക്കൂടി വരുന്നതാണ്. മലകളുടെ മുകളിൽ മനുഷ്യജീവിതത്തിനു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിയാൽ വേനൽകാലത്തു സുഖവാസസ്ഥലങ്ങളായിത്തീർക്കാം. ഇന്ത്യയിൽ ഇങ്ങനെയുള്ള സുഖവാസസ്ഥലങ്ങളിൽ പ്രധാനമായവ, സിംല, ഡാർജീലിങ്ങ്, നീലഗിരി, കൊടൈകാനൽ എന്നിവയാണ്.

അദ്ധ്യായം 7.

നദികൾ.

ഹിമാലയത്തിന്റെ വടക്കുഭാഗത്തുനിന്നാണു സിന്ധുനദി ഉത്ഭവിക്കുന്നതു്. അതു കാശ്മീരത്തിൽക്കൂടി പടിഞ്ഞാട്ടൊഴുകി പെട്ടെന്നു തെക്കുപടിഞ്ഞാട്ടു തിരിയുന്നു. നദിക്കു 1,800 നാഴിക നീളം കാണും. സിന്ധുവിന്റെ പോഷകനദികളിൽ പ്രധാനമായവ പഞ്ചനദങ്ങൾ എന്നു പേർകേട്ട നദികൾതന്നെ. അവ ജെലം, ചിനാബ, റാവി, ബിയസ്സു, സറലജ് എന്നിവയാണു്. മറ്റൊരു പോഷകനദിയാണു കാബൂൾ. ഈ കാബൂൾനദി സിന്ധുവിൽ പ്രവഹിക്കുന്നതുവരെയുള്ള ദൂരത്തോളം നദീമുഖത്തുനിന്നു ഗതാഗതസൌകര്യമുണ്ടു്. നദിയുടെ മുഖത്തു് അതു് അനവധി കൈവഴികളായി തിരിയുന്നു. അവിടെ ഒരു മുക്കാൽനൂറുനാഴികയുണ്ടു്.

ഗംഗാനദിയുടെ ഉത്ഭവം ഗംഗോത്രി എന്ന സ്ഥലത്തുനിന്നാണു്. ഉത്ഭവസ്ഥാനത്തു് അതിനു ഭാഗീരഥി യെന്നാണു പേർ. ടെഹിരി എന്ന സ്ഥലത്തിനു സമീപംവെച്ചു് അലകനന്ദ ഭാഗീരഥിയോടുചേരുന്നു. യമുനയുമായുള്ള സമ്മേളനംവരെ നദിയുടെ ഗതി തെക്കുകിഴക്കോട്ടാണു്. പിന്നെ ഗോഗ്ര എന്ന നദിയും ഗംഗയിൽ ചേരുന്നു. അതുമുതൽ ഗംഗയുടെ ഗതി കിഴക്കോട്ടാണു്. രാജമഹാൽ കുന്നുകൾവരെ ഈ നദി കിഴക്കോട്ടുതന്നെ ഒഴുകുന്നു. രാജമഹാളിൽനിന്നു് ഗംഗയുടെ ശാഖകളുടെ

പുറപ്പാടായി. പ്രധാനനദി പദ്മ എന്ന പേരോടുകൂടി ഗോലന്ദവരെ ഒഴുകുന്നു. അവിടെ ബ്രഹ്മപുത്രാനദി ഗംഗയിലേക്ക് ഒഴുകിച്ചേരുന്നു. ഗംഗയുടെ മുഖത്ത് ഒരു മുക്കോൺതുരുത്തുണ്ട്. ആ മുക്കോൺതുരുത്ത് മൂന്നു നദികളുടെ തുരുത്താണ്. അവ ഗംഗ, ബ്രഹ്മപുത്രാ, സർമ എന്നിവതന്നെ. മുക്കോൺതുരുത്തിന്നു 50,000 ചതുരശ്രനാഴിക വിസ്താരമുണ്ട്. കാടും ചതുപ്പും ഇല്ലാത്ത സ്ഥലങ്ങളിൽ നെല്ല് സമൃദ്ധിയായി കൃഷിചെയ്യുവരുന്നു. ചതുപ്പും വളവും നിറഞ്ഞ പ്രദേശമാണു സുന്ദർബൻസ്. ഗംഗയെപ്പോലെയുള്ള ഒരു പുണ്യനദി ലോകത്തിൽ വേറെയില്ല.

ബ്രഹ്മപുത്രാനദിയുടെ തിബാറിൽ സാൻപൊ എന്നാണു പേർ. മാനസസരസ്സിനു സമീപമാണ് ഈ നദി ഉത്ഭവിക്കുന്നതു്. നദിയുടെ പകുതിയോളം അതു ഹിമാലയത്തിനു സമരേഖയായി ഒഴുകുന്നു. ഹിമാലയത്തിന്റെ അറ്റത്തുചെന്നു നദി തെക്കു പടിഞ്ഞാട്ടു തിരിയുന്നു. ഇവിടെ അനവധി പോഷകനദികൾ ബ്രഹ്മപുത്രയിലേക്ക് ഒഴുകിച്ചേരുന്നുണ്ട്. നദിയുടെ മുഖത്തുനിന്നു 800 നാഴിക ദൂരത്തോളം അതിൽകൂടി ഗതാഗതം ചെയ്യാം. ഈ നദി ഗോലന്ദയിൽവെച്ചു ഗംഗയിലേക്കു പ്രവഹിക്കുന്നുവെന്നു മുമ്പു പറഞ്ഞുവല്ലൊ.

നമ്മുടെയാണു മദ്ധ്യേന്ത്യയിലെ പ്രധാന നദികളിലൊന്ന്. അതു വിന്ധ്യനും ശതപുരമലയ്ക്കും മദ്ധ്യേ ഒഴുകുന്നു. നദിയിൽകൂടി വലിയ തോണികൾക്കു ഗതാഗതം ചെയ്യാം. ഇതു് ഒരു പുണ്യനദിയാണ്.

മദ്ധ്യേന്ത്യയിലെ മറെറാരു നദിയാണു തപതി. നമ്മദയും തപതിയും പടിഞ്ഞാട്ടാണ് ഒഴുകുന്നതു്.

മഹാനദി ബങ്കാൾ ഉൾക്കടലിലേക്കു പ്രവഹിക്കുന്നു. അതിന്റെ പ്രധാന പോഷകനദിയാണു ബ്രാഹ്മിണി

ഗോദാവരി നദി പശ്ചിമഘട്ടങ്ങളിൽ ഉത്ഭവിച്ചു ഹൈദരാബാദിൽ കൂടി ഒഴുകുന്നു. പിന്നെ അതു മദ്രാസു സംസ്ഥാനത്തിൽ പ്രവേശിച്ചു ബങ്കാൾ ഉൾക്കടലിൽ വീഴുന്നു. അതിന്റെ പ്രധാന പോഷകനദികൾ ഇന്ദ്രാവതി, പ്രാണഹിതാ, ശബരി എന്നിവതന്നെ. കൃഷ്ണാനദിയും പശ്ചിമഘട്ടത്തിലുത്ഭവിച്ചു ബങ്കാൾ ഉൾക്കടലിലേക്കു പ്രവഹിക്കുന്നു. അതിന്റെ പ്രധാന പോഷകനദികൾ ഭീമ, തുംഗഭദ്ര എന്നിവയാകുന്നു.

കാവേരിയാണു ദക്ഷിണേന്ത്യയിലെ മറെറാരു പ്രധാന നദി അതു കുടകിൽനിന്നു് ഉത്ഭവിച്ചു ബങ്കാൾ ഉൾക്കടലിലേക്കു പ്രവഹിക്കുന്നു അതിന്റെ മുക്കോൺ തുരുത്താണു തഞ്ചാവൂർ ജില്ല. അതും ഒരു പുണ്യനദിയത്രെ.

ഇന്ത്യയിലെ മിക്ക നദികൾക്കും പർവ്വതപദ്ധതി, സമതലപദ്ധതി, ത്രികോണപദ്ധതി എന്നിങ്ങിനെ മൂന്നു പദ്ധതികളുള്ളതായി കാണാം. ഇവയിൽ സമതലപദ്ധതിയാണു് ഏറവും പ്രയോജനകരമായ ഭാഗം. ഗതാഗതത്തിനും കൃഷിക്കും നദി അധികമായി ഉപകരിക്കുന്നതു് ഈ പദ്ധതിയിൽതന്നെ.

ഉത്തരേന്ത്യയിലെ നദികളിൽ വേനൽക്കാലത്തും വർഷക്കാലത്തും ജലം സുലഭമായുണ്ടു്. ഗംഗാ, സിന്ധു മുതലായ നദികളിൽ ഹിമാലയത്തിലെ മഞ്ഞു് ഉരുകുന്നതു

കൊണ്ട് വേനക്കാലത്തു ജലത്തിനു യാതൊരു കുറവുമില്ല. ദക്ഷിണേന്ത്യയിലെ നദികളിൽ വേനക്കാലത്തു വെള്ളം നന്നു കുറഞ്ഞിരിക്കും. കൃഷിയുടെ ആവശ്യത്തിനു ദക്ഷിണേന്ത്യയിലെ നദികൾ ഉത്തരേന്ത്യയിലെ നദികളോളം ഉപകരിക്കുന്നില്ല. അവയിൽ വെള്ളച്ചാട്ടങ്ങളുള്ളതിനാൽ ഗതാഗതത്തിനും അവ അത്ര ഉപകരിക്കുന്നില്ല.

ഇന്ത്യയിലെ നദികൾ എല്ലാം സമുദ്രത്തിൽ ചേരുന്ന സ്ഥലത്തു പല ഭാഗമായി പിരിയുന്നു. ഈ പിരിവുകളിൽക്കിടയിൽ കിടക്കുന്ന മൂക്കോൺ തുരുത്തുകൾ വളരെ ഫലവത്തായ ഭൂമിയാകുന്നു.

അദ്ധ്യായം 8.

കാലാവസ്ഥ; മഴ; അണക്കെട്ടുകൾ.

ഭൂമദ്ധ്യരേഖയുടെ വടക്കുഭാഗത്തു 8 ഡിഗ്രിമുതൽ 37 ഡിഗ്രിവരെ നീണ്ടുകിടക്കുന്ന ഒരു പ്രദേശമാണ് ഇന്ത്യയെന്നു നിങ്ങൾ ധരിച്ചിട്ടുണ്ടല്ലൊ. അതുകൊണ്ട് ഇന്ത്യയിലധികഭാഗവും ക്രാന്തിവലയത്തിനുള്ളിലാണെന്ന് സിദ്ധമായി. വടക്കു കുറെ ഭാഗം ടോപ്പിക് ഓഫ് കാൻസറിനു് വടക്കു് കിടക്കുന്ന ഭാഗം, വടക്കെ ശീതോഷ്ണമേഖലയിലുമാണ്. അതുകൊണ്ട് സാമാന്യമായി ഇന്ത്യ ഒരു ഉഷ്ണരാജ്യമാണെന്നുതന്നെ പറയണം. എന്നാൽ ലോകത്തിന്റെ നാനാഭാഗങ്ങളിലായി കണ്ടുവരുന്ന സകലതരത്തിലുള്ള കാലാവസ്ഥകളും ഇന്ത്യയിൽ കണ്ടുവരുന്നുണ്ട്.

സിങ്കപ്പിൽ കൊല്ലത്തിൽ 3 ഇഞ്ചു മഴയാണ് ആകെ പെയ്യുന്നതെങ്കിൽ ആസ്സാമിൽ 500 ഇഞ്ചു മഴപെയ്യുന്നു. കൊല്ലത്തിന്റെ ഒരു കാലത്തു് ഉഷ്ണാധിക്യം കൊണ്ടു് കരിഞ്ഞുകിടക്കുന്ന ഭാഗത്തു കൊല്ലത്തിലെ മറ്റൊരു കാലത്തിൽ അത്യധികമായ മഴയുണ്ടാകുന്നു. വഷ്വാഹിനിക്കാറ്റുകളാണ് ഈ മഴക്കു കാരണം. വഷ്വാഹിനിക്കാറ്റുകൾ കൊല്ലത്തിൽ ഒരുകാലത്തു് ഒരു ഭാഗത്തുനിന്നും മറ്റൊരുകാലത്തു് മറ്റൊരുഭാഗത്തുനിന്നും ഊതുന്നു. വടക്കെ അർദ്ധഗോളത്തിൽ വേനലാകുന്ന സമയത്തു് മദ്ധ്യരേഖയിൽനിന്നു് ഒരു കാറ്റ് ധ്രുവപ്രദേശത്തേക്കു് ഊതുന്നു. ഈ കാറ്റ് തെക്കുപടിഞ്ഞാറു നിന്നാണ് വരുന്നതെന്നു തോന്നും. അതുകൊണ്ടു് അതിനു തെക്കുപടിഞ്ഞാറൻ വഷ്വാഹിനിക്കാറ്റെന്നു പേർ. ഈ കാറ്റ് സമുദ്രത്തിനുമീതെ കൂടി ഊതിയാണ് ഇന്ത്യയുടെ പടിഞ്ഞാറെ തീരത്തെത്തുന്നതു്. അതുകൊണ്ടു് അതിൽ ജലബാഷ്പം സുലഭമായിരിക്കും. ഈ കാറ്റ് പശ്ചിമഘട്ടത്തിന്മേൽ തട്ടുന്നു. അപ്പോടെയച്ചു് ബാഷ്പം തണുത്തു് ജലകണങ്ങളായി പരിണമിക്കുന്നു. അതുകൊണ്ടു് പശ്ചിമഘട്ടങ്ങളിൽ സുലഭമായ മഴപെയ്യുന്നു. ക്രമേണ ഈ കാറ്റ് ഇന്ത്യയാസകലം വ്യാപിക്കുന്നു. ഈ കാറ്റ് സാധാരണയായി ജൂൺ മുതൽ സപ്തമ്പർവരെ ഊതുന്നു. ഇതാണ് ഇന്ത്യയിലെ മഴക്കാലം—ഈ കാലമാണ് ഏറ്റവും പ്രധാനമായ കാലം. ഇന്ത്യയിലെ ജനങ്ങളിൽ 100-ൽ 80 ഭാഗക്കാരുടെ സുഖാസുഖങ്ങൾ ഈ മഴയെ ആശ്രയിച്ചുണ്ട് നില്ക്കുന്നതു്.

ഈ വഷ്വവാഹിനിക്കാറ്റിനെ അറേബിയൻകാറെന്നും ബങ്കാൾകാറെന്നും രണ്ടായി തിരിക്കാം.

പശ്ചിമഘട്ടങ്ങളിൽ തട്ടുന്നതു് അറേബിയൻകാറാണെന്നു് പറഞ്ഞുവല്ലൊ. ഘട്ടങ്ങളെ കടന്നു് കാറ്റ് ഇന്ത്യയാസകലം വീശുന്നു. ബങ്കാൾ കാറാണ് ആസ്സാം, ബങ്കാൾ, ഗംഗാതടം എന്നിവിടങ്ങളിൽ മഴപെയ്യിക്കുന്നതു്.

അറേബിയൻ കാറിന്റെ വടക്കുഭാഗം സിന്ധു, കത്തിയവാർ എന്നിവിടങ്ങളിൽ തട്ടുന്നതിനാൽ പിന്നേയും ഉള്ളമുള്ളതായിത്തീരുന്നു. പിന്നെ അതു് രാജപുത്രസ്ഥാനത്തുകൂടി കടന്നു് അരാവല്ലികളിലെത്തുന്നു.

സൂയ്സ് മദ്ധ്യരേഖയുടെ തെക്കുഭാഗത്തെത്തിയാൽ വടക്കുകിഴക്കൻ കാറിന്റെ പുറപ്പാടായി. ഈ കാറു കൊണ്ടാണ് തെക്കെ ഇന്ത്യയുടെ കിഴക്കെ തീരത്തു് മഴപെയ്യുന്നതു്. അതുകൊണ്ടു് മദ്രാസുസംസ്ഥാനത്തിലും അതിന്നടുത്തു് വടക്കുകിടക്കുന്ന പ്രദേശങ്ങളിലും രണ്ടുവഷ്വക്കാലങ്ങളുണ്ടു്.

ഇന്ത്യയിൽ മൂന്നു കാലങ്ങളുണ്ടു്. അവ ഉഷ്ണകാലം, വഷ്വക്കാലം, ശീതകാലം എന്നിവതന്നെ.

സിന്ധു ഗംഗാതടത്തിൽ കാലം മാറുമ്പോൾ സാധാരണയായി കൊടുങ്കാറ്റുകളുണ്ടാകും. ഈ തടത്തിന്റെ പടിഞ്ഞാറെ അറ്റം ലോകത്തിലെ ഏറ്റവും വരണ്ട പ്രദേശങ്ങളിലൊന്നാണു്. ആ ഭാഗം ഒരു മരുഭൂമിയുമാണു്.

പശ്ചിമതീരത്തു് പൂർവ്വതീരത്തേക്കാളധികം മഴപെ

യും. പശ്ചിമതീരത്തു മഴപെയ്യുന്നതു് സാധാരണയായി എടവം മുതൽ കർക്കിടം വരെയുള്ള മാസങ്ങളിലായിരിക്കും. അവിടെ തുലാമാസത്തിലും അല്പം മഴ ഉണ്ടായേക്കാം. പൂവ്വിതിരത്തു് പശ്ചിമതീരത്തുള്ളതു മഴയില്ല. മഴ അധികമായി പെയ്യുന്നതു് തുലാമാസത്തിലാണ് പൂവ്വിതിരത്തിനു് പശ്ചിമ തീരത്തേക്കാളധികം വീതി ഉണ്ടു്.

ദക്ഷിണമേടഭൂമിയിൽ മഴ സിന്ധുഗംഗാതടത്തിലുള്ളതുപോലെ, തെക്കെ അറ്റത്തുള്ളതുപോലെ ഇല്ല.

കൃഷിയുടെ ആവശ്യത്തിന്നായ് വെള്ളം കെട്ടിനിർത്തുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലോ. നദികളുടെ ജലപ്രവാഹത്തെ തടുത്തു് ചെറിയ മാലുകൾ കീറി കെട്ടിനിർത്തുന്ന ജലത്തെ കൃഷിക്കു് ഉപയോഗിക്കാവുന്നതാണു്. അങ്ങിനെ കെട്ടുന്നവയെ അണക്കെട്ടുകൾ എന്നു പറയുന്നു.

ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും കൃഷിക്കാരാണെന്നു പറഞ്ഞുവല്ലോ. അതുകൊണ്ടു് കൃഷിയിൽ പിഴപറിയാൽ ഇന്ത്യയിൽ ക്ഷാമമായി. കൃഷി മഴയെ ആശ്രയിച്ചാണിരിക്കുന്നതു്. സാധാരണമായി നന്നു കുറച്ചുമാത്രം മഴ പെയ്യുന്ന സ്ഥലങ്ങളിൽ ജനങ്ങൾ നന്നു ചുരുക്കമായിരിക്കും. അതുകൊണ്ടു് അവിടെ ക്ഷാമം എപ്പോഴും ബാധിക്കുന്നതല്ല. സിന്ധുനദീതടത്തിലും മഴ ഒട്ടുമില്ലാണു്. അവിടെ ക്ഷാമം സാധാരണമായിരുന്നു. പത്തൊമ്പതാംശതാബ്ദത്തിന്റെ അവസാനത്തിൽ ഇന്ത്യയിലെ സകല സ്ഥലങ്ങളിലും, എന്നുതന്നെ പറയാം, ക്ഷാമമു

ണ്ടായി. അപ്പോൾ ഗവർമ്മേണ്ടു് ക്ഷാമനിവാരണത്തിനുള്ള ആലോചനകൾ തുടങ്ങി. ആ ആലോചനകളുടെ ഫലമായി നാട്ടിൽ തോടുകളും കുളങ്ങളും നിറഞ്ഞു. ഇപ്പോൾ ക്ഷാമത്തെ ഭയപ്പെടേണ്ടതില്ല. എന്നാൽ ദക്ഷിണോന്നതതടത്തിലെ സ്ഥിതി ഇതിയും നന്നാകേണ്ടതായിട്ടാണ് കാണുന്നതു്.

കൃഷി മഴയെ ആശ്രയിച്ചിരിക്കുന്നുവെന്നു് പറഞ്ഞുവല്ലൊ. ഇന്ത്യയിൽ മഴ സാധാരണമായി സമൃദ്ധിയായി പെയ്യുന്നുണ്ടു്. എന്നാൽ മഴ പെയ്യുണ്ടാകുന്ന വെള്ളത്തിലധികഭാഗവും കൃഷിക്കു് ഉപയോഗപ്പെടുത്തുവാൻ തരമാകാറില്ല. മഴപെയ്യുണ്ടാകുന്ന വെള്ളത്തിലധികഭാഗവും നദികളിൽകൂടി പ്രവഹിച്ചുപോകയായിരുന്നു. ഈ വെള്ളത്തെ തടഞ്ഞുനിത്തി കൃഷിക്കു് ഉപയോഗമുള്ളതാക്കാൻ ജനങ്ങൾ വളരെക്കാലമായി ചില പ്രവൃത്തികൾ ചെയ്തുവന്നിരുന്നു. അവർ അണകെട്ടുക, കിണറുകളും കുളങ്ങളും കുഴിക്കുക, തോടുകൾ കുത്തുക എന്നിങ്ങിനെയുള്ള പണികളാണു് ചെയ്തിരുന്നതു്. മുൻപറഞ്ഞ ക്ഷാമങ്ങളുടെ ഫലമായി ഇപ്പോൾ ഗവർമ്മേണ്ടും ആ വക സംഗതികളിൽ പ്രവേശിച്ചിരിക്കുന്നു.

പശ്ചിമഘട്ടത്തിൽനിന്നു് സമുദ്രത്തിലേക്കു് ഇന്ത്യയിൽ ആകെ പെയ്യുന്ന മഴയുടെ ആറിലൊരുഭാഗം ഒലിച്ചുപോകുന്നുവെന്നു് കണക്കെടുത്തിരിക്കുന്നു. ഇങ്ങിനെ ഒലിച്ചുപോകുന്ന വെള്ളം തടയുവാൻ അവിടത്തെ കൃഷിക്കാർ ഉത്സാഹിക്കാറില്ല. അവക്കത്തു് വേണ്ടതാനും. ഈ വെള്ളത്തെ ദക്ഷിണഖണ്ഡത്തിലെ ഉപയോഗത്തിനു് തിരിച്ചുകൊണ്ടുപോരുവാനും സൌകര്യമില്ല.

കിണറുകളും കുളങ്ങളും കുഴിച്ച് അവയിൽനിന്നു വെള്ളം തേവിനനച്ചു കൃഷിചെയ്യുവരുന്ന പ്രദേശങ്ങളുണ്ട്. ഇങ്ങിനെ നനച്ചുവരുന്ന പ്രദേശങ്ങളിൽ മൂന്നിലൊന്നു നനയ്ക്കുന്നതു കിണറുകളിൽനിന്നാണത്രെ. കിണറുകളിൽനിന്നു നനച്ചുവരുന്ന പ്രദേശങ്ങളിൽ മുക്കാൽ ഭാഗം ഐക്യസംസ്ഥാനങ്ങളിലും പഞ്ചാബിലുംകൂടിയാണ്. ഏതാണ്ടു് അഞ്ചിലൊന്നു് മദ്രാസുസംസ്ഥാനത്തിലുമാകുന്നു. കുളങ്ങളിൽനിന്നു് വെള്ളം തേവിനനച്ചു് ബ്രിട്ടീഷിന്ത്യയിൽ 13,000 ചതുരശ്രനാഴിക സ്ഥലം കൃഷിചെയ്യുന്നതായി കണക്കെടുത്തിരിക്കുന്നു.

ഇനി പറയേണ്ടതു് കാലുകളെപ്പറ്റിയാണ്. ഇന്ത്യയിൽ കൃഷിയുടെ ആവശ്യത്തിനു് 50,000 നാഴിക നീളമുള്ള കാലുകൾ കുത്തിയിരിക്കുന്നുപോലും. ബങ്കാളത്തിലും ബിഹാരത്തിലുംകൂടി 4,000 നാഴിക നീളമുള്ള തോടുകൾ കാണാം. ഐക്യസംസ്ഥാനങ്ങളിൽ തോടുകളുടെ നീളം 10,000 നാഴികയാണ്. പഞ്ചാബിൽ 12,000 നാഴിക നീളമുള്ള തോടുകളുണ്ട്. അവയിൽ പ്രധാനമായവ സിർഹിന്ദു, ചീനാബു, ജിലം എന്നീ തോടുകൾതന്നെ.

സുക്കുർ അണ കെട്ടുന്നതിനു് ഗവർമ്മേണ്ടിൽനിന്നു 20 കോടി ഉറുപ്പിക ചിലവാക്കിയിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ അണ ഇതത്രെ. മദ്ധ്യസംസ്ഥാനത്തിലെ തോടുകളിൽ തണ്ടലത്തോടു്, മഹാനദിത്തോടു്, വെയിൻ ഗംഗത്തോടു് എന്നിവയാണു് പ്രസിദ്ധമായവ.

മദ്രാസുസംസ്ഥാനത്തിലെ അണകളിൽ പ്രധാനമായതു് പെരിയാറണതന്നെ. അറബിക്കടലിലേക്ക് ഒഴുകുന്ന നദിയിലെ വെള്ളം ബങ്കാൾ ഉൾക്കടലിലേക്ക് ഒഴുകുന്ന വൈഗൈയിലേക്കു തിരിക്കയാണ് ഈ അണ ചെയ്യുന്നതു്. കൃഷ്ണാ, ഗോദാവരി, കാവേരി എന്നീ നദികളിലും അണകൾ കെട്ടീട്ടുണ്ടു്. കടപ്പാ-കർണൂൽതോടു്, ബക്കിങ്ങാംതോടു് എന്നിവ പ്രസിദ്ധമാണ്. ബോംബേ സംസ്ഥാനത്തിലെ തോടുകളിൽ പ്രധാനമായവ തിറൂതാ എന്നീ തോടുകളാകുന്നു.

അദ്ധ്യായം 9.

ഉല്പന്നങ്ങളും — സ്വാഭാവികവിഭാഗങ്ങളും.

സസ്യങ്ങളെത്തന്നെ കൃഷിചെയ്തുണ്ടാക്കുന്നവയെന്നും, സ്വാഭാവികമായുണ്ടാകുന്നവയെന്നും രണ്ടിനമായി തിരിക്കാം.

കൃഷിചെയ്തുണ്ടാക്കുന്ന സസ്യങ്ങളെത്തന്നെ ഭക്ഷണധാന്യങ്ങളെന്നും, വസ്ത്രധാരണത്തിനുപയോഗിക്കുന്ന സസ്യങ്ങളെന്നും, വ്യവസായത്തിനുപകരിക്കുന്ന സസ്യങ്ങളെന്നും മൂന്നിനമായി വിഭജിക്കാം.

ഭക്ഷണത്തിന്റെ ആവശ്യത്തിനു കൃഷിചെയ്യുവരുന്ന പ്രധാനധാന്യങ്ങളിലൊന്നാണു നെല്ലു്. ബങ്കാൾ, മദ്രാസ്, ബർമ്മ എന്നിവിടങ്ങളിൽ നെല്ലു സമൃദ്ധിയായി കൃഷിചെയ്യുവരുന്നു. 40 ഇഞ്ചു മഴ ലഭിച്ചുവരുന്ന പ്രദേശങ്ങളിലാണു് നെല്ലു് അധികമായും കൃഷിചെയ്യുന്നതു്.

മഴ സുലഭമായി പെയ്യാത്ത സ്ഥലങ്ങളിലെ പ്രധാനവിളവാണു ഗോതമ്പ്. വഷ്ക്കാലത്താണ് ഗോതമ്പു കൃഷിചെയ്യുവരുന്നതു്. പഞ്ചാബിലെ പ്രധാനവിള ഇതുതന്നെ.

ഗോതമ്പു കൃഷിചെയ്യുന്നിടത്തെല്ലാം കൃഷിചെയ്യുവരുന്ന ഒരു ധാന്യമാണ് യവം.

ചോളം, കമ്പു്, റാഗി എന്നിവയാണു വരണ്ട പ്രദേശത്തുള്ള നിവാസികളുടെ പ്രധാനഭക്ഷണം. മദ്രാസു സംസ്ഥാനത്തിലെ പീഠഭൂമിയിലെ പ്രധാനവിളവു് ഇവതന്നെ.

മുതിര മുതലായ ധാന്യങ്ങളും സമൃദ്ധിയായി കൃഷിചെയ്യുവരുന്നു.

കരിമ്പു് ഇന്ത്യയിൽ സാമാന്യം എല്ലായിടത്തും കൃഷിചെയ്യുവരുന്നു.

മലബാർതീരത്തെ പ്രധാനമായ ഒരു ഉല്പന്നമാണ് നാളികേരം.

ബ്രഹ്മപുത്രയുടെ താഴ്വര, ഡാർജീലിങ്ങ്, ഡീറഡൻ എന്നിവിടങ്ങളിലുള്ള ഹിമാലയൻ ചരിവു്, നീലഗിരി മലകൾ എന്നിവിടങ്ങളിൽ ചായ സുലഭമായി കൃഷിചെയ്യുവരുന്നു.

മലഞ്ചരിവുകളിൽ കൃഷിചെയ്യുവരുന്ന മറെറാരു സാധനമാണ് കാപ്പി.

വസ്തുധാരണത്തിൻെറ ആവശ്യത്തിനു കൃഷിചെയ്യുവരുന്ന സാധനങ്ങളിൽ പ്രധാനമായതു പരുത്തിതന്നെ.

ക്കോനിലും പഞ്ചാബിലുമാണ് പരുത്തി അധികമായി കൃഷിചെയ്യുന്നത്.

ചണം, റബ്ബർ, നീലം എന്നിവ വ്യവസായത്തിന്റെ ആവശ്യത്തിനുപകരിക്കുന്ന സസ്യങ്ങളാണ്. ചണം പ്രധാനമായി കൃഷിചെയ്യുവരുന്നത് ഗംഗയുടെ മുക്കോൺതുരുത്തിൽതന്നെ. ബമ്മ, തിരുവിതാംകൂർ എന്നിവിടങ്ങളിലാണ് റബ്ബർ അധികമായി കൃഷിചെയ്യുവരുന്നത്. നീലക്കൃഷി പണ്ടു ഗംഗാതടത്തിൽ സമൃദ്ധിയായി നടന്നിരുന്നു. ഇപ്പോൾ നീലക്കൃഷി ചുരുങ്ങുകയാണു ചെയ്യുന്നത്. ചായത്തിന്റെ ആവശ്യത്തിനാണു നീലം കൃഷിചെയ്യുന്നത്.

എണ്ണക്കുരുക്കൾ ഇന്ത്യയിലെ പ്രധാനമായ ഒരു വിളവാണ്. അവയിൽ നിലക്കടലയ്ക്കാണ് അധികം പ്രാധാന്യം.

പുകയില, കറപ്പ് എന്നിവയും കൃഷിചെയ്യുവരുന്നു.

ഇനി പറയേണ്ടതു കാടുകളെപ്പറ്റിയാണ്. ഇന്ത്യയിൽ കാടുകൾ സുലഭമത്രെ. ആസാം, ബമ്മ, പശ്ചിമഘട്ടം എന്നിവിടങ്ങളിലെ കാടുകളിൽ കാണുന്ന പ്രധാനമായ ഒരു വൃക്ഷമാണു തേക്ക്. റങ്കൂൺ, മൗൾമെൻ, കോഴിക്കോട്ട്, മംഗലാപുരം എന്നീ സ്ഥലങ്ങളിൽനിന്ന് അതു കയറ്റി അയയ്ക്കുവരുന്നു. വീട്ടി, കരിമരം എന്നിവ പശ്ചിമഘട്ടങ്ങളിൽനിന്നും മൈസൂരിൽനിന്നും കിട്ടിവരുന്നു. മുള ഏതു കാട്ടിലുമുണ്ട്. മൈസൂരിലെ കാടുകളിൽ നിന്നു ചന്ദനമരവും ലഭിച്ചുവരുന്നു. ചില സ്ഥലങ്ങളിൽ കാട്ടുതെളിയിച്ചു മായ, കാപ്പി, റബ്ബർ, സിൻക്കൊണ

എന്നിവ കൃഷിചെയ്യുന്നു. മറ്റു ചില സ്ഥലങ്ങളിൽ കാടു തെളിയിക്കാതെ ഗവമ്മേണ്ടിൽനിന്നു രക്ഷിച്ചുപോരുന്നു.

കാട്ടുമൃഗങ്ങളിൽ പ്രധാനമായവ ആനയും പുലിയുമാകുന്നു. മോൺസൂൺ പ്രദേശങ്ങളിലെ കാടുകളിലാണ് ആനകളെ സുലഭമായി കാണുക. ആനകളെ ഇപ്പോഠം സാധാരണമായി പിടിച്ച് ഇണക്കിവരുന്നു. കാടുകളിൽ കാണുന്ന മറ്റൊരു മൃഗമാണു കാട്ടുപോത്ത്. കത്തിയവാറിലെ ഗിർ എന്ന വനങ്ങളിൽ ഇന്നും സിംഹത്തെ കാണാമത്രെ. പുള്ളിപ്പുലി സാധാരണമായി കാണുന്ന മറ്റൊരു കാട്ടുമൃഗമാണ്. ചെന്നായ്ക്കളെ എവിടേയും കാണാം. കുറുക്കൻ, കുറുനരി എന്നീ ജന്തുക്കളും സാധാരണമത്രെ. കരടി, പന്നി എന്നിവയും ഇന്ത്യയിൽ കണ്ടുവരുന്നു. കണ്ടാമൃഗത്തെ ബ്രഹ്മപുത്രയുടെ താഴ്വരയിൽ കണ്ടുവരുന്നു.

വീട്ടുമൃഗങ്ങളിൽ ഏറ്റവും പ്രധാനമായതു പശുതന്നെ. എരുമ, കോലാട്ട് എന്നിവയും സാധാരണമാണ്. കൃഷിയാണല്ലൊ അധികഭാഗം ജനങ്ങളുടേയും തൊഴിൽ. കാള, പോത്ത് എന്നിവയെയാണു സാധാരണമായി നിലം ഉഴുവാൻ ഉപയോഗിക്കുന്നതു്. നെല്ലൂർ, ഗിർ (കത്തിയവാർ) മദ്ധ്യേന്ത്യയിലെ കില്ലാരി, സിന്ധിലെ ഹരിയാന എന്നിവിടങ്ങളിലെ കാളകൾ പ്രസിദ്ധികേട്ടവയത്രെ. ഇവിടെയുള്ള ചെമ്മരിയാടുകൾ വളരെ ഗുണമുള്ളവയല്ല. കുതിര, കഴുത എന്നീ മൃഗങ്ങളെയും കണ്ടുവരുന്നു. മത്സ്യംപിടിത്തവും, തോൽവ്യവസായവും പ്രധാനതൊഴിലുകളാണ്.

സ്വാഭാവികസ്ഥിതി അനുസരിച്ച് ഇന്ത്യയെ സിന്ധുഗംഗാതടം, ഉന്നതതടപ്രദേശം, സമുദ്രതീരമൈതാനം എന്നിങ്ങനെ മൂന്നായി വിഭജിക്കാം.

സിന്ധുഗംഗാതടം—ഈ പ്രദേശം വടക്കു ഹിമാലയം മുതൽ തെക്കു ക്ഷീണഖണ്ഡത്തിലെ ഉന്നതതടംവരെ വ്യാപിച്ചുകിടക്കുന്നു. അനേകായിരം കൊല്ലങ്ങളായി നദികളിലെ മണ്ണു വന്നു ചേർന്നിട്ടാണ് ഈ പ്രദേശമുണ്ടായത്. പടിഞ്ഞാറുഭാഗം സിന്ധുവിന്റേയും പോഷകനദികളുടേയും തടമത്രെ. ആ ഭാഗം അറബിക്കടലിനെ തൊട്ടു കിടക്കുന്നു. കിഴക്കെ ഭാഗമാണ് അധികം വലിയതു്. ആ പ്രദേശം ഗംഗയുടേയും ബ്രഹ്മപുത്രയുടേയും ആ നദികളുടെ പോഷകനദികളുടെയും തടങ്ങളത്രെ. ഗംഗയുടെ മുക്കോൺതുരുത്തു ബങ്കാൾ ഉൾക്കടലിനെ തൊട്ടു കിടക്കുന്നു. ഈ മൈതാനം ലോകത്തിലെ പ്രധാന മൈതാനങ്ങളിലൊന്നാണ്. മണ്ണു വളരെ പുഷ്ടിയുള്ളതും നന്നെ ആഴത്തിൽ കിടക്കുന്നതുമാകുന്നു. ഈ മൈതാനം വളരെ പരന്ന ഒരു പ്രദേശമത്രെ. ആഗ്രാ എന്ന നഗരം സമുദ്രത്തിൽനിന്നു 1300 നാഴിക ഉള്ളിലാണു സ്ഥിതിചെയ്യുന്നതു്. ആ നഗരവുംകൂടി സമുദ്രനിരപ്പിൽനിന്നു 550 അടി മാത്രം ഉയരത്തിലാണു സ്ഥിതിചെയ്യുന്നതു്. നിലം ഇങ്ങിനെ പരന്നതാകകൊണ്ടു നദികൾ നന്നു സാവധാനത്തിലാണ് പ്രവഹിക്കുന്നതു്. അതുകൊണ്ടു നദികളിലെ വെള്ളം കൃഷി നടത്തുന്നതിനു വളരെ എളുപ്പം ഉപകരിക്കുന്നു. ഈ പ്രദേശത്തിന്റെ വിസ്താരം ഇന്ത്യയുടെ മൂന്നിലൊന്നാണ്. അവിടെയാണു ജനങ്ങളിൽ 3-ൽ 2 ഭാഗക്കാരും വസിക്കുന്നതും. ഇന്ത്യയിലെ പ്രധാന പ

ട്ടണങ്ങളിൽ അധികഭാഗവും ഇവിടെത്തന്നെ. മൈതാനത്തിന്റെ കിഴക്കുഭാഗത്തു പടിഞ്ഞാറുഭാഗത്തു കിട്ടുന്നതിലധികം മഴ കിട്ടുന്നുണ്ട്. അതുകൊണ്ട് ആ ഭാഗം പടിഞ്ഞാറു ഭാഗത്തെക്കാളധികം ഫലപുഷ്ടിയുള്ളതത്രെ. പടിഞ്ഞാറു ഭാഗത്താണു താർ എന്നും സിന്ധ് എന്നും പേരുള്ള മരുഭൂമികൾ. സിന്ധുനദിയുടേയും പോഷകനദികളുടേയും തീരങ്ങളിൽ മാത്രമെ കൃഷി നടക്കുന്നുള്ളൂ.

ഉന്നതതടം—ഉന്നതതടത്തെ മദ്ധ്യേന്ത്യയിലെ ഉന്നതതടം, ഡക്കാനിലെ ഉന്നതതടം എന്നിങ്ങിനെ രണ്ടു ഖണ്ഡങ്ങളാക്കി വിഭജിക്കാം.

മദ്ധ്യേന്ത്യയിലെ ഉന്നതതടം അരാവല്ലിമലകൾക്കും വിന്ധ്യനും മദ്ധ്യേ കിടക്കുന്നു. യമുനയിലേക്കു പ്രവഹിക്കുന്ന ചമ്പൽ മുതലായവയാണു പ്രധാനനദികൾ. പാടലിപുത്രത്തിനു സമീപം ഗംഗയിൽ ചേരുന്ന സോൺ ആണു മറ്റൊരു നദി. ഈ പ്രദേശത്തിനു മാൾവാതടമെന്നു പേർ.

ദക്ഷിണഖണ്ഡത്തിലെ ഉന്നതതടം മറ്റു ഉന്നതതടത്തേക്കാൾ വളരെ വലിയതത്രെ. അതിന്റെ പടിഞ്ഞാറുഭാഗം കിഴക്കുഭാഗത്തേക്കാൾ ഉയർന്നിരിക്കുന്നു. ഇവിടത്തെ നദികളിൽ മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി എന്നിവയാണു പ്രധാനമായവ. കാംബെ ഉൾക്കടൽ മുതൽ കന്യാകുമാരി മുനമ്പുവരെ നീണ്ടുകിടക്കുന്ന പശ്ചിമഘട്ടമാണ് ഇതിന്റെ പടിഞ്ഞാറെ അതിരു. കിഴക്കെ അതിരു പൂർവ്വഘട്ടമാകുന്നു. പൂർവ്വഘട്ടം ഒരു നിരയല്ല; പലേ മലകളും ചേർന്നവയാണ്. അവയ്ക്ക് ഓരോ സ്ഥല

ത്തു് കാരോ പേർ പറയുന്നു. ഈ ചിന്നിച്ചിതറിക്കിടക്കുന്ന മലകളുടെ താഴ്വരകളിൽകൂടി നദികൾ ബങ്കാൾ ഉൾക്കടലിലേക്കു പ്രവഹിക്കുന്നു. നീലഗിരിയിൽവെച്ചു പശ്ചിമഘട്ടവും പൂർവ്വഘട്ടവും കൂട്ടിമുട്ടുന്നു. നീലഗിരിയുടെ വടക്കുഭാഗത്തു കിടക്കുന്നതു—മൈസൂരാണു് ഉന്നതതടത്തിന്റെ ഏറ്റവും ഉയർന്നഭാഗം.

വടക്കുഭാഗത്തു പലെ മലനിരകളുണ്ടു്. അവയിൽ പ്രധാനമായവ വിന്ധ്യൻ, ശതപുരം എന്നിവതന്നെ മഹാദായേ, മൈക്കൽ എന്നിവ മറ്റു മലകളാണു്. ഈ തടമുണ്ടായിട്ടുള്ളതു് അഗ്നിപർവ്വതങ്ങളുടെ പ്രവൃത്തിമൂലമാണു്. അതുകൊണ്ടു് ഈ പ്രദേശത്തു പാറകൾ സുലഭമത്രെ. മണ്ണുനന്ന കുറവാണു്. നദീതാഴ്വരകളിൽ മാത്രമേ മണ്ണു സുലഭമായി കാണുന്നുള്ളു. ഉന്നതതടം മൈതാനത്തെപ്പോലെ പരന്നതുമല്ല. അവിടവിടെയായി കുന്നുകൾ കിടക്കുന്നു. കൃഷിക്കു വലിയ സൌകര്യമില്ല; മണ്ണു ഫലപുഷ്ടിയുള്ളതുമല്ല. ഇവിടെ മൈതാനത്തിലുള്ളത്ര ജനങ്ങളുമില്ല. റോഡുകളും തീവണ്ടിപ്പാതകളും ഉണ്ടാക്കാൻ ഞെരുക്കവുമാണു്. നദികളിൽ മഞ്ഞുരുകിയ വെള്ളം ഉണ്ടാകുന്നതല്ല. അതുകൊണ്ടു് അവ വേനൽക്കാലത്തു വറ്റിപ്പോകുന്നു. ഗതാഗതത്തിനും ഈ നദികൾ വളരെ ഉപകരിക്കുന്നില്ല.

സമുദ്രതീരം—സമുദ്രതീരത്തെ പടിഞ്ഞാറെ തീരം, പൂർവ്വതീരം എന്നിങ്ങിനെ രണ്ടായി തിരിക്കാം.

പശ്ചിമതീരം വടക്കുള്ള കാംബേ ഉൾക്കടൽ മുതൽ ആരംഭിക്കുന്നു. പശ്ചിമഘട്ടമാണു് ഈ തീരത്തിന്റെ കി

ഴക്കെ അതിരു്. ഇവിടെ മഴ സുലഭമായുണ്ടാകുന്നതി നാൽ, അനവധി ചെറുനദികളും പ്രവഹിക്കുന്നു. മണ്ണു ഫലപുഷ്ടിയുള്ളതാണു്. നെല്ലാണു് പ്രധാന വിളവു്. വട ക്കു ഭാഗത്തിനു കൊങ്കണമെന്നും തെക്കുഭാഗത്തിനു മല ബാർ തീരമെന്നും പറയുന്നു. മലബാർ തീരത്തെ ഒരു വിശേഷമാണു് കായലുകളും. തീരത്തുനിന്നു രാജ്യത്തിനു ള്ളിലേക്കുള്ള ഏകമാർഗ്ഗം പാലക്കാട്ടു ചുരംതന്നെ. അതിൽ കൂടി ഒരു തീവണ്ടിപ്പാതയുണ്ടു്.

കിഴക്കെതീരം ഗംഗയുടെ മുക്കോൺതുരുത്തു മുതൽ കലീമയർ മുനമ്പുവരെ നീണ്ടുകിടക്കുന്നു. ഈ തീരത്തി നു പശ്ചിമതീരത്തേക്കാളധികം വീതിയുണ്ടു്. തെക്കെ അറ്റത്താണു് വീതിയധികം. ആ ഭാഗത്തിനു ചോഴമ ണ്ഡലക്കരയെന്നു പേർ. അവിടെ അതു പശ്ചിമഘട്ടം വരെ നീണ്ടുകിടക്കുന്നു. ഈ തീരത്തുകൂടി അനവധി നദി കളും പ്രവഹിക്കുന്നു. മഹാനദി, ഗോദാവരി, കൃഷ്ണാ, കാ വേരി എന്നീ നദികളുടെ മുക്കോൺതുരുത്താണു് ഏറ്റ വും ഫലപുഷ്ടിയുള്ള പ്രദേശം. ഈ തീരത്തുനിന്നു രാജ്യ ത്തിനുള്ളിലേക്കു വളരെ എളുപ്പം പ്രവേശിക്കാം. നദീതാ ഴ്വരകളിൽകൂടി കടപ്പാൻ സൌകര്യമുണ്ടു്. അതിന്നും പു റമെ, പൂവ്വ്ഘട്ടത്തിനു പശ്ചിമഘട്ടത്തോളം ഉയരവുമില്ല. പൂവ്വ്തീരത്തുകൂടി തീവണ്ടിപ്പാതകളും പണിചെയ്യപ്പെട്ടി രിക്കുന്നു. നദികളിന്മേൽ പാലം കെട്ടിയാണു് തീവണ്ടി പ്പാതകളും പണിചെയ്യപ്പെട്ടിരിക്കുന്നതു്. കൃഷ്ണാ, ഗോദാ വരി എന്നീ നദികളിന്മേലുള്ള പാലങ്ങളും ഇന്ത്യയിലെ വലിയ പാലങ്ങളിൽ രണ്ടെണ്ണമാകുന്നു.

ഇന്ത്യയുടെ നാലാമത്തെ സ്വാഭാവികവിഭാഗമാണ് ഹിമാലയം. ഈ മലനിര വടക്കുഭാഗത്തു പടിഞ്ഞാറു നിന്നു കിഴക്കെ അറ്റംവരെ നീണ്ടുകിടക്കുന്നു. ഏതാണ്ട് 1500 നാഴിക നീളം കാണും. ഏറിയ വീതി 250 നാഴികയാണ്. ഏറിയ പൊക്കം 5 നാഴികവരെ കാണാം. നീപ്പാൾ, ബൂട്ടാൻ എന്നീ രാജ്യങ്ങൾ മലനിരയുടെ ഉള്ളിലാണ്. നീപ്പാളും ബൂട്ടാനിന്റെ പടിഞ്ഞാറു ഭാഗത്തു കിടക്കുന്നു. ആ രാജ്യത്തിനു 500 നാഴിക നീളമുണ്ട്. സാകിം എന്ന പ്രദേശം ഈ രണ്ടു രാജ്യങ്ങൾക്കും മദ്ധ്യേ കിടക്കുന്നു.

അദ്ധ്യായം 10.

തൊഴിലുകൾ.

കൃഷി. ഇന്ത്യയിലെ മുക്കാൽഭാഗം ജനങ്ങൾക്കും കൃഷിയാണ് തൊഴിൽ. ബങ്കാൾ, മദ്രാസ്, പഞ്ചാബ് ഇവയാണ് മുഖ്യ കൃഷിപ്രദേശങ്ങൾ. പഞ്ചാബിൽ ആവശ്യമുള്ളപ്പോൾ വഷ്ം ഇല്ലാത്ത കാരണം അണകെട്ടി കാലുകൾവഴി വെള്ളം തിരിച്ചു വയലുകൾ നനയ്ക്കുന്നു.

കന്നുകാലി മേയ്ക്കൽ. മഴ ഇല്ലാത്തവയും വെള്ളം തിരിക്കുവാൻ സൌകര്യമില്ലാത്തവയും ആയ സ്ഥലങ്ങൾ കൃഷിക്ക് ഉപയോഗശൂന്യമായ് തീരുന്നു. അവിടെ കന്നുകാലികളെ വളർത്തുന്നു. കന്നുകാലികളെ പോറ്റുന്നതാണ്. കാശ്മീരം, ഏകോപിച്ച സംസ്ഥാനം ഈ ദിക്കുകളിലെ ഒരു പ്രധാന തൊഴിൽ.

നായാട്ട്, പീൻപിടിത്തം. കാട്ടുപ്രദേശത്തിൽ അധിവസിക്കുന്ന ജനങ്ങൾ വേട്ടയാടി ഉപജീവനം കഴിക്കുന്നു. സമുദ്രതീരത്തിൽ താമസിക്കുന്നവർ മീൻപിടിച്ചും സമുദ്രത്തിൽ മുങ്ങി മുത്ത്, പവിഴം എന്നീ വിശിഷ്ടസാധനങ്ങൾ എടുത്തു വിറ്റും ഉപജീവനം കഴിക്കുന്നു.

ഖനികൾ. ഭൂമിയുടെ അടിയിൽ പലതരം വിലപിടിച്ച ധാതുക്കൾ ഉണ്ട്. അവയെ കുഴിച്ച് എടുക്കൽ ഒരു തൊഴിലാണ്.

സിന്ധുഗംഗാതടത്തിൽ ധാതുക്കൾ വളരെ ഇല്ല. ഇന്ത്യയിൽ ധാതുക്കൾ കണ്ടുവരുന്നതു് അധികമായും ദക്ഷിണഖണ്ഡത്തിൽ തന്നെ.

കല്ക്കരി, സ്വർണ്ണം, ചെമ്പ്, തകരം, തുത്തനാഗം, ഈയം, ഇരിമ്പ്, മാൻഗനീസു, വൈരക്കല്ലു് എന്നിവയാണ് ഇന്ത്യയിൽ കണ്ടുവരുന്ന ധാതുക്കൾ.

ഈ ധാതുക്കളിൽതന്നെ ഇവിടെ അധികം എടുത്തുവരുന്നതു കല്ക്കരിയാകുന്നു. തെക്കുപടിഞ്ഞാറൻ ബങ്കാൾ, ബീഹാർ, ഒറീസ്സ എന്നിവിടങ്ങളിൽനിന്നാണ് കല്ക്കരി അധികമായും ലഭിച്ചുവരുന്നതു്. ഇവിടെ ഇന്നു് എടുത്തുവരുന്ന കല്ക്കരി വളരെയധികമില്ലെങ്കിലും, ഇവിടത്തെ ആവശ്യംകഴിച്ചു കല്ക്കരി കയറ്റി അയച്ചുവരുന്നു. ഏതാണ്ടു് 39,000 ചതുരശ്രനാഴിക വിസ്താരമുള്ള സ്ഥലത്തുനിന്നു കല്ക്കരി എടുത്തുവരുന്നു. ആസ്സാം, സിന്ധു, ബലൂചിസ്ഥാൻ, ആഫ്ഗാനിസ്ഥാൻ, ബർമ്മ, പഞ്ചാബു് എന്നിവിടങ്ങളിൽ കല്ക്കരി കണ്ടുവരുന്നു.

ഇന്ത്യയിൽനിന്നു കുഴിച്ചെടുക്കുന്ന മറ്റൊരു ധാതുവാണ് സ്വർണ്ണം. മൈസൂരിൽനിന്നാണ് ഇന്നു സ്വർണ്ണം അ

ധികമായി ലഭിച്ചുവരുന്നത്. ഹൈദരാബാദ്, ബമ്മ, മദ്രാസ്, ബോംബെ, കാശ്മീരം എന്നീ സ്ഥലങ്ങളിലും സ്വർണ്ണം കണ്ടുവരുന്നുണ്ട്.

മദ്രാസ്, മദ്ധ്യസംസ്ഥാനം, ബങ്കാൾ, ബീഹാർ, ഒറീസ്സ എന്നീ സ്ഥലങ്ങളിൽ ഇരിമ്പു കണ്ടുവരുന്നു. താറയുടെ ഇരിമ്പുവ്യവസായക്കമ്പനി പ്രസിദ്ധമത്രെ.

ദക്ഷിണ ഇന്ത്യ, രാജപുത്രസ്ഥാനം, ഹിമാലയം എന്നിവിടങ്ങളിൽ ചെമ്പു കണ്ടുവരുന്നു.

ബമ്മയിൽ തകരമുണ്ട്.

മാൻഗനീസ്സു മദ്ധ്യസംസ്ഥാനം, മദ്രാസ്, ബോംബെ, ബങ്കാൾ, മൈസൂർ എന്നിവിടങ്ങളിൽനിന്നു ലഭിച്ചുവരുന്നു.

പഞ്ചാബു, പശ്ചിമോത്തരസംസ്ഥാനം, രാജപുത്രസ്ഥാനം എന്നിവിടങ്ങളിൽനിന്ന് ഉപ്പെടുത്തുവരുന്നു.

ബലൂചിസ്ഥാൻ, ആസ്സാം, ബമ്മ, പഞ്ചാബ് എന്നിവിടങ്ങളിൽനിന്നു മണ്ണെണ്ണ കുഴിച്ചെടുക്കുന്നു. ബമ്മയിലെ യീനങ്ങ്യോങ്ങ് എന്ന സ്ഥലത്തുനിന്നാണ് മണ്ണെണ്ണ പ്രധാനമായും ലഭിക്കുന്നത്.

ദക്ഷിണേന്ത്യയിൽനിന്നും വിന്ധ്യൻ മലകളിൽനിന്നും വൈരം കുഴിച്ചെടുക്കുന്നു. ഗോൽക്കണ്ടയിലെ ഖനികളിൽനിന്നു ലഭിച്ച "കോഹിനൂർ" എന്ന വൈരം വളരെ പ്രസിദ്ധമായതാണ്. അതു് ഇന്നും നമ്മുടെ ചക്രവർത്തിയുടെ കിരീടത്തിന്മേൽ പതിച്ചിരിക്കുന്നു.

വ്യവസായങ്ങൾ. വ്യവസായങ്ങളെ രണ്ടായി തിരിക്കാം: കുടിൽവ്യവസായങ്ങളും, യന്ത്രശാലാവ്യവസായങ്ങളും.

നെയ്ത്ത്. പ്രാചീനകാലം മുതൽക്കുതന്നെ ഇന്ത്യയിൽ നെഴ്ത്ത് ഒരു പ്രധാനകൈത്തൊഴിലാണ്. പരുത്തിച്ചെടി വളത്തി അതിന്റെ കായിൽനിന്നും പഞ്ഞി എടുത്തു നൂൽ നൂറു വസ്ത്രങ്ങൾ നെയ്യുവരുന്നുണ്ട്. ഇന്ന് ഇന്ത്യയിൽ അധികഭാഗവും ഉപയോഗിക്കുന്ന വസ്ത്രങ്ങൾ യന്ത്രശാലകളിൽ നെയ്യുണ്ടാക്കിയതാണ്. എന്നാൽ ഇന്നും പ്രത്യേകതരം വസ്ത്രങ്ങൾ പലതും കൈത്തറിയിൽ തന്നെയാണ് ചെയ്യുവരുന്നത്.

നാളികേരസമൃദ്ധമായ ഇന്ത്യയുടെ പടിഞ്ഞാറെ കരയിൽ കയർവ്യവസായം ഒരു പ്രധാനതൊഴിലാകുന്നു. അതു പ്രധാനമായി നടക്കുന്നതു കൊച്ചി, തിരുവിതാംകൂർ എന്നീ രാജ്യങ്ങളിൽ ആകുന്നു.

നമ്മുടെ നാട്ടിൽ കൈത്തൊഴിലുകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് ബീഡി തിരുക്കുന്നതു്.

ലോഹംകൊണ്ടു നാനാതരത്തിലുള്ള ആഭരണങ്ങളും മറ്റും ഉണ്ടാക്കൽ കുടിൽവ്യവസായത്തിലെ പ്രധാനമായ ഒരംശമാണ്. രാജപുത്രസ്ഥാനത്തിൽ ഇന്നും വാളുകൾ, കഠാരികൾ, പരിചകൾ, കവചങ്ങൾ എന്നിവ ഉണ്ടാക്കിവരുന്നു.

ദന്തംകൊണ്ടുള്ള വേലകൾ ഇന്നു പ്രധാനമായി ഡൽഹി, മൂഷിദാബാദ്, മൈസൂർ, തിരുവിതാംകൂർ, മൂംമൈൻ എന്നിവിടങ്ങളിൽ നടന്നുവരുന്നു.

സ്വർണ്ണംപൂശൽ അഥവാ മുക്കൽ ഇന്ത്യയിൽ വളരെ കാലമായി നടന്നുവരുന്ന ഒരു തൊഴിലാണ്. ജയപുരത്തുള്ളവരാണ് ഈ വേലയിൽ മുമ്പന്മാർ. ഭവാനിപുരം,

ബൂജ് എന്നീ സ്ഥലങ്ങളിലും ഇതു നടന്നുവരുന്നുണ്ട്. വെള്ളിപൂശുന്നതിനു പ്രസിദ്ധപ്പെട്ട പട്ടണങ്ങൾ മൂംബ്ടാൻ, ലക്കനൌ, രാമപുരം എന്നിവയാണ്. ചെമ്പുപൂശൽ കാശ്മീരത്തിലാണ് നടന്നുവരുന്നത്.

ബങ്കളൂർ, മൈസൂർ, തിരുവിതാംകൂർ, തൂശ്ശിനാപ്പള്ളി, മദ്രാസുപട്ടണം, പൂന, ബീജപുരം, ഷോലാപുരം, അഹമ്മദ്ബാദ്, ബറോഡ, പൂന, ലക്കനൌ, കൽക്കത്ത, കട്ടാക്ക്, ഡക്ക, മോംഗീർ, റങ്കൂൺ, ജാൻസി എന്നിവടങ്ങളിലെ സ്വർണ്ണാഭരണങ്ങൾ പ്രസിദ്ധമത്രെ.

മൺപാത്രങ്ങളുണ്ടാക്കൽ ഇന്ത്യയിലെ മറെറാരു വ്യവസായമാണ്. പേഷ്വാർ, ഡൽഹി, ജയപുരം, വെല്ലൂർ, ബമ്മ എന്നിവിടങ്ങളിലെ മൺപാത്രവ്യവസായമാണ് പ്രസിദ്ധമായതു്.

വക്കവ്യവസായം ഇന്ത്യയിലെ പ്രധാനമായ ഒരു വ്യവസായമാണ്. ഇന്ത്യയിൽ 80 യന്ത്രശാലകളിൽ വക്കവ്യവസായം നടന്നുവരുന്നു. അവയെല്ലാം ബങ്കാളത്തിലാകുന്നു; അധികഭാഗവും കല്ക്കത്തയിലത്രെ.

പട്ടവസ്ത്രമുണ്ടാക്കലാണ് മറെറാരു വ്യവസായം. അതു് അധികമായി നടക്കുന്നതു ബങ്കാളത്തിൽതന്നെ. ബാരാംപുരം എന്ന സ്ഥലത്തു പട്ടുപുഴുക്കളെ വളത്തിവരുന്നു. ഐക്യസംസ്ഥാനങ്ങൾ, പഞ്ചാബു്, പശ്ചിമോത്തരപ്രദേശങ്ങൾ എന്നിവടങ്ങളിലും പട്ടവ്യവസായം നടന്നുവരുന്നു.

ആഗ്ര, കാശി, അഹമ്മദ്ബാദ്, ബറോഡ, സൂറത്ത്, ബനാൻപുരം, ഔറംഗബാദ്, തഞ്ചാവൂർ, തൂശ്ശിനാ

പുള്ളി എന്നിവടങ്ങളിലെ കസവുവസ്ത്രങ്ങൾ പ്രസിദ്ധമത്രെ കത്തിയവാറിലെ പട്ടസാരികൾ ഇന്ത്യയിൽ എവിടേയും ഉപയോഗിച്ചുവരുന്നു.

കാശ്മീരം, പഞ്ചാബു, മദ്ധ്യപ്രദേശം എന്നിവടങ്ങളിൽ രോമവ്യവസായം നടന്നുവരുന്നു.

വസ്ത്രങ്ങൾക്കു ചായംകൊടുക്കൽ പ്രധാനമായ ഒരു തൊഴിലാണ്.

കോഴിക്കോട്ട, റങ്കൂൺ എന്നിവടങ്ങളിൽ മരം അറക്കൽ നടന്നുവരുന്നു.

ബങ്കാളത്തിൽ കടലാസ്സുണ്ടാക്കിവരുന്നു.

നെല്ലുകുത്തു; ബങ്കാൾ, മദ്രാസ്സു, ബമ്മ എന്നിവടങ്ങളിലെ പ്രധാനമായ ഒരു വ്യവസായമാണ്. പഞ്ചാബു, സിണ്ടു, ഐക്യസംസ്ഥാനം എന്നിവടങ്ങളിൽ ഗോതമ്പുകുത്തി അരിയാക്കിവരുന്നു.

കരിമ്പിൽനിന്നു പഞ്ചസാരയും പനയിൽനിന്നു ശർക്കരയും ഉണ്ടാക്കുന്നു.

മലബാറിൽ കയറും പായകളും ഉണ്ടാക്കുന്നു.

തോലുകൊണ്ടു നാനാതരത്തിലുള്ള സാമാനങ്ങളുണ്ടാക്കൽ പ്രധാനമായ ഒരു വ്യവസായമാണ്. കാൺപൂരത്തിൽ ബൂട്ട്സ്, ബെൽറ്റു, കുതിരസ്സാമാനം എന്നിവ പ്രസിദ്ധമത്രെ.

മംഗലാപുരത്തു് കാട്ടുണ്ടാക്കിവരുന്നു.

പ്രസിദ്ധ ടാറാകമ്പനിക്കാരുടെ വകയായി ജാംഷെഡ്പൂരിൽ ഇരിമ്പുസാമാനങ്ങൾ ഉണ്ടാക്കുന്ന ഒരു ശാലയുണ്ട്.

ഇന്ത്യയിൽ സോപ്പുനിർമ്മാണം ഒരു നല്ല തൊഴിലായി തീർന്നിട്ടുണ്ട്. ഇന്ത്യയിൽ ഏതു ഭാഗത്തും സോപ്പ് ഉണ്ടാക്കുന്ന ശാലകൾ ഉണ്ട്.

പഞ്ചാബിൽ കരിമ്പിൽനിന്നും പഞ്ചസാര ഉണ്ടാക്കുന്ന ഒരു കേന്ദ്രമുണ്ട്.

സിമെണ്ടു, തീപ്പെട്ടി ഇവ ഉണ്ടാക്കുന്നതും നമ്മുടെ നാട്ടിൽ ധാരാളമായി നടന്നുവരുന്ന കൈത്തൊഴിലുകളാണ്.

അദ്ധ്യായം 11.

ഗതാഗതമാർഗ്ഗങ്ങളും തപാലും.

ഗതാഗതമാർഗ്ഗങ്ങളെ പണ്ടു സ്ഥലമാർഗ്ഗങ്ങളെന്നും ജലമാർഗ്ഗങ്ങളെന്നും വിഭജിച്ചിരുന്നു. ഇപ്പോൾ വായുമാർഗ്ഗം എന്നൊരു വിഭാഗവുംകൂടി പുതുതായി ചേർക്കാവുന്നതത്രെ.

പണ്ടുകാലത്തെ സ്ഥലമാർഗ്ഗം പാതതന്നെ ആയിരുന്നു. അന്നു പാതകൾ വെട്ടിയിരുന്നതു് അധികമായും സൈന്യസംബന്ധമായ ആവശ്യങ്ങൾക്കായിരുന്നു. ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കുള്ള പോക്കുവരവിനു് എളുപ്പം ഉണ്ടാകേണമെന്നു കരുതി വെട്ടപ്പെട്ടിട്ടുള്ള പാതകൾ നന്നു ചുരുക്കം. സാമാനങ്ങൾ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു കൊണ്ടുപോകാനുള്ള എളുപ്പത്തിനുവേണ്ടി പാതകൾ വെട്ടാറുണ്ട്.

ഇന്ത്യയിൽ നല്ല റോഡുകൾ വെട്ടാൻ തുടങ്ങിട്ടു 150 കൊല്ലത്തിലധികമായിട്ടില്ല. അതിനുമുമ്പു രാജ്യത്തിന്റെ ഒരറ്റത്തുനിന്നു മറ്റൊരറ്റത്തേക്കു പോകാൻ മാസങ്ങളുണ്ടായിരുന്നു. അവയിൽക്കൂടി മനുഷ്യർക്കും മൃഗങ്ങൾക്കും മാത്രമേ സഞ്ചരിപ്പാൻ സൌകര്യമുണ്ടായിരുന്നുള്ളൂ. വാഹനങ്ങൾ കൊണ്ടുപോകാൻ ഞെരുക്കമായിരുന്നുവെന്നത്രേ. ഈ പാതകളെ കാക്കാൻ കാവല്ക്കാരുണ്ടായിരുന്നു. കാവല്ക്കാരുടെ ശമ്പളത്തിനും മറ്റുമായി രാജാക്കന്മാർ ചെറിയൊരു ചുങ്കം വഴിയാത്രക്കാരുടെ പക്കൽ നിന്നു പിരിച്ചിരുന്നു.

ഇന്നു നാട്ടിൽ എല്ലായിടത്തും നല്ല റോഡുകളുണ്ട്. സിന്ധുഗംഗാതടത്തിൽ പാതകളുണ്ടാക്കാൻ വളരെ എളുപ്പമാണ്. എന്നാൽ അവയെ സംരക്ഷിച്ചുപോരാനാണ് പ്രയാസം. പാതകളിൽ കല്ലിട്ടു തല്ലുവാൻ കല്ലു കിട്ടാൻ പ്രയാസം. അവിടത്തെ പാതകളിൽ ഇഷ്ടികകളാണ് ഇട്ടിരിക്കുന്നത്. മദ്രാസ്, ബോംബെ എന്നീ സംസ്ഥാനങ്ങളിൽ നിലത്തിന്റെ വിതാനത്തിലുള്ള വ്യത്യാസംകൊണ്ടു പാതകൾ വെട്ടാൻ പ്രയാസമായി കാണുന്നു. എങ്കിലും ഇന്ന് ഇന്ത്യയിൽ ആകെ 50,000 നാഴിക നീളത്തോളമുള്ള കല്ലിട്ടതല്ലിയ പാതകളുണ്ട്. അതിന്റെ മൂന്നിരട്ടി കല്ലിട്ടതല്ലാത്ത പാതകളുമുണ്ട്.

ഇനി പറയേണ്ടതു തീവണ്ടിപാതകളെപ്പറ്റിയാണ്. ഇന്ത്യയിൽ ഉദ്ദേശം 40,000 നാഴിക നീളത്തിലുള്ള തീവണ്ടിപ്പാതകളുണ്ട്. എന്നാൽ രാജ്യത്തിന്റെ വലിപ്പത്തിന് ഇതെത്രയും പോരാത്തതാകുന്നു. യൂറോപ്പിലെ

പാതകളുടെ നീളം ഇതിന്റെ 5 ഇരട്ടിയും, ഐക്യനാട്ടുകളിലെ പാതകളുടെ നീളം 7 ഇരട്ടിയുമാകുന്നു.

സിന്ധുഗംഗാതടത്തിൽ അനവധി പാതകളുണ്ട്.

പാതകളിൽ അധികഭാഗവും ഗംഗയുടെ തെക്കുഭാഗത്താണ്.

ഇന്ത്യയിലെ പ്രധാന തീവണ്ടിപ്പാതകളെ കല്ക്കത്തയിൽനിന്നു പുറപ്പെടുന്നവ, ബോംബയിൽനിന്നു പുറപ്പെടുന്നവ, മദ്രാസിൽനിന്നു പുറപ്പെടുന്നവ, കറാച്ചിയിൽനിന്നു പുറപ്പെടുന്നവ എന്നിങ്ങിനെ നാലു് ഇനങ്ങളാക്കിതിരിക്കാം.

കല്ക്കത്തയിൽനിന്നു പുറപ്പെടുന്നവ ബങ്കാൽനാഗപുരംപാത, ഈസ്റ്റ് ഇന്ത്യൻപാത, ഈസ്റ്റേൺബങ്കാൽപാത എന്നിവയും; ബോംബേയിൽനിന്നു പുറപ്പെടുന്നവ ഗ്രേറ്റ് ഇന്ത്യൻപെൻഇൻസുലർപാത, ബോംബെ,ബറോഡ, മദ്ധ്യേന്ത്യാപാത എന്നിവയും; മദ്രാസിൽനിന്നു പുറപ്പെടുന്നവ തെൻ ഇന്ത്യാപാത; മദ്രാസുസതേൺ മഹാരാട്ടപാത എന്നിവയും; കറാച്ചിയിൽനിന്നു പുറപ്പെടുന്നോത്തുവെസ്റ്റേൺ പാതയുമാണു പ്രധാനമായവ.

കല്ക്കത്തയിൽനിന്നു പുറപ്പെടുന്ന ബങ്കാൽ-നാഗപുരംപാത കരഗപുരത്തെത്തുന്നു. അവിടെ അതു മൂന്നു ശാഖകളായി പിരിയുന്നു. ഒരു ശാഖ വടക്കുപടിഞ്ഞാറു പോയി റാനിഗഞ്ചു കല്ക്കരിഖനികളിൽവച്ചു് ഈസ്റ്റ് ഇന്ത്യൻപാതയുമായി യോജിക്കുന്നു. രണ്ടാമതൊരു ശാഖ നേരെ നാഗപുരത്തേക്കു പോകുന്നു. അവിടെ അതു ഗ്രേറ്റ് ഇന്ത്യൻ പെൻഇൻസുലാർ പാതയോടു ചേരുന്നു.

ഈ പാത രാജപുത്രസ്ഥാനത്തിലെ പാതകളുമായി ബന്ധിച്ചിരിക്കുന്നു. മൂന്നാമത്തെ ശാഖ വിശാഖപട്ടണത്തിലെത്തുന്നു. അതു മദ്രാസു-സതേൺ-മഹാരാഷ്ട്രപാതയുമായി യോജിക്കുന്നു.

കല്ക്കത്തയിൽനിന്നു പുറപ്പെടുന്ന ഈസ്റ്റ് ഇന്ത്യൻപാത വടക്കോട്ടു പോകുന്നു. മൊഗൽസരൈ എന്ന സ്ഥലത്തു് ഈ പാതയും ഗ്രാണ്ടുകോർഡുപാതയുമായി ചേരുന്നു. ഈസ്റ്റ് ഇന്ത്യൻപാതയുടെ മറ്റൊരു ശാഖ കാനടയിൽനിന്നു വന്നു പ്രധാനപാതയുമായി ലക്കീസ്സരൈ എന്ന സ്ഥലത്തുവച്ചു കൂട്ടിമുട്ടുന്നു. ഈസ്റ്റ് ഇന്ത്യാപാത അലഹബാദിലെത്തുന്നു. അവിടെനിന്നു വേറെ ശാഖ പുറപ്പെട്ടു ഗ്രേറ്റ് ഇന്ത്യൻ പെൻഇൻസുലർ പാതയുമായി കറ്റ്നി എന്ന സ്ഥലത്തുവെച്ചു കൂട്ടിമുട്ടുന്നു. മറ്റൊരു ശാഖ ആഗ്രയിലേക്കു പോകുന്നു. ആഗ്രയിൽനിന്നു പാത മീററുവരെ എത്തുന്നു. അവിടെനിന്നു നോർത്തുവെസ്റ്റേൺ പാത സഹരൻപുരത്തേക്കും അവിടെനിന്നു ഡൽഹി, അമ്പാല, കല്ക്കത്ത എന്നി സ്ഥലങ്ങളിൽകൂടി സിംലയിലേക്കും പോകുന്നു. ഈസ്റ്റ് ഇന്ത്യൻപാതയാണു ഗംഗാതടത്തിലെ പ്രധാന പാത. മോഗിർ എന്ന സ്ഥലത്തുവച്ചു് ഈ പാത ബങ്കാഠം ആൻറ് നോർത്തുവെസ്റ്റേൺ പാതയുമായി യോജിക്കുന്നു. കാശി, അലഹബാദ്, കാൺപൂരം എന്നീ സ്ഥലങ്ങളിലേക്ക് ഔഡ് ആൻറ് റോഹിൽഖണ്ഡപാതയുടെ ശാഖകൾ പോകുന്നു.

കല്ക്കത്തയിൽനിന്നു പുറപ്പെടുന്ന മറ്റൊരു പ്രധാനപാതയാണു് ഈസ്റ്റേൺ ബങ്കാഠംപാത. അതിന്റെ ഒരു

ശാഖ മൂർഷിദാബാദിൽക്കൂടി വടക്കോട്ട പോകുന്നു. അവിടെ നിന്ന് അതു കതിഹരത്തിലേക്കു പോകുന്നു. അവിടെ അതു ബങ്കാഠം ആൻറ് നോത്ത്വെസ്റ്റേൺ പാതയുമായി യോജിക്കുന്നു. തദനന്തരം പാത നീപ്പാളത്തിൻെറ അതൃത്തിവരെ എത്തുന്നു. മറെറാരു ശാഖ റാണഘട്ടത്തിലേക്കും ഡാർജീലിങ്ങിലേക്കും പോകുന്നു. ഈസ്റ്റേൺ ബങ്കാഠം പാതയുടെ ഒരു ശാഖ ഡാക്കയിലെത്തുന്നു. അവിടെ അതു് ആസ്സാം ആൻറ് ബങ്കാഠം പാതയുമായി യോജിക്കുന്നു. ഗോഹതിയിൽനിന്നു വരുന്ന ആസ്സാം ആൻറ് ബങ്കാഠം പാതയുടെ ഒരു ശാഖയും ഈസ്റ്റേൺബങ്കാഠം പാതയുമായി യോജിക്കുന്നു.

ബോംബെയിൽനിന്നു പുറപ്പെടുന്ന പ്രധാനമായ ഒരു പാത ഗ്രേറ് ഇന്ത്യൻ പെൻഇൻസുല പാതതന്നെ. അതു ബോംബെയിൽനിന്നു താനയിലേക്കും പിന്നെ കല്യാണത്തിലേക്കും പോകുന്നു. താനയിലേക്കു പോകുന്ന ശാഖ ബോർഗാറ് എന്ന സ്ഥലത്തുവച്ചും, ബുഷാവൽ എന്ന സ്ഥലത്തേക്കു പോകുന്ന ശാഖ താൽഗാറ് എന്ന സ്ഥലത്തുവെച്ചും പശ്ചിമഘട്ടത്തെ കടക്കുന്നു. ബുഷാവല്ലയിലേക്കു പോകുന്നതാണ് ഗ്രൈറ് ഇന്ത്യൻപാതയുടെ പ്രധാന ശാഖ. അതു ജാൻഗോൺ എന്ന സ്ഥലത്തുവച്ചു ബോംബെ-ബറോഡപാതയുമായി യോജിക്കുന്നു. ബുഷാവല്ലയിൽനിന്നു നാഗപുരത്തേക്കു പോകുന്ന ശാഖ ഗ്രൈറ് ഇന്ത്യൻ പെൻഇൻസുലാപാതയെ ബങ്കാഠം-നാഗപുരം പാതയുമായി യോജിപ്പിക്കുന്നു. ജബൽപുരത്തെത്തുന്ന ബങ്കാഠം-നാഗപുരം പാത ഈസ്റ്റ് ഇന്ത്യൻ പാതയു

മായി ചേരുന്നു. ജബൽപുരത്തിനാടുത്തുള്ള ഇറ്റാർസി എന്ന സ്ഥലത്തുനിന്ന് ഒരു പാത ജാൻസിയിലെത്തുന്നു. അവിടെനിന്നു പുറപ്പെടുന്ന ഒരു ശാഖ മണികപുരത്തുവച്ചു ഈസ്റ്റ് ഇന്ത്യൻ പാതയുമായി ചേരുന്നു. മറ്റൊരു ശാഖ കാൺപൂരേക്കു പോകുന്നു. മൂന്നാമതൊന്നു മഥുരയിലേക്കു പോകുന്നു.

കല്യാണത്തിനും ബുഷവല്ലിനും ഇടയിലായി മാൽമഡ് എന്നൊരു സ്ഥലമുണ്ട്. അവിടെവച്ചു ഹൈദരാബാദ്-ഗോദാവരി-താപ്ത്തിയിലെ പാത ഗ്രൈറ്റ് ഇന്ത്യൻ പെൻഇൻസുലപാതയുമായി യോജിക്കുന്നു. ഇങ്ങിനെ ഹൈദരാബാദു, കല്ക്കത്ത, ബോംബെ എന്നീ നഗരങ്ങളായി ബന്ധപ്പെട്ടിരിക്കുന്നു.

പൂനയിൽ ഗ്രൈറ്റ് ഇന്ത്യൻ പെൻഇൻസുലപാതയും മദ്രാസുസതേൻ മഹാരാഷ്ട്രപാതയുമായി യോജിക്കുന്നു. വാഡി എന്ന സ്ഥലത്തു ഗ്രൈറ്റ് ഇന്ത്യൻ പെൻഇൻസുലാപാത നൈസാംഗാറൻറ്റിഡു പാതയുമായി ചേരുന്നു. റെയിച്ചൂർ എന്ന സ്ഥലത്തു ഗ്രൈറ്റ് ഇന്ത്യൻ പാത മദ്രാസു മഹാരാഷ്ട്രപാതയുമായി വീണ്ടും ചേരുന്നു.

ബോംബയിൽനിന്നു പുറപ്പെടുന്ന മറ്റൊരു പാതയാണല്ലൊ ബോംബെ ബറോഡ മദ്ധ്യേന്ത്യാപാത. ഈ പാത സൂററു, ബറോഡ, ഗോദ്ധ്ര, റട്ലം, അജ്മീരം, റിപാരി എന്നിവിടങ്ങളിൽകൂടി ഡൽഹിയിലേക്കു പോകുന്നു. ഇതിൻറ ഒരു ശാഖ ജയപുരത്തിൽകൂടി ആഗ്രയിലെത്തുന്നു. സൂററിൽനിന്നു പുറപ്പെടുന്ന ഒരു ശാഖ ജാൻഗോൺ എന്ന സ്ഥലത്തുവച്ചു ഗ്രൈറ്റ് ഇന്ത്യൻ പെൻ

ഇൻസുലപാതയുമായി ചേരുന്നു. ബറോഡയിൽനിന്നു ഒരു പാത കച്ച് റണിന്മേൽ സ്ഥിതിചെയ്യുന്ന കരഗ്ഘോഡയിലേക്കു പോകുന്നു. ഗൊധ്രയിൽനിന്ന് ഒരു ശാഖ കാംബേയിലേക്കു പോകുന്നു. റട്ലം എന്ന സ്ഥലത്തുവച്ചു ബോംബെ ബറോഡപാത അജമീരത്തിലേക്കു പോകുന്ന ഒരു പാതയുമായി യോജിക്കുന്നു. ഈ പാത ചിറ്റൂർ ഉദയപുരം, ഇന്തോർജാൻസി; ഔറംഗാബാദ്, ഉജ്ജയനി എന്നീ സ്ഥലങ്ങളുമായി ബന്ധിച്ചിരിക്കുന്നു. ജോധപുരം–ബിക്കാനിയർപാത നോത്തുവെസ്റ്റേൺപാതയുമായി ബന്ധിക്കുന്നു. ഗ്രേറ്റ് ഇന്ത്യൻ പെൻഇൻസുലപാത ബങ്കാമം–നാഗപുരംപാത, ഈസ്റ്റ് ഇന്ത്യാപാത എന്നിവയുമായി സംഘടിതമായിരിക്കുന്നു.

കറാച്ചിയിൽനിന്നു പുറപ്പെടുന്ന പ്രധാന പാത നോത്തുവെസ്റ്റേൺപാതതന്നെ. അതു സിന്ധ്, ബഹാവൽപൂർ, വടക്കുപടിഞ്ഞാറെ സംസ്ഥാനം, പഞ്ചാബ്, കാശ്മീരം എന്നിവിടങ്ങളിലേക്കു ശാഖകൾ അയക്കുന്നു. കറാച്ചിയിൽനിന്നു പുറപ്പെട്ട് അതു സിന്ധുവിന്മേലുള്ള കോടിയിലെത്തുന്നു. അവിടെ ഒരു ശാഖ നദി കടക്കുന്നു. ഹൈദരാബാദ് എന്ന സ്ഥലത്തും ബാട്ടിൻഡ എന്ന സ്ഥലത്തും ജോധപുരം–ബിക്കാനിയർപാത ഈ പാതയുമായി യോജിക്കുന്നു. ഈ പാത ബൊലാൻചുരം കടന്നു ബഹാവൽപൂർ സ്ഥാനത്തിലെ കൊറായിലെത്തുന്നു. അവിടെനിന്നു ഒരു ശാഖ അഫ്ഗാനിസ്ഥാനത്തിന്റെ അതൃത്തിയായ ചാമനിലേക്കും, മറ്റൊന്നു നഷ്കിയിലേക്കും

പോകുന്നു. ബറാഡഞ്ചയിൽനിന്നു പാത ഡൽഹിയിലേക്കു തിരിയുന്നു. ഡൽഹിനഗരത്തിൽ ബോബെ-ബറോഡ പാത, ഗ്രൈറ്റ് ഇന്ത്യൻപെൻഇൻസുലാപാത; ഈസ്റ്റ് ഇന്ത്യൻപാത; ഡൽഹി-കൽക്കത്ത-അമ്പാലപാത; ഔഡ്റോഹിൽ ഖണ്ഡംപാത എന്നിവ കൂട്ടിമുട്ടുന്നു. നോർത്ത് വെസ്റ്റേൺ പാതയുടെ ഒരു ശാഖ അമൃതസരസ്സിലേക്കും; മറെറാന്നു ഷോർകോട്ടിലേക്കും; മറെറാന്നു ഷോർഷയിലേക്കും തിരിയുന്നു. ലാഹൂരാണ് നോർത്ത്വെസ്റ്റേൺ പാതയുടെ മദ്ധ്യസ്ഥാനം. അവിടെനിന്ന് ഒരു ശാഖ അമൃതസരസ്സിലേക്കും; മറെറാന്നു പനൻകോട്ടിലേക്കും; മറെറാന്നു ഫറോറിലേക്കും; മറെറാന്നു ഫിറസപുരത്തിലേക്കും; മറെറാന്നു പെഷവാർ, ജാംറൂഡ് എന്നിവിടങ്ങളിലേക്കും പോകുന്നു.

മദ്രാസിൽനിന്നു പുറപ്പെടുന്ന പ്രധാന പാതകളാണ് മദ്രാസുസതേൺ മഹാരാഷ്ട്രപാത, തെൻ ഇന്ത്യാപാത എന്നിവതന്നെ.

മദ്രാസുമഹാരാഷ്ട്രപാതയ്ക്കു രണ്ടു ശാഖകളുണ്ട്. ഒന്നു വിശാഖപട്ടണത്തിലേക്കും, മറെറാന്നു റെയിച്ചൂരിലേക്കും പോകുന്നു. ബജവാഡ എന്ന സ്ഥലത്തു വിശാഖപട്ടണം ശാഖ, നൈസാം ഗാരൻറീഡുപാതയുമായി യോജിക്കുന്നു. ഗുണ്ടക്കൽനിന്നു പുറപ്പെടുന്ന ഒരു ശാഖ ബങ്കളൂർക്കും മൈസൂർക്കും പോകുന്നു. മദ്രാസുമഹാരാഷ്ട്രപാത പൂനയിൽവച്ചു ഗ്രൈറ്റ് ഇന്ത്യൻ പാതയുമായി യോജിക്കുന്നു. വിശാഖപട്ടണശാഖ വാൾട്ടെയറിൽവച്ചു ബങ്കാൾ-നാഗപുരം പാതയുമായി സംഘടിതമാകുന്നു. തെൻഇ

ന്ത്യാപാതയിന്മേലുള്ള ജൊലാർപേട്ടയിൽനിന്നു മദ്രാസുമഹാരാഷ്ട്രപാതയുടെ ഒരു ശാഖ ബങ്കളൂക്കു പോകുന്നു.

തെൻഇന്ത്യാപാത മദ്രാസിൽനിന്നു പുറപ്പെട്ട് ആർക്കോണത്തെത്തുന്നു. ഒരു ശാഖ വില്ലുപുരത്തെത്തുന്നു. അവിടെനിന്ന് അതു കാട്ടുപാടിയിലേക്കു പോകുന്നു. ഇവിടെ അതു മദ്രാസുമഹാരാഷ്ട്രപാതയുമായി യോജിക്കുന്നു. വില്ലുപുരത്തുനിന്നു മറെറാരു ശാഖ പുതുശ്ശേരിക്കു പോകുന്നു. മറെറാന്നു കടലൂക്കു പോകുന്നു. കടലൂരിൽനിന്നു ധനുഷ്കോടിവരെ എത്താം. ജോലാർപേട്ടയിൽനിന്നു പുറപ്പെടുന്ന പ്രധാന ശാഖ ഈറോഡ്, ഷൊർണൂർ, മംഗലാപുരം എന്നിവിടങ്ങളിലേക്കു പോകുന്നു. ഷൊർണൂർനിന്നു പുറപ്പെടുന്ന ഒരു ശാഖ എറണാകുളത്തെത്തുന്നു.

ആസ്സാം ബങ്കാൾ പാത അവസാനിക്കുന്നതു മിറഗാങ്ങിലത്രെ. ഇതിന്റെ ഒരു ശാഖ സിൽഹിറ്റിലേക്കും മറെറാന്നു ഗോഹതിയിലേക്കും പോകുന്നു. അവിടെ അതു ഈസ്റ്റേൺ ബങ്കാൾ പാതയുമായി യോജിക്കുന്നു.

അന്യരാജ്യങ്ങളുമായ ഗതാഗതസൌകര്യങ്ങൾ ഉണ്ടാക്കുന്ന വേറെയൊരു മാർഗ്ഗമാണു സമുദ്രമാർഗ്ഗം. ഇന്ത്യയിൽ തുറമുഖങ്ങൾ അധികമില്ല. കല്ക്കത്ത, മദിരാശി എന്നീ തുറമുഖങ്ങളിൽ നിന്നു കിഴക്കോട്ടു റങ്കൂൺ, പെനാങ്ങ്, തെക്കു സിലോൺ മുതലായ സ്ഥലങ്ങളിലേക്കു കപ്പൽ മാലുകളുണ്ട്. ബോംബെ, കറാച്ചി എന്നീ തുറമുഖങ്ങളിൽ നിന്നു യൂറോപ്പിലേക്കും ആഫ്രിക്കക്കും പോ

കന്ന പോകുന്ന കപ്പൽ മാഗ്ഗങ്ങം ഉണ്ട്. അതിനും പു റമെ ഇന്ത്യയിലെ ഓരോ തുറമുഖത്തുനിന്നും മറു തുറമു ഖങ്ങളിലേക്ക സമുദ്രമാഗ്ഗങ്ങം ഉണ്ട്.

ഇനി പറയേണ്ടതു ജലമാഗ്ഗങ്ങളെപ്പറ്റിയാണ്. ജ ലമാഗ്ഗങ്ങളിൽ പ്രധാനമായവ നദികളതന്നെ. തീവണ്ടി പ്പാതകളം നടപ്പായതോടുകൂടി നദികളം പണ്ടത്തെപ്പോ ലെ ഉപകരിക്കുന്നില്ല. എങ്കിലും ഉത്തരേന്ത്യയിലെ സി ന്ധു, ഗംഗാ, ബ്രഹ്മപുത്ര എന്നീ നദികളിൽകൂടി കപ്പലു കളം സഞ്ചരിക്കുന്നു. ഐരാവതിയിൽകൂടിയാണ റങ്കൂണി ലേക്ക് ഇന്നും അരി കൊണ്ടുപോകുന്നതു്. ഗോദാവരി, കൃഷ്ണാ, കാവേരി എന്നീ നദികളിൽകൂടിയും ഗതാഗത സൌകര്യമുണ്ട്.

ഇന്ത്യയിലെ ഏതു സംസ്ഥാനത്തിലും ഇപ്പോൾ ഗ താഗതത്തിനു തോടുകളം കുത്തിയിരിക്കുന്നു. എങ്കിലും പഞ്ചാബ്, മദ്രാസ് എന്നിവിടങ്ങളിലെ തോടുകളാണ് പ്രധാനമായവ. ബങ്കാളത്തിൽ 1850 നാഴിക നീളമുള്ള തോടും; ഐക്യസംസ്ഥാനങ്ങളിൽ 500 നാഴിക നീളമു ള്ളതോടും; പഞ്ചാബിൽ 400 നാഴിക നീളമുള്ള തോടും; മദ്രാസിൽ 1250 നാഴിക നീളമുള്ള തോടും ഗതാഗതത്തി നു് ഉപകരിക്കുന്നു. മദ്രാസിലെ തോടുകളിൽ പ്രധാന മായവ കടപ്പാ–കർണ്ണൂൽ തോടും; ബക്കിങ്ങാം തോടും തന്നെ.

വടക്കെ ഇന്ത്യയിലെ പ്രധാന തോടുകളം ആഗ്രാ കനാൽ, ഈസ്റ്റേൺ യമുനാ കനാൽ; അപ്പർ ഗംഗാ ക നാൽ; ലോവർ ഗംഗാ കനാൽ എന്നിവയുമാകുന്നു.

പഞ്ചാബിൽ സിർഹിണ്ടുകനാൽ; അപ്പർഗാവി കനാൽ; വെസ്റ്റേൺയമുന കനാൽ; ലോവർജിലംകനാൽ; ലാവർമിനാബു കനാൽ; ട്രിപ്പിൾ പ്രോജക്ററ് എന്നീ കനാലുകളുണ്ട്.

ഇന്ത്യയിൽനിന്നു പുറപ്പെടുന്ന ആവിക്കപ്പൽ മാർഗ്ഗങ്ങളെപ്പററിയാണു നാമിനി ചിന്തിക്കേണ്ടതു്. അവയുടെ ഒരു പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പുറപ്പെടുന്ന സ്ഥലം	എത്തുന്ന സ്ഥലം	നാഴിക	ദിവസം
1. ബോംബെ	ലണ്ടൻ	6260	21
2. ബോംബെ	സാൻസിബാർ	2517	10
3. ബോംബെ	കൊളംബൊ	883	4
4. ബോംബെ	കറാച്ചി	483	2
5. കല്ക്കത്ത	കൊളംബൊ	1231	5
6. കല്ക്കത്ത	മദ്രാസ്	759	3
7. കല്ക്കത്ത	സിംഗപുരം	1630	7
8. കല്ക്കത്ത	റങ്കൂൺ	737	4
9. കല്ക്കത്ത	ലണ്ടൻ	7902	32
10. മദ്രാസ്	കൊളംബൊ	759	3
11. മദ്രാസ്	റങ്കൂൺ	997	5
12. കറാച്ചി	എഡൻ	1464	6

ഈ രാജ്യത്തു് എവിടേയും കമ്പി ഏർപ്പാടുകളുണ്ടു്. ഇവിടെ 7000-ൽ അധികം കമ്പി ആപ്പീസ്സുകളുണ്ടത്രെ. പാതകളെ അനുഗമിച്ചു തീവണ്ടിപ്പാതകൾ പണിചെയ്തിരിക്കുന്നതുപോലെ, തീവണ്ടിപ്പാതകളെ അനുകരിച്ചാണു കമ്പി ഏർപ്പാടു്. ഇതിനും പുറമെ കമ്പിയില്ലാക്കമ്പി ഏർപ്പാടുമുണ്ടു്. 1927-ലാണു് ഈ ഏർപ്പാടു് സ്ഥാപിച്ചതു്. ബോംബയിലാണു് ഈ ഏർപ്പാടു് ആദ്യമായി സ്ഥാപിതമായതു്. അവിടെയുള്ള കിക്കിയിൽനിന്നു ലണ്ടനിലേക്കു വാർത്താനിവേദനം ചെയ്യാനും ലണ്ടനിൽനിന്നു വാർത്തകൾ തോങ്ങിൽ സ്വീകരിപ്പാനും വ്യവസ്ഥ ചെയ്തിരിക്കുന്നു. അടുത്ത കാലത്തു് ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും കമ്പി ഏർപ്പാടു പരന്നുകഴിഞ്ഞു.

യൂറോപ്യൻ രാജ്യങ്ങളിലേക്കു കമ്പി അയപ്പാൻ മൂന്നു സ്ഥലത്തു സൌകര്യങ്ങൾ ഉണ്ടു്.

ലണ്ടനിൽനിന്നു് ആകാശവിമാനമാർഗ്ഗമായി കത്തുകൾ വന്നുചേരുന്നു. കറാച്ചിയിലെത്തുന്ന കത്തുകളെ വിമാനമാർഗ്ഗമായിത്തന്നെ കല്ക്കത്ത, മദ്രാസു മുതലായ സ്ഥലങ്ങളിലേയ്ക്കു് അയപ്പാൻ ഏർപ്പാടുചെയ്തിരിക്കുന്നു.

വിമാനത്തപ്പാൽ വർദ്ധിച്ചുതന്നെ വരുന്നു.

അദ്ധ്യായം 12.

വാണിജ്യം.

ദക്ഷിണഖണ്ഡം തെക്കുള്ള ഹിന്ദുസമുദ്രത്തിലേക്കു തിണ്ടുകിടക്കുന്നു. ഈ ഖണ്ഡത്തിന്റെ സമുദ്രതീരം സാ

മാന്യം ദീർഘമായതാണ്. എന്നാൽ ഇവിടെ നൌകാശയങ്ങൾ നന്ന ചുരുക്കമാണ്. രാജ്യം അനവധികാലമായി ചെള്ളത്തിനു മീതെ പൊന്തിക്കിടക്കുന്നതുതന്നെയാണ് ഇതിനു കാരണം. ആഫ്രിക്ക, പശ്ചിമാസ്ത്രേലിയ എന്നിവിടങ്ങളിലെ തീരങ്ങളിലും നൌകാശയങ്ങൾ ചുരുക്കമത്രെ. പണ്ടുകാലത്തു മദ്ധ്യരേഖാപ്രദേശത്ത് നീണ്ടുകിടക്കുന്ന ഗോണ്ഡ്വാന എന്ന ഭൂഖണ്ഡത്തിന്റെ വിഭാഗമായ ഈ സ്ഥലങ്ങളിൽ നൌകാശയങ്ങൾ ഉല്പ്പന്നമായിരുന്നു.

വടക്കുപടിഞ്ഞാറൻ കാറ്റ് ഉത്തുന്നസമയത്തു് അറബിക്കടലിലെ ഗതാഗതം അത്യന്തം അപകടകരമാണ്. അക്കാലങ്ങളിൽ കച്ചവടം പ്രധാനമായി നടക്കുന്നതു ബോംബെ, കറാച്ചി എന്നിവിടങ്ങളിൽ കൂടിത്തന്നെ. ദക്ഷിണഖണ്ഡത്തിന്റെ പൂർവ്വതീരത്തും നല്ല നൌകാശയങ്ങളില്ല. മദ്രാസിനെത്തന്നെ അനവധി പണം ചിലവുചെയ്താണ് രക്ഷിച്ചുപോരുന്നതു്. ബങ്കാളം ഉൾക്കടലിന്റെ കിഴക്കെ തീരത്തു മൂന്നാമൻ, റങ്കൂൺ, ബസ്സീൻ, അക്യാബ്; മിറഗാങ്ങ് എന്നീ നൌകാശയങ്ങൾ സ്ഥിതിചെയ്യുന്നു.

കല്ക്കത്ത, ബോംബെ, കറാച്ചി, മദ്രാസു, തൂത്തുക്കുടി, മിറഗാങ്ങ് എന്നിവയാണ് പ്രധാന തുറമുഖങ്ങൾ. ഇന്ത്യയിലെ വിദേശവാണിജ്യത്തിൽ മൂന്നിൽ രണ്ടുഭാഗം നടക്കുന്നത് കല്ക്കത്തയിൽ കൂടിയാണ്. കല്ക്കത്തയുടെ പിന്നിൽകിടക്കുന്ന പ്രദേശം ബങ്കാളമാണല്ലോ. ബങ്കാളം സിന്ധുഗംഗാതടത്തിലെ ഒരു വിഭാഗവുമാണ്. സിന്ധുഗംഗാതടത്തിലെ പ്രധാനവിളവ് നെല്ലാകുന്നു. എ

ന്നാൽ കല്ക്കത്തയിൽനിന്ന് നെല്ലുകയറുന്നതേയില്ല. അവിടെ ഉണ്ടാകുന്ന നെല്ല് അവിടത്തെ ജനങ്ങളുടെ ഭക്ഷണത്തിനു മാത്രമേ മതിയാകുന്നുള്ളൂ. കല്ക്കത്തയിലെ പ്രധാന കയറുമതി വക്കുതന്നെ. വക്കനാരും വക്കകൊണ്ടുണ്ടാക്കിയ സാധനങ്ങളും കയറി അയക്കുന്നു. ആസ്സാമിലെ ചായ, ചോട്ടനാഗപുരത്തിലെ അരക്ക്, ഗംഗാതടത്തിലെ എണ്ണക്കുരുക്കൾ എന്നിവയും ഇവിടെനിന്നു കയറി അയക്കുന്നു.

ബോംബയിലെ പ്രധാന കയറുമതി പരുത്തിതന്നെ. പരുത്തിത്തുണിയും ഇവിടെനിന്നു കയറുന്നുണ്ട്.

കറാച്ചിയിൽനിന്നും ബോംബെയിൽനിന്നും കയറാത്ത പരുത്തിയും പഞ്ചാബിലെ ഗോതമ്പും, യവം, എണ്ണക്കുരുക്കൾ, രോമം, തോൽ എന്നിവയും കയറി അയക്കുന്നു.

റങ്കൂണിലെ പ്രധാനകയറുമതികൾ നെല്ല്, മണ്ണെണ്ണ, മരം എന്നിവയാകുന്നു.

മദ്രാസിലെ പ്രധാനകയറുമതി തോൽതന്നെ.

ഇന്ത്യയിലെ കയറുമതികളെ വയലിലെ വിഭവങ്ങൾ, മേച്ചിൽസ്ഥലങ്ങളിലെ വിഭവങ്ങൾ, വനവിഭവങ്ങൾ, ഖനിവിഭവങ്ങൾ, സംസ്കൃതവിഭവങ്ങൾ എന്നിങ്ങിനെ തിരിക്കാം.

വയലിലെ വിഭവങ്ങളിൽ പ്രധാനമായവ നെല്ലും ഗോതമ്പുംതന്നെ. ഇന്ത്യയിലെ ജനങ്ങൾ ഇന്നു ലോകത്തിലെവിടേയും ഉണ്ട്. അവിടെക്കെല്ലാം അരി കയറി അയച്ചുവരുന്നതുമുണ്ട്. ഗോതമ്പ് അധികമായി പോകുന്നത് ഇംഗ്ലണ്ടിലേക്കുതന്നെ.

കരുമുളക്, ഏലക്കായ, ഇഞ്ചി എന്നിവയും കയറ്റി അയക്കുന്നു.

പ്രധാനമായ മറ്റൊരു കയറ്റുമതിയാണ് ചായ. കല്ക്കത്തയിൽനിന്ന് ആസ്സാമിലെ ചായയും മദ്രാസിൽനിന്നു നീലഗിരി, പശ്ചിമഘട്ടം എന്നിവിടങ്ങളിലെ ചായയും കയറ്റി അയച്ചുവരുന്നു.

കാപ്പി പ്രധാനമായി കയറ്റുന്നതു മംഗലാപുരത്തുനിന്നാകുന്നു.

പുകയില മറ്റൊരു കയറ്റുമതിയാണ്.

എണ്ണക്കുരുക്കൾ പ്രധാനമായി പോകുന്നത് ഇംഗ്ലണ്ടിലേക്കുതന്നെ.

വക്ക കല്ക്കത്തയിലെ പ്രധാനകയറ്റുമതിയാണെന്നു പറഞ്ഞുവല്ലൊ.

പരുത്തി ബോംബെയിൽനിന്നും, മദ്രാസ്സിലെ തുറമുഖങ്ങളിൽനിന്നും, കയറ്റി അയക്കുന്നു. പരുത്തി അധികമായും പോകുന്നതു ചൈനയിലേക്കും ജപ്പാനിലേക്കുമാകുന്നു. ഇംഗ്ലണ്ടിലേക്കും കയറ്റുന്നുണ്ട്.

ചണവും മലബാറിലെ കയറും പ്രധാനമായി പോകുന്നത് ഇംഗ്ലണ്ടിലേക്കുതന്നെ.

മേച്ചിൽ വിഭവങ്ങളിൽ പ്രധാനമായതു തോൽതന്നെ. ബങ്കാളത്തിൽനിന്നും മദ്രാസിൽനിന്നുമാണ് തോൽ അധികമായി കയറ്റുന്നത്. വടക്കെ ഇന്ത്യയിലെ മറ്റൊരു കയറ്റുമതിയാണ് രോമം.

തേക്കും, ചന്ദനമരവുമാണ് വനവിഭവങ്ങളിൽ പ്രധാനമായവ. മരം അധികമായി കയറ്റുന്നതു ബമ്മയിൽ

നിന്നുതന്നെ. ചന്ദനമരം കയറുന്നതു മദ്രാസ് തുറമുഖങ്ങളിൽനിന്നാണ്. മദ്രാസ്, ബമ്മ എന്നിവിടങ്ങളിലെ മറ്റൊരു കയറുമതിയാണ് റബ്ബർ.

ഖനിവിഭവങ്ങളിലൊന്നു കൽക്കരിയാണ്. കല്ക്കത്തയിൽനിന്നു കൽക്കരി മദ്രാസ്, കൊളംബോ, പെനാങ്ങ്, നാഗപുരം, റങ്കൂൺ, ഏഡൻ എന്നിവിടങ്ങളിലേക്കു പോകുന്നു.

കല്ക്കത്ത, ബോംബെ എന്നിവിടങ്ങളിൽനിന്നു മാൻഗനീസു കയറുന്നു. ബങ്കാഠം, മദ്രാസ് എന്നിവിടങ്ങളിൽനിന്നു മൈക്കയും അയച്ചുവരുന്നു.

ഏഷ്യയിൽവച്ചു് ഇന്നു് ഏറ്റവുമധികം പരുത്തിവ്യവസായം നടക്കുന്നതു ബോംബെയിലാകുന്നു. അവിടെനിന്നു ഹോങ്കോങ്ങ്, ഈജിപ്ത്, സ്ട്രൈറ്റ്സെറ്റിൽമൻസ് എന്നിവിടങ്ങളിലേക്കാണ് നൂൽ അധികമായും കയറിപ്പോകുന്നതും കല്ക്കത്തയിൽനിന്നു വക്കനാരും മറ്റു വക്കസ്സാമാനങ്ങളും കയറി അയക്കുന്നു.

ഇറക്കുമതികളെയും സംസ്കൃതവിഭവങ്ങൾ, അസംസ്കൃതവിഭവങ്ങൾ, ഭക്ഷണസാധനങ്ങൾ, ഇതരസാധനങ്ങൾ എന്നിങ്ങിനെ തിരിക്കാം.

സംസ്കൃതവിഭവങ്ങളുടെ ഇറക്കുമതിയിലധികവും. സംസ്കൃതവിഭവങ്ങളിൽത്തന്നെ പരുത്തി, രോമം, പട്ടു് എന്നിവകൊണ്ടുള്ള വസ്ത്രങ്ങളാണ് പ്രധാനമായതു്. ഈ സാധനങ്ങൾ അധികമായി വരുന്നതു് ഇംഗ്ലണ്ടിൽനിന്നുതന്നെ.

യന്ത്രങ്ങളാണ് മറ്റൊരിനം. ബങ്കാഠം, ബോംബെ, മദ്രാസ്, ഐക്യസംസ്ഥാനങ്ങൾ, പഞ്ചാബു്, ബമ്മ എ

ന്നിവിടങ്ങളിലെ യന്ത്രശാലകളിൽ കണ്ടുവരുന്നയന്ത്രങ്ങളിൽ അധികഭാഗവും ഇംഗ്ലണ്ടിൽനിന്നു വന്നവയാണ്. മോട്ടോർകാറുകൾ, ടൈപ്പുറൈറ്റിങ്ങുയന്ത്രം എന്നിവയും അന്യരാജ്യങ്ങളിൽനിന്നു വന്നവ തന്നെ.

തീവണ്ടിസ്സാമാനങ്ങളാസകലം ഇംഗ്ലണ്ടിൽനിന്നു വരുത്തിട്ടുള്ളതാണ്.

നമ്മുടെ രാജ്യത്തു കാണുന്ന സകല ആയുധങ്ങളും അന്യരാജ്യങ്ങളിൽനിന്നു വന്നതുതന്നെ.

അന്യരാജ്യങ്ങളിൽനിന്ന് ഇവിടേക്കു ലോഹങ്ങൾ ഇറക്കിവരുന്നു.

കണ്ണാടിയും അന്യരാജ്യങ്ങളിൽ നിന്നാണ് വരുന്നത്.

അസംസ്കൃതവിഭവങ്ങളിൽ പ്രധാനമായ ഒരു സ്ഥാനം മണ്ണെണ്ണയ്ക്കു കൊടുക്കേണ്ടിയിരിക്കുന്നു. കല്ക്കരിയാണ് മറ്റൊരു സാധനം. സ്വീഡൻ, കനഡ, സിലോൺ, ആസ്ത്രേലിയ എന്നിവിടങ്ങളിൽനിന്നു മരം ഇറക്കിവരുന്നു. കിഴക്കെ ആഫ്രിക്കയിൽനിന്നു പരുത്തി; ചൈനയിൽനിന്നു പട്ട്; ആസ്ത്രേലിയയിൽനിന്നു രോമം എന്നിവ ഇന്ത്യയിലെ ഇറക്കുമതികളാണ്.

ഇറക്കുമതികളിലെ മറ്റൊരു വിഭാഗമാണ് ഭക്ഷണസാധനങ്ങൾ. ഈ ഭക്ഷണസാധനങ്ങൾ അധികമായും വരുന്നത് യൂറോപ്യൻമാരുടെ ആവശ്യത്തിനാണ്. ബിസ്കറ്റ്, പാൽക്കട്ടി, കൊക്കൊ, നാനാതരത്തിലുള്ള ഫലങ്ങൾ എന്നിവയാണ് പ്രധാനമായ സാധനങ്ങൾ. പേഷ്യയിൽനിന്ന് ഈന്തപ്പഴവും വന്നുചേരുന്നു. പഞ്ചസാരയും ഇവിടേക്ക് ഇറക്കിവരുന്നുണ്ട്. സുഗന്ധദ്രവ്യങ്ങൾ,

ഉപ്പ്, പുകയില എന്നീ സാധനങ്ങളും അന്യരാജ്യങ്ങളിൽനിന്ന് ഇവിടേക്കയച്ചുവരുന്നു.

മറുരാജ്യങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയുടെ വാണിജ്യം വളരെ കുറവാണ്. പുരാതനകാലത്തു് ഇന്ത്യ മറു രാജ്യങ്ങളായി കച്ചവടത്തിൽ ഏർപ്പെട്ടിരുന്നു എന്നു നിങ്ങൾ ചരിത്രത്തിൽ പഠിച്ചിട്ടുണ്ടല്ലോ. കുറെ കാലമായി ഇന്ത്യയുടെ വാണിജ്യാഭിവൃദ്ധി തൃപ്തികരമല്ല. എങ്കിലും അതിനായി ഗവർമ്മെണ്ടു കഴിയുന്നത്ര ശ്രമിച്ചുവരുന്നുണ്ടു്.

അദ്ധ്യായം 13.

ജനസംഖ്യ – ഭാഷകളും മതങ്ങളും.

1931–ലെ കാനേഷുമാരി കണക്കുപ്രകാരം ഇന്ത്യയിൽ ആകെ 35,29,86,876 ജനമുണ്ടു്. ഇവരിൽ 18,19,21,914 പുരുഷന്മാരും 17,10,64,962 സ്ത്രീകളുമാകുന്നു.

1921–ലെക്കാൾ 100ക്കു് 10. 16 ശതമാനം ജനം വർദ്ധിച്ചിട്ടുണ്ടു്. ഇവരിൽ ബ്രിട്ടീഷിന്ത്യയിൽതന്നെ 27,12,73,107 ജനമുണ്ടു്. ശേഷമുള്ള 7,90,80,571 നാട്ടുരാജ്യങ്ങളിലാകുന്നു.

ആകെയുള്ള 35 കോടിയിൽ 23 കോടി ഹിന്തുക്കളും; 7 കോടി മുസ്ലീമുകളും; 60 ലക്ഷം ക്രൈസ്തവരും; 43 ലക്ഷം സിക്കുകാരുമാകുന്നു.

ഈ ജനങ്ങൾ രാജ്യത്തിന്റെ ഏതു ഭാഗത്തും കൂടിപോലെ ഇടതിങ്ങിയല്ല താമസിക്കുന്നതു്. ചതുരശ്രനാഴികക്കു 4 മുതൽ 400 വരെ ജനങ്ങൾ നിവസിച്ചുവരുന്നു

ണ്ട്. പശ്ചിമോത്തരസംസ്ഥാനം, മദ്ധ്യേന്ത്യയിലെ കുന്നിൻപ്രദേശങ്ങൾ, വിശാഖപട്ടണത്തിലെ എജൻസി എന്നിവിടങ്ങളിൽ ജനത്തിരക്കു നന്നു കുറവാണ്. സിന്ധുഗംഗാതടം, ദക്ഷിണേന്ത്യാ, സമുദ്രതീരങ്ങൾ എന്നിവിടങ്ങളിലാണു ജനത്തിരക്കധികം. സിന്ധുഗംഗാതടത്തിൽതന്നെ ബീഹാരത്തിലാണു തിരക്കധികമുള്ളതു്.

പട്ടണങ്ങളിലേക്കാൾ അധികം ആളുകൾ നാട്ടിൻപുറങ്ങളിലാണു വസിക്കുന്നതു്.

ഇന്ത്യയിൽ ഇന്നു കാണുന്ന ജനങ്ങളെ ദ്രാവിഡിയിൻ, ഇന്തോ-ആര്യൻ, മാങ്കോളിയൻ എന്നിങ്ങിനെ മൂന്നു വർഗ്ഗക്കാരായി തിരിക്കാം. ഈ വർഗ്ഗങ്ങളുടെ സങ്കലനംകൊണ്ടു ജാതമായ ഉപവർഗ്ഗങ്ങളുമുണ്ട്. ഉപവർഗ്ഗങ്ങളിൽ പ്രധാനമായവ ആസ്ത്രോ-ദ്രവിഡിയൻസ്, മംഗോളൊ-ദ്രവിഡിയൻസ്, സിതിയോ-ദ്രവിഡിയൻസ് സ്കോ-ഐറേനിയൻസ് എന്നിവതന്നെ.

ആഫ്ഗാനിസ്ഥാൻ, ബലൂചിസ്ഥാൻ, വടക്കുപടിഞ്ഞാറെ സംസ്ഥാനം എന്നിവിടങ്ങളിലെ ജനങ്ങൾ സ്കോ-ഐറിനിയൻ വർഗ്ഗക്കാരാണ്. അവർക്കു വീതിയുള്ള തലയും, ഉയർന്ന മൂക്കും, വെളുത്ത നിറവും, കറുത്ത കണ്ണുകളും ഉണ്ട്.

പഞ്ചാബ്, രജപുത്രസ്ഥാനം, കാശ്മീരം എന്നിവിടങ്ങളിലെ ജനങ്ങൾ ഇന്തോ-ആര്യൻവർഗ്ഗക്കാരാണ്. അവർ സാമാന്യം പൊക്കമുള്ളവരും കറുത്ത തലമുടിയും കണ്ണുകളും ഉള്ളവരുമാകുന്നു. അവരുടെ തലയോടു നീണ്ടും മൂക്കു വീതികുറഞ്ഞു് ഉയർന്നുമിരിക്കുന്നു.

മഹാരാഷ്ട്രന്മാർ, കുഗ്ഗിലെ ജനങ്ങൾ എന്നിവർ സിതിയൊദ്രാവിഡന്മാരാണ്. അവക്ക് ഉയരം കുറവാണ്. തലയോടിനു നീളം അധികമുണ്ട്. മുഖം പരന്നിരിക്കുന്നു. മൂക്കു നീളം കുറഞ്ഞതുമാണ്.

ഐക്യസംസ്ഥാനം, ബീഹാർ, കുറീസ്സ, രാജപുത്രസ്ഥാനത്തിന്റെ ചില ഭാഗങ്ങൾ എന്നിവിടെ ആര്യദ്രാവിഡിയൻ വർഗ്ഗക്കാരെ കാണാം.

ബങ്കാൾ, ബീഹാർ-കുറീസ്സയുടെ കുറെ ഭാഗം എന്നിവിടങ്ങളിൽ മങ്കോളൊ-ദ്രാവിഡിയൻസിനെ കണ്ടുവരുന്നു. അവരുടെ തലയോട്ടു പരന്നും, മുഖം കറുത്തുമിരിക്കുന്നു.

ബമ്മ, ആസ്സാം, നീപ്പാൾ, ഹിമാലയതടം എന്നിവിടങ്ങളിലെ ജനങ്ങൾ മങ്കോളിയൻ വർഗ്ഗക്കാരാകുന്നു. അവരുടെ കൺപോളകൾ പതിഞ്ഞിരിക്കുന്നു. മുഖത്ത് അല്പം മഞ്ഞനിറം കാണും.

ദക്ഷിണേന്ത്യ, മദ്ധ്യേന്ത്യ, മോട്ടനാഗപുരം, മദ്ധ്യസംസ്ഥാനം എന്നിവിടങ്ങളിലെ ജനങ്ങൾ ദ്രാവിഡന്മാരാകുന്നു.

ഇന്ത്യയിലെ പ്രധാനമതങ്ങൾ ഹിന്ദുമതവും മുഹമ്മദീയമതവും ആണെന്നു മുമ്പു പറഞ്ഞുവല്ലൊ. ക്രിസ്തുമതത്തെപ്പറ്റിയും സിക്കുമതത്തെപ്പറ്റിയും പ്രസ്താവിച്ചുകഴിഞ്ഞിട്ടുമുണ്ട്. ഇന്ത്യയിലെ മറ്റു മതങ്ങൾ ജൈനമതം, ബുദ്ധമതം, പാർസിമതം, പിതൃപൂജമതം (വനദേവതാരാധനമതം) എന്നിവയാകുന്നു.

വനപ്രദേശങ്ങളിലെ ജനങ്ങളിൽ അധികഭാഗക്കാ

രും വനദേവതാരാധനമതക്കാരാണ്. ഏതാണ്ട് ഒരു കോടി ജനം ഈ മതക്കാരാണ്. ജൈനന്മാരെ അധികമായി കാണുന്നതു രാജപുത്രസ്ഥാനത്തിലാണ്. അവർ ഏകദേശം 12 ലക്ഷത്തോളമുണ്ട്. പാർസികളുടെ സങ്കേതസ്ഥാനം ബോംബെ നഗരമാകുന്നു. അവർ ഒരു ലക്ഷത്തോളമെയുള്ളുവെന്നു പറഞ്ഞു കാണുന്നു. സിക്കുകാരുടെ സങ്കേതസ്ഥാനം പഞ്ചാബാകുന്നു.

ഇന്ത്യയിൽ ഇന്നു 200-ൽ അധികം ഭാഷകൾ സംസാരിച്ചുവരുന്നുണ്ടെന്നു പറഞ്ഞുകാണുന്നു. അവയെ മുണ്ടഭാഷകൾ, ദ്രവിഡിയൻഭാഷകൾ, ഇന്തോ-യൂറോപ്യൻഭാഷകൾ തിബറൊ-ചൈനീസുഭാഷകൾ എന്നിങ്ങിനെ പ്രധാനമായി നാലു തരമാക്കി തിരിക്കാം.

മുണ്ടാഭാഷകളെ കോലേരിയൻ ഭാഷകളെന്നും പറയാറുണ്ട്. ഉദ്ദേശം 40,00,000 ജനം ഈ ഭാഷകൾ സംസാരിക്കുന്നു. ചോട്ട-നാഗപുരത്തിലാണ് ഈ ഭാഷകൾ ഇപ്പോൾ അധികം പ്രചാരത്തിലിരിക്കുന്നതു്.

വടക്കു—കിഴക്കെ ഇന്ത്യ, തിബറിൻറേയും ഇന്ത്യയുടേയും അതൃത്തി, ബർമ്മ എന്നിവിടങ്ങളിലെ ഭാഷകൾ തിബറൊ-ബർമൻ ഭാഷകളാകുന്നു. ഈ ഭാഷകളിൽ ബർമ്മീസുതന്നെയാണു പ്രധാനമായതു്. ആകെ 1 കോടി 30 ലക്ഷം ജനം ഈ ഭാഷകൾ സംസാരിക്കുന്നു.

ദ്രാവിഡഭാഷകളെ ദ്രാവിഡഭാഷകളെന്നും, ആന്ധ്രഭാഷകളെന്നും രണ്ടായി തിരിക്കാം. ആന്ധ്രഭാഷകളിൽ പ്രധാനമായതു തെലുങ്കുതന്നെ. 23,601,000 ജനം ഈ ഭാഷ സംസാരിക്കുന്നു.

ദ്രാവിഡഭാഷകളിൽ പ്രധാനമായതു തമിഴാകുന്നു. 18,780,000 ജനം ഈ ഭാഷ സംസാരിക്കുന്നു.

മൈസൂരിലും ഒക്കാനിന്റെ മദ്ധ്യത്തിലും കണ്ണാടകം സംസാരിച്ചുവരുന്നു. ഏകദേശം 10,143,000 ജനം ഈ ഭാഷ സംസാരിക്കുന്നു.

മലബാറിലേയും, കൊച്ചിയിലേയും, തിരുവിതാംകൂറിലേയും ഭാഷയാണു മലയാളം. 80 ലക്ഷം ജനം ഈ ഭാഷ സംസാരിക്കുന്നു.

6 കോടിയിൽ അധികം ജനം സംസാരിക്കുന്നതു ദ്രാവിഡഭാഷകൾതന്നെ.

ഇന്തോ-ആര്യൻ ഭാഷകൾ 22 കോടിയിലധികം ജനം സംസാരിക്കുന്നു. ഈ വർഗ്ഗത്തിൽ 17 ഭാഷകളുണ്ട്. ഈ ഭാഷകളുടെ ജനനി സംസ്കൃതമാണ്.

ഇവയിൽ പ്രധാനമായതു ഹിന്ദിതന്നെ. ആ ഭാഷ ഏകദേശം 10 കോടി ജനം സംസാരിക്കുന്നുണ്ട്. ഇതിന്റെ ഒരു വകഭേദം മാത്രമാണു ഹിന്ദുസ്ഥാനി.

രാജസ്ഥാനിയാണു മറെറാരു ആര്യഭാഷ. അതു രാജപുത്രസ്ഥാനത്തു പ്രചാരത്തിലിരിക്കുന്നു. 1 കോടി 25 ലക്ഷം ജനം ഈ ഭാഷ സംസാരിക്കുന്നു.

ഗുജറാത്തിലെ ഭാഷയാണു ഗുജറാത്തി. 95 ലക്ഷം ജനം ഈ ഭാഷ സംസാരിക്കുന്നു.

സിക്കുകാരുടെ മാതൃഭാഷയാണു പഞ്ചാബി. 1 കോടി 60 ലക്ഷം ജനം ഈ ഭാഷ സംസാരിക്കുന്നു.

30 ലക്ഷം ജനം സിന്ധി ഭാഷ സംസാരിക്കുന്നു.

മറാത്തി 2 കോടി ജനങ്ങളുടെ ഭാഷയാണ്.

ഒറിയഭാഷ സംസാരിക്കുന്നവരായി ഒരു കോടി ജനമുണ്ട്. മദ്രാസു സംസ്ഥാനത്തിന്റെ വടക്കു കിഴക്കെ അറ്റം, മദ്ധ്യസംസ്ഥാനത്തിന്റെ പൂർവ്വഭാഗം, ഒറീസ്സ എന്നിവിടങ്ങളിലാണ് ഈ ഭാഷ പ്രമാരത്തിലിരിക്കുന്നത്.

ബങ്കാളികളുടെ മാതൃഭാഷയാണു ബങ്കാളി. 5 കോടി ജനം ആ ഭാഷ സംസാരിക്കുന്നു.

ഏകദേശം 4 കോടി ജനം ബീഹാരിഭാഷ സംസാരിക്കുന്നു.

15 ലക്ഷം ആസ്സാമീസ്സുകാർ ആസ്സാമിസ്സുഭാഷ സംസാരിക്കുന്നു.

ഇത്തിയോപ്പോഗൈ എന്നാണത്രെ ആദിമനിവാസികളുടെ പേർ. കറാച്ചിക്കു സമീപമുള്ള മക്രാൻതീരത്തു് ഇന്നും ഇവരുടെ സന്തതികൾ ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

അദ്ധ്യായം 14.

രാജ്യവിഭാഗങ്ങൾ.

ഭരണാധികാരികളെ നോക്കി ഇന്ത്യാസാമ്രാജ്യത്തെ ബ്രിട്ടീഷുകാർ നേരിട്ടു ഭരിക്കുന്ന രാജ്യങ്ങൾ, സാമന്തരാജ്യങ്ങൾ, സ്വതന്ത്രരാജ്യങ്ങൾ, വിദേശീയരാജ്യങ്ങൾ എന്നിങ്ങനെ 4 ഇനമാക്കി തിരിക്കാം.

പ്രഥമവിഭാഗത്തിൽ 16 സംസ്ഥാനങ്ങളുണ്ട്. അവ ആസ്സാം, ബങ്കാഠം, ബീഹാർ, ഒറീസ്സ, ഏകോപിച്ച സംസ്ഥാനം, ഡൽഹി, പഞ്ചാബ്, വടക്കുപടിഞ്ഞാറൻ സംസ്ഥാനം, അജമീർ-മെർവാറ, ബോംബെ, സിന്ധ്, കടക്, മദ്രാസ്, മദ്ധ്യസംസ്ഥാനം, ആൻഡമൻ-നിക്കോബാർ, ബലൂചിസ്ഥാൻ എന്നിവതന്നെ.

ഇവയിൽ പതിനൊന്നെണ്ണത്തിലെ ഭരണാധികാരികഠം ഗവണ്ണർമാരാകുന്നു. അവ ആസ്സാം, ബങ്കാഠം, ബീഹാർ, ഒറീസ്സ, ഏകോപിച്ച സംസ്ഥാനം, പഞ്ചാബ്, പശ്ചിമോത്തരസംസ്ഥാനം, ബോംബെ, സിന്ധ്, മദ്ധ്യസംസ്ഥാനം, മദ്രാസ് എന്നിവതന്നെ. ബാക്കിയുള്ള 5 സംസ്ഥാനങ്ങളിലെ ഭരണകർത്താക്കന്മാരെ ചീഫ് കമ്മീഷണർമാരെന്നു പറയുന്നു. ആ സംസ്ഥാനങ്ങഠം ഡൽഹി, അജമീർ-മെർവാറ, ബലൂചിസ്ഥാൻ, കടക്, ആൻഡമൻ-നിക്കോബാർ എന്നിവതന്നെ.

രണ്ടാമത്തെ വിഭാഗത്തിൽ ഇന്ത്യയിലുള്ള 562 നാട്ടുരാജ്യങ്ങളും ഉഠംപ്പെട്ടും. അവയിൽ പ്രധാനമായവ ഹൈദരാബാദ്, കാശ്മീർ, മൈസൂർ, ബറോഡ, ഗ്വാളിയോർ, ഇന്തോർ, പാട്ടിയാല, ബിക്കാനിയർ, തിരുവിതാംകൂർ, കൊച്ചി മുതലായവതന്നെ.

നീപ്പാളും ബൂട്ടാനും സ്വതന്ത്രരാജ്യങ്ങളാകുന്നു.

പുതുശ്ശേരി മുതലായ ഫ്രഞ്ചീസ്സുരാജ്യങ്ങളും, ഗോവ മുതലായ പോർത്തുഗീസ്സുകാരുടെ രാജ്യങ്ങളുമാണു നാലാമത്തെ ഇനത്തിലുഠംപ്പെട്ടുന്നവ.

അദ്ധ്യായം 15.

രാജ്യവിഭാഗങ്ങൾ (തുടർച്ച)

ആസ്സാം.

1912-ലാണ് ഈ സംസ്ഥാനം രൂപവൽകൃതമായത്.

ഭൂപ്രകൃതിയനുസരിച്ച് സംസ്ഥാനത്തെ ബ്രഹ്മപുത്രാതാഴ്വര, മലംപ്രദേശം, ബരാക്താഴ്വര എന്നിങ്ങിനെ മൂന്നായി വിഭജിക്കാം.

ഈ സംസ്ഥാനത്തിന്റെ വടക്കുഭാഗത്ത് ഹിമാലയപർവ്വതം സ്ഥിതിചെയ്യുന്നു.

ബ്രഹ്മപുത്രാതാഴ്വരക്ക് 500 നാഴിക നീളവും 50 നാഴിക വീതിയും ഉണ്ട്. അധികഭാഗത്തും 80 ഇഞ്ചിലധികം മഴപെയ്യും. എങ്കിലും മദ്ധ്യത്തിലുള്ള ഭാഗത്ത് അത്ര മഴയില്ല. വടക്കുകിഴക്കൻ കാടുകളിൽനിന്നു സംരക്ഷിതമായിരിക്കുന്ന ഭാഗമാണ് മഴകുറഞ്ഞ ഈ ഭാഗം. ചതുരശ്രനാഴികക്ക് 150 ജനം വീതം കണ്ടുവരുന്നു. ബ്രഹ്മപുത്രാതാഴ്വരയിൽ ചായത്തോട്ടങ്ങൾ സുലഭമാണ്. നെല്ലാണ് പ്രധാനവിളവ്. ഡിഗ്ബോയി എന്ന സ്ഥലത്തുനിന്നു മണ്ണെണ്ണ കഴിച്ചെടുക്കുന്നു.

മലംപ്രദേശത്തിലെ ചിറാപുഞ്ചിയിലാണ് ലോകത്തിൽവച്ച് ഏറ്റവും അധികം മഴപെയ്യുന്നത്. കൊല്ലത്തിൽ 500-ൽ അധികം ഇഞ്ചു മഴയാണ് ഇവിടെ പെയ്യുന്നത്. ഇവിടേയും പ്രധാനവിളവു നെല്ലുതന്നെ. ഈ പ്രദേശത്തിന്റെ ഇരുപതിലൊരുഭാഗത്തു മാത്രമേ കൃഷി നടപ്പുള്ളൂ. ആകെ ജനം 86 ലക്ഷം.

ബമ്മതാഴ്വരയിൽ മഴ സുലഭമാണ്. നെല്ലും, ചണയും സമൃദ്ധിയായി കൃഷിചെയ്യുവരുന്നു.

ഗോൽപാറ, ഗൊഹതി, ടെസുപുരം, സിബ്സാഗർ, ദിബ്രുഗാർ എന്നിവ ബ്രഹ്മപുത്രനദിയുടെ കരയിലുള്ള ഘോരമുഖങ്ങളാണ്. സമ്മതാഴ്വരയിലെ പ്രധാനപട്ടണമാണ് സിൽഹിറ്റ്. ഷില്ലോങ്ങാണ് തലസ്ഥാനം.

ഗവണ്ണരാണ് ഭരണകർത്താവ്. അദ്ദേഹത്തെ സഹായിപ്പാൻ ഒരു നിയമനിർമ്മാണസഭയുണ്ട്.

ബങ്കാഠം.

ഈ സംസ്ഥാനം ത്രൈപവൽകൃതമായത് 1912-ലാകുന്നു. പാറ ഒരു മൈതാനമാണ് ഈ സംസ്ഥാനം. എവിടേയും 60 ഇഞ്ചിലധികം മഴ പെയ്യുന്നുണ്ട്.

ഈ സംസ്ഥാനത്തെ ഗംഗ—ബ്രഹ്മപുത്രാതടം, പഴയ മുക്കോൺതുരുത്ത്. പുതിയ മുക്കോൺതുരുത്ത് എന്നിങ്ങിനെ മൂന്നുഭാഗമായി ഭാഗിക്കാം.

ഗംഗ-ബ്രഹ്മപുത്രാതടം ഗംഗയിലേക്ക് ചാഞ്ഞുകിടക്കുന്നു. ഇവിടെ അനവധി ഉണങ്ങിപ്പോയ നദികളുടെ ചാലുകഠം കാണാം. ബാംങ്ങ് എന്നു പേരായ ചെറിയ ഒരു തരം കുന്നുകഠം ഇവിടെ കിടക്കുന്നു.

പഴയ മുക്കോൺതുരുത്തിനെ പശ്ചിമ ബങ്കാളമെന്നും പറയാം. മുക്കോൺതുരുത്ത് ദിവസംപ്രതി കിഴക്കോട്ട് മാറിവരികയാണ്. പണ്ടത്തെ ചാലുകഠം വരണ്ടു ഇപ്പോഠം നെല്ല് കൃഷിചെയ്യുന്ന പ്രദേശങ്ങളായിത്തീർന്നിരിക്കുന്നു. സമുദ്രതീരത്തിന്നരികെ സണ്ടർബാൻസ് എ

ന്ന കാട്ടകഥ കിടക്കുന്നു. പശ്ചിമബങ്കാളം ചോട്ടനാഗ പുരത്തിലെ ഉന്നതതടത്തോട്ടചേന്ന് കിടക്കുന്നു.

പുതിയ മുക്കോൺ തുരുത്തിനെ കിഴക്കൻ ബങ്കാള മെന്നു പറയാം. ഇവിടെ പാതകഥ ഒല്ലഭമാണ്. ഗതാഗതത്തിനു് അധികം ഉപയോഗപ്പെട്ടുന്നതു് വഞ്ചികഥതന്നെ. കാട്ടകഥ സുലഭമാണ്. നെല്ലാണ് പ്രധാന വിളവു്. പിന്നത്തെ പ്രധാനമായ വിളവു ചണം തന്നെ.

ഏതാണ്ടു് 5 കോടി ജനമുണ്ടു്. ബങ്കാളിയാണ് ഭാഷ. മിക്കവരും കൃഷിക്കാരുമാണ്.

കൽക്കത്തയാണ് പ്രധാനനഗരം. അതു് ഇന്ത്യയിലെ ഒന്നാമത്തെ നഗരമത്രെ. ബ്രിട്ടീഷുസാമ്രാജ്യത്തിലെ രണ്ടാമത്തെ പട്ടണവുമാണ്. 1912 വരെ അതു് ഇന്ത്യയുടെ തലസ്ഥാനമായിരുന്നു. ഇപ്പോഴും അതു വാണിജ്യതലസ്ഥാനമാണെന്നാവും. സമുദ്രത്തിൽനിന്നു് 70 നാഴിക അകത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും കപ്പലുകഥക്കു് നഗരത്തിലെത്താം. ഈ നഗരം ഹുഗ്ലി നദിയിന്മേൽ സ്ഥിതിചെയ്യുന്നു. ഹൌറ ഇതിന്റെ ഒരു ഭാഗം മാത്രമാണു്. ഈ പട്ടണം ഇന്ത്യയുടെ മറ്റു ഭാഗങ്ങളുമായി തീവണ്ടിപ്പാതകളാൽ സംഘടിതമായിരിക്കുന്നു.

ഡാർജീലിങ്ങ് ഒരു സുഖവാസസ്ഥലമാണു്. ചിറാറാഗോങ്ങ് ഒരു തുറമുഖമാണെന്നു് മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലൊ.

മറെറാരു നഗരമാണു് ഡാക്കു്. അതൊരു പ്രാചീന നഗരമത്രെ.

റാണിഗഞ്ചിലെ കൽക്കരി ഖനികൾ പ്രസിദ്ധമത്രെ.

ബാറ് പാറ, തീററഗാർ, സിരാംപൂരം എന്നിവിടങ്ങളിൽ വ്യവസായം നടന്നുവരുന്നു.

ബീഹാർ-ഒറീസ്സ.

ഈ സംസ്ഥാനം 1912 ലാണ് രൂപവൽക്കരിതമായത്. ഏകദേശം 83,000 ചതുരശ്രനാഴിക വിസ്താരമുണ്ട്. ആകെ 4 കോടി ജനമുണ്ട്.

ഈ സംസ്ഥാനത്തെ മൂന്നു സ്വാഭാവിക വിഭാഗങ്ങളാക്കിത്തിരിക്കാം. അവ മദ്ധ്യഗംഗാതടം, ഛോട്ടനാഗപൂരം, ഉന്നതതടം, ഒറീസ്സാസമുദ്രതീരം എന്നിവതന്നെ.

മദ്ധ്യഗംഗാതടത്തിൽ ഐക്യസംസ്ഥാനത്തിലേക്കാളധികം തണുപ്പുണ്ട്. ഈ പ്രദേശങ്ങളിൽ മുക്കാൽ ഭാഗവും കൃഷിനടന്നുവരുന്ന സ്ഥലമാണ്. 100ക്ക് 13 വീതം ഭാഗം തരിശായി കിടക്കുന്നു. കാടുകളില്ല. നെല്ലാണ് പ്രധാനവിളവ്. നിവാസികളെ ബീഹാരികളെന്നും പറയുന്നു.

പെൻഇൻസുലാർ ഇന്ത്യയുടെ വടക്കുകിഴക്കെ ഭാഗമാണ് ഛോട്ടനാഗപൂരം. സാമാന്യമായി 2,000 അടി മുതൽ 2,500 അടിവരെ ഉയരമുണ്ട്. തെക്കുഭാഗത്തു് മഹാനദി ഒഴുകുന്നു. കാടുകൾ സുലഭമാണ്. സാൽമരമാണ് പ്രധാനമായതു്. ജനം നന്നു ചുരുക്കം. അധികഭാഗവും നാട്ടരാജ്യങ്ങളാണ്. കാടുകളിൽ സണ്ഠാൾസു എന്ന വർഗ്ഗക്കാർ ജീവിക്കുന്നു. അവർ അപരിഷ്കൃത

രായ ദ്രാവിഡരത്രെ. അവർ ഇന്നും വില്ലും അമ്പുമാണ് ഉപയോഗിക്കുന്നത്. മരങ്ങളിൽനിന്നു് അരക്കു ശേഖരിക്കൽ പ്രധാനമായ ഒരു തൊഴിലാണ്. നെല്ലാണു് പ്രധാനവിളവു്. ജെറിയ, റാണിഗഞ്ചു, ഗിരിഡി എന്നീ സ്ഥലങ്ങളിൽ കല്ക്കരി കണ്ടുവരുന്നു. ഒറീസ്സയുടെ തീരപ്രദേശം നിവാസയോഗ്യമല്ല. അകഭാഗത്തു് ഫല പുഷ്ടിയുള്ള താഴ്വരകളുണ്ടു്. നെല്ലുതന്നെയാണ് പ്രധാന വിളവു്.

പാട്ന (പാടലീപുത്രം) ആണ് തലസ്ഥാനം. അവിടത്തെ അരി പ്രസിദ്ധമത്രെ. അതു് കല്ക്കത്തയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ പട്ടണം ഗംഗയുടെ തെക്കു ഭാഗത്താണ്. മോംഗിർ, ഭഗൽപുരം, ഡർബൻഗ, മുസർപുരം, പൂർണിയ എന്നിവ മറ്റു പട്ടണങ്ങളാണ്. റാഞ്ചിയാണ് സംസ്ഥാനത്തിലെ സുഖവാസസ്ഥലം. പുരി എന്നു പറയുന്നതു് ഒരു പുണ്യക്ഷേത്രമാണ്. കട്ടാക്ക് ഒറീസ്സയിലെ രാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. ബാലസോർ എന്ന സ്ഥലം പണ്ടുകാലം പ്രസിദ്ധമായിരുന്നു.

ഗവർണ്ണരാണ് സംസ്ഥാനം ഭരിക്കുന്നതു്.
1936-ൽ ഒറിസ്സാസംസ്ഥാനം ചേർത്തിരിക്കപ്പെട്ടു.

ഏകോപിച്ച സംസ്ഥാനം.

ഈ സംസ്ഥാനം വിസ്താരംകൊണ്ടു പഞ്ചാബിനേക്കാൾ ചെറിയതാണു്. എന്നാൽ പഞ്ചാബിലെ ഇരട്ടി ജനം ഇവിടെ നിവസിക്കുന്നു. ആകെ 5 കോടി ജനമുണ്ടു്. ബങ്കാളത്തിൽ മാത്രമെ ഇവിടത്തേക്കാളധികം ജനത്തിരക്കുള്ളൂ. ഇവിടെ 40 ഇഞ്ചിലധികം മഴയില്ല.

സംസ്ഥാനത്തിന്റെ വടക്കുഭാഗം ഹിമാലയത്തിനു ള്ളിലാകുന്നു. നന്ദദേവി, ബദ്രിനാഥം എന്നീ സ്ഥലങ്ങൾ സമുദ്രനിരപ്പിൽനിന്നു 25,000 അടിയിലധികം ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ഹിമാലയത്തിനു തെക്കായി തരൈ എന്ന പ്രദേശം കിടക്കുന്നു. ഈ പ്രദേശമാസകലം കാടാണ്. പുലികളും ആനകളും ഇവിടെ സുലഭമത്രെ. തെക്കുഭാഗത്തു മദ്ധ്യേന്ത്യയിലെ പീഠഭൂമിയുടെ ഒരു ഭാഗമുണ്ട്. ഈ രണ്ടു പ്രദേശങ്ങളിലും ജനം നന്നു ചുരുക്കം. ഇവയ്ക്കു മദ്ധ്യത്തിലുള്ളതാണ് ഏറ്റവും ഫലവത്തായ സ്ഥലം. ഇവിടെ നെല്ലു സമൃദ്ധിയായി കൃഷിചെയ്തുവരുന്നു. ഇന്ത്യയിൽ മറ്റൊരിടത്തും ഇത്ര നെല്ലുണ്ടാകുന്നില്ല. ഗോതമ്പ്, യവം, മില്ലറ്റ്സ്, കരിനു് എന്നിവയും കൃഷിചെയ്തുവരുന്നു.

അലഹബാദാണ് തലസ്ഥാനം. ഇവിടെ യമുനയും ഗംഗയും തമ്മിൽചേരുന്നു. അതൊരു പുണ്യസ്ഥലമാണ്, കൂടാതെ തീവണ്ടിപ്പാതകളുടെ സങ്കേതസ്ഥാനവും, വ്യാപാരകേന്ദ്രസ്ഥാനവുമാണ്. കാശിയാണ് മറ്റൊരു പട്ടണം. ഇതു ഹിന്തുക്കളുടെ മുഖ്യ പുണ്യക്ഷേത്രമാണ്. പട്ടുവസ്ത്രങ്ങൾ, ആഭരണങ്ങൾ, പിത്തളപാത്രങ്ങൾ എന്നിവ സുലഭമായുണ്ടാക്കിവരുന്നു. കാൺപുരം എന്ന പട്ടണത്തിൽ തോൽ, രോമം, പരുത്തി, ചണ എന്നിവകൊണ്ടുള്ള വ്യവസായം നടക്കുന്നു. ഇവിടത്തെപ്പോലെ വ്യവസായം രാജ്യത്തിന്റെ അകഭാഗത്തുള്ള മറ്റു യാതൊരു പട്ടണത്തിലുമില്ല. യമുനയിന്മേൽ സ്ഥിതിചെയ്യുന്ന ആഗ്ര പഴയ ഒരു നഗരമാണ്. ഒരു വ്യാപാരകേന്ദ്രവുമാണ്.

താജ്മഹാൽ ഇവിടെയത്രെ. ഫെറിഹ്പൂർ സിക്രിയും പ്രസിദ്ധമായ ഒരു സ്ഥലമത്രെ. ഔഡിലെ തലസ്ഥാനമാണ് ലക്കനൌ. അവിടത്തെ കോവിലകങ്ങളും മറ്റും വളരെ മനോഹരമായവയാണ്. മീററ്, ആലിഗാർ, ബാറല്ലി, മിഴ്സപൂരം, മൊറാദ്ബാദ് എന്നിവ മറ്റു പട്ടണങ്ങളാണ്. നാനിറാലും മുസോറിയും സുഖവാസസ്ഥലങ്ങളത്രെ.

ദൽഹി.

ദൽഹിനഗരവും പരിസരപ്രദേശങ്ങളുംകൂടിയാണ് ദൽഹിസംസ്ഥാനം ഭരണപരമായിരിക്കുന്നത്. ഈ നഗരം യമുനയിന്മേൽ സ്ഥിതിചെയ്യുന്നു. 557 നാഴിക യാണ് സംസ്ഥാനത്തിന്റെ വിസ്താരം. ജനം 6,36,246. ഇപ്പോഴത്തെ ദൽഹിക്കു സമീപം 6 പഴയ ദൽഹികളുണ്ടത്രെ. ഏഴാമതൊരു ദൽഹിയും പണിതീർന്നിരിക്കുന്നു. മുഗിൾചക്രവർത്തിമാരുടെ കാലത്തു് ഈ നഗരമായിരുന്നു തലസ്ഥാനം. മറ്റു മുഹമ്മദീയരാജാക്കന്മാരുടെ കാലത്തും ഇതു് ഇന്ത്യയുടെ തലസ്ഥാനമായിരുന്നു. എന്തിനധികം പറയുന്നു? പാണ്ഡവരാജാവായ യുധിഷ്ഠിരന്റെ തലസ്ഥാനമായ ഇന്ദ്രപ്രസ്ഥവും ഈ നഗരമാണ്. ഇന്നു് ഇന്ത്യയുടെ തലസ്ഥാനവും ദൽഹിതന്നെ. അതൊരു വ്യാപാരകേന്ദ്രസ്ഥാനമാണ്; തീവണ്ടിപ്പാതകളുടെ സങ്കേതസ്ഥാനമാണ്; വ്യവസായകേന്ദ്രസ്ഥാനവുമാണ്. ദൽഹിയുടെ ചരിത്രമാണ് ഇന്ത്യയുടെ ചരിത്രം. അവിടെ മനോഹരങ്ങളായ അനവധി കെട്ടിടങ്ങളുണ്ട്. 1912-ലാണ് സംസ്ഥാനം ഭരണപരമായതു്. ഭരണകർത്താവ് ചീഫ് കമ്മീഷണരാകുന്നു.

പഞ്ചാബ്

ഇന്ത്യയിലെ പ്രധാനസംസ്ഥാനങ്ങളിലൊന്നാണ് പഞ്ചാബ്. വിസ്താരം 97,200 ചതുരശ്രനാഴികയാകുന്നു. ആകെ ജനം 2 കോടി 35 ലക്ഷം.

ഭൂപ്രകൃതിയനുസരിച്ചു വടക്കുപടിഞ്ഞാറൻഭാഗം, ഹിമാലയൻപ്രദേശം, പഞ്ചാബുസമതലം എന്നിങ്ങിനെ മൂന്നു വിഭാഗങ്ങളാക്കി തിരിക്കാം.

വടക്കുപടിഞ്ഞാറൻഭാഗത്തിൽ ജലം, ചിനാബു എന്നീ നദികൾക്കുമദ്ധ്യേയുള്ള പ്രദേശമാസകലം ഉൾപ്പെട്ടതാണ്. അതു വരണ്ടു മണൽനിറഞ്ഞ ഒരു ഉന്നതതടമാണ്. തെക്കേ അതിരു സോൾട്ട് റെഞ്ചത്രെ. മില്ലറാണ് പ്രധാനവിളവു്. അവിടെയാകുന്നു സമീപം ഒരു മണ്ണെണ്ണക്കുഴിയുണ്ട്.

ഹിമാലയൻപ്രദേശം വനപ്രദേശമാണ്.

പഞ്ചാബുസമതലം പരന്ന ഒരു പ്രദേശമത്രെ. അവിടെ കുന്നുകളില്ല. അതു തെക്കുപടിഞ്ഞാട്ടു ചാഞ്ഞുകിടക്കുന്നു. സറ്റ്ലജിന്റെ തെക്കുഭാഗത്തു നിലം ക്രമേണ ഉയർന്നു താർമരുഭൂമിയുടെ ഭാഗമായ്ത്തീരുന്നു. ഈ സമതാനത്തിൽകൂടി പഞ്ചാബിലെ അഞ്ചു പ്രസിദ്ധനദികളും പ്രവഹിക്കുന്നു. പിന്നെ അവയെല്ലാം ചേർന്നു സിന്ധുവിലേക്കു് ഒഴുകുന്നു. ഈ പ്രദേശത്തു മഴ നന്നു കുറവാണു്. തെക്കുപടിഞ്ഞാറെ അറ്റമാണ് ഏറ്റവും വരണ്ടിരിക്കുന്നതു്. അവിടെ 5 ഇഞ്ചിൽ കുറവാണ് മഴ. ഈ സമതാനത്തിൽ സക്കാർമുതൽ 6 കനാലുകളും കുത്തിച്ചിരിക്കുന്നു.

വെസ്റ്റേൺയമുന കനാൽ യമുനയിൽനിന്നു പുറപ്പെട്ടു മൈതാനത്തിന്റെ തെക്കുകിഴക്കുഭാഗത്തേക്കു പോകുന്നു.

സിർഹിന്ദ് കനാൽസറ്റ്ലജിൽനിന്നു പുറപ്പെട്ടു തെക്കുകിഴക്കോട്ടുതന്നെ പോകുന്നു.

അപ്പർറാവികനാൽ റാവിനദിയിൽനിന്നു പുറപ്പെടുന്നു.

ലോവർചീനബ് കനാൽ ഇന്ത്യയിലെ വലിയ കനാലുകളിൽ ഒന്നത്രെ.

ലോവർ ജിലംകനാൽ ജിലത്തിൽനിന്നു പുറപ്പെടുന്നു.

മറ്റൊരു കനാലാണ് ട്രിപ്പിൾപ്രോജക്ട്. അതിനു അപ്പർചീനാബ്–ലോവർബാറിഡുവാബുകനാൽ സിസ്റ്റമെന്നും പേരുണ്ട്. അപ്പർചീനാബുകനാൽ പുറപ്പെടുന്നതു ഹിമാലയത്തിന്റെ താഴ്വരയിലുള്ള മെരല എന്ന സ്ഥലത്തുനിന്നാണ്. റാവിനദി കടന്നതിനു ശേഷമാണ കനാലിനു റാവികനാലെന്നു പേർ കിട്ടുന്നതു്.

മൈതാനത്തിലെ പ്രധാന വിളവു ഗോതമ്പുതന്നെ. മില്ലറ്റ്സ്, മൈസു എന്നിവയും കൃഷിചെയ്യുവരുന്നു. എണ്ണബീജങ്ങൾ, പരുത്തി എന്നിവയാണ് മറ്റു പ്രധാന വിളവുകൾ.

ആകെ 2 കോടി 35 ലക്ഷം ജനം നിവസിക്കുന്നു. അധികഭാഗവും കൃഷിക്കാർതന്നെ.

ലാഹൂരാണ് തലസ്ഥാനം. അവിടെനിന്നു് അനവധി തീവണ്ടിപ്പാതകൾ പുറപ്പെടുന്നു. അതു സിക്കുകാരുടെ പ്രധാന നഗരമായിരുന്നു. അമൃതസരസ്സ് ഒരു വ്യാ

പാരകേന്ദ്രസ്ഥാനമാണ്. റാവൽപിണ്ടി, അറോക്ക് എന്നിവ സൈനികസങ്കേതസ്ഥാനങ്ങളത്രെ. ജലന്ധർ, ലൂഡിയാന, അമ്പാല എന്നിവിടങ്ങളിലും സൈന്യത്തെ താമസിപ്പിച്ചുവരുന്നു. മുൾട്ടാൻ വ്യാപാരം നടക്കുന്ന ഒരു സ്ഥലമാണ്. സുഖവാസസ്ഥലങ്ങളിൽ പ്രധാനമായതു സിംലതന്നെ.

വടക്കുപടിഞ്ഞാറൻ സംസ്ഥാനം.

സിന്ധുനദിയുടെ പടിഞ്ഞാറുഭാഗത്തു വടക്കു ഹിന്ദുക്കുഷ്മുതൽ തെക്കു സുലേമാൻവരെ നീണ്ടുകിടക്കുന്നു. പെറിയൊരു ഭാഗം സിന്ധുവിന്റെ കിഴക്കുമുണ്ട്. മലകൾ നിറഞ്ഞ പ്രദേശമാണ്. മലകളുടെ താഴ്വരകളിൽകൂടി നദികൾ പ്രവഹിക്കുന്നു. ഈ താഴ്വരകളിൽകൂടി സൈനികപന്ഥാവുകൾ വെട്ടിയിരിക്കുന്നു. പ്രധാനപന്ഥാവു കൈബർപാതതന്നെ. പെഷവാർ ഈ പാതയിന്മേലാണ്. ഈ പട്ടണം ഒരു സൈനികസങ്കേതസ്ഥാനവുമാണ്. കോഹിറ്റ്, ബന്ന്, ഡീറ ഇസ്മൈൽഖാൻ എന്നിവ മറ്റു സൈനികസങ്കേതസ്ഥാനങ്ങളത്രെ.

ആകെ 24 ലക്ഷം ജനം അവിടെ നിവസിക്കുന്നു.

1932-ൽ അവിടത്തെ ഭരണാധികാരിക്കു ഗവർണ്ണർ എന്ന സ്ഥാനം കൊടുത്തു.

ബലൂചിസ്ഥാൻ.

സിന്ധുതടത്തിൽനിന്നു സുലേമാൻ, കിർത്താർ എന്നീ മലകളാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. ബലൂചിസ്ഥാൻ ഇറാൻ ഉന്നതതടത്തിന്റെ കിഴക്കുഭാഗമാണ്. വടക്കുഭാഗമാണ് ബ്രിട്ടീഷുകാക്കധീനമായ പ്രദേശം. മഴ ഇല്ലെന്നുതന്നെ പറയാം.

കൊറയാണ് പ്രധാന നഗരം. അതു് ഒരു സൈനികസ്ഥാനമാണു്. അതു കോട്ടകളാൽ സുരക്ഷിതമാണു്. തീവണ്ടിപ്പാതമൂലം സിന്ധുതടത്തിലുള്ള ജക്കോബബാദുമായി ബന്ധിതമായിരിക്കുന്നു. കണ്ടഹാരം, ആഫ്ഗനിസ്ഥാൻ, പേഷ്വ എന്നിവടങ്ങളിലേക്കു പുറപ്പെടുന്ന ഒരു കാരവൻ മാർഗ്ഗത്തിന്റെ ആരംഭസ്ഥാനവുമാണു്.

അജമീർ-മെർവാറ.

ബ്രിട്ടീഷുസംസ്ഥാനമായ അജമീർ-മെർവാറ രാജപുത്രസ്ഥാനത്തിന്റെ നടുക്കു കിടക്കുന്നു. അരാവല്ലിമലകൾ ഈ സംസ്ഥാനത്തിന്റെ നടുവിലാണു്. അതിനു 2711 ചതുരശ്രനാഴിക വിസ്താരമുണ്ടു്. വടക്കെ ഇന്ത്യയിലെ സമതാനത്തിന്റെ ഏറ്റവും ഉയർന്ന ഭാഗമാണിതു്. കാലാവസ്ഥ സുഖകരമായതാണു്. മഴ കൊല്ലത്തിൽ 20 ഇഞ്ചിൽ അല്പം കൂടുതലായിരിക്കും. അജമീർ പരന്നും, മെർവാറ, കുന്നുകൾ നിറഞ്ഞുമിരിക്കുന്നു. കൃഷി തന്നെയാണു് ജനങ്ങളുടെ പ്രധാനതൊഴിൽ.

1931-ലെ കാനേഷുമാരി കണക്കുപ്രകാരം 5,60,292 ജനം നിവസിക്കുന്നു.

അജമീരമാണു് പ്രധാനനഗരം. ഇവിടെ അനവധി മനോഹരകെട്ടിടങ്ങളുമുണ്ടു്. അവയിൽവച്ചു മുസ്ലിം കാരുടെ പള്ളിയാണു് പ്രധാനമായതു്. ബീവാർ (നയനഗരം) മറ്റൊരു പട്ടണമാണു്.

ഒരു ചീഫ് കമ്മിഷണരാണു് ഇവിടത്തെ ഭരണകർത്താവു്.

ബോംബെ സംസ്ഥാനം.

ഈ സംസ്ഥാനത്തിനു 200 മുതൽ 300 നാഴികവ

രെ വീതിയുണ്ട്. അതിന്റെ ഉത്തരതീരത്തു സിന്ധുനദിയുടെ മുഖം, റൺസ് ഓഫ് കച്ച്, ഗൾഫ് ഓഫ് കച്ച്, കാംബേ ഉൾക്കടൽ എന്നിവ സ്ഥിതിചെയ്യുന്നു. സമുദ്രം ആഴംകുറഞ്ഞും തീരം താഴ്ന്നുമിരിക്കുന്നതിനാൽ നല്ല നൌകാശയങ്ങളില്ല. തെക്കുഭാഗത്തുള്ള പ്രധാനതുറ ബോംബെ നൌകാശയംതന്നെ. ബോംബെ നൌകാശയം ബോംബെ ദ്വീപിനാൽ സുരക്ഷിതമായിരിക്കുന്നു.

റൺസ് ഓഫ് കച്ചിനും വടക്കുഭാഗത്താണ് സിന്ധ്. ഇവിടെ മഴ നന്ന കുറവാണ്. ചില സ്ഥലങ്ങളിൽ കൊല്ലത്തിൽ 5 ഇഞ്ചിലും കുറയും. അതുകൊണ്ട് സിന്ധിലധികഭാഗവും മരുഭൂമിതന്നെ. സിന്ധിന്റെ തെക്കുഭാഗമാണ് ഗുജറത്ത്. അതിൽ കച്ചും കത്തിയവാറും ഉൾപ്പെട്ടിരിക്കുന്നു. ഇവിടെ സിന്ധിലേക്കാളധികം മഴയുണ്ട്. ഗോതമ്പ്, പരുത്തി, മില്ലറസ് എന്നിവ കൃഷിചെയ്യുന്നു. കാൻഡെഷ് ഫലപുഷ്ടിയുള്ള ഒരു പ്രദേശമാണ്. കൊങ്കണതീരം വടക്കു തപതി മുതൽ സംസ്ഥാനത്തിന്റെ തെക്കെ അറ്റംവരെ നീണ്ടുകിടക്കുന്നു. ഇവിടെ മഴ സുലഭമാണ്. നെല്ലും നാളികേരവുമാണ് പ്രധാനവിളവുകൾ. പശ്ചിമഘട്ടത്തിന് കിഴക്കുഭാഗത്തു ബോംബെ ഡക്കാൻ കിടക്കുന്നു. അതിനു 150 നാഴിക വീതിയുണ്ട്. മഴ കുറവാണ്. തെക്കുഭാഗത്ത് അസാരം കൂടി മഴയുണ്ട്. അവിടെ പരുത്തി കൃഷിചെയ്യുന്നു.

1931-ലെ കാനേഷുമാരി കണക്കുപ്രകാരം ഈ സംസ്ഥാനത്തിൽ 2 കോടി ജനമുണ്ടെന്നു കണ്ടിരിക്കുന്നു.

ബോംബെയാണ് പ്രധാനനഗരം. നൌകാശയം വിശേഷമായതത്രെ. ഈ നഗരം ഏതാണ്ട് ഇന്ത്യയുടെ

മദ്ധ്യത്തിലാണ്ടതാനും. പരുത്തി കൃഷിചെയ്യുന്ന സ്ഥലങ്ങൾ നന്നേ അടുത്തുകിടക്കുന്നതുമുണ്ട്. പരുത്തിയന്ത്രങ്ങൾ പണിയെടുക്കുന്നതു വിദ്യുച്ഛക്തിയുടെ സഹായം കൊണ്ടാകുന്നു. ഇതു തീവണ്ടിപ്പാതകളുടെ സംഗമസ്ഥാനമാണ്.

സിന്ധുനദിയുടെ മുക്കോൺതുരുത്തിന്റെ വടക്കേ അറ്റത്താണ് കറാച്ചി. സ്വാഭാവികമായ ഒരു നൌകാശയമുണ്ട്. സിന്ധുതടത്തിന്റെ പ്രധാനതുറമുഖമതത്രെ. പഞ്ചാബിലെ പരുത്തിയും ഗോതമ്പും കയറുന്നതു് ഇവിടെനിന്നുതന്നെ.

അഹമ്മദുബാദുനഗരം സബർമതി നദിയിന്മേൽ സ്ഥിതിചെയ്യുന്നു. ഈ നദി കാംബെ ഉൾക്കടലിൽ വീഴുന്നു. ഈ നഗരം ഒരു വ്യവസായനഗരമാണ്.

പൂന പഴയകാലത്തു മഹാരാഷ്ട്രന്മാരുടെ തലസ്ഥാനമായിരുന്നു.

സിന്ധിലെ ഹൈദരാബാദ് എന്ന സ്ഥലത്തു വ്യാപാരം നടന്നുവരുന്നു.

സൂറത്ത്, ബ്രോച്ച്, കാംബേ എന്നിവ പണ്ടു പ്രശസ്തനഗരങ്ങളായിരുന്നു. മഹാബലേശ്വരം ഒരു സുഖവാസസ്ഥലമത്രെ. 1936-ൽ സിൻഡ് ഒരു പ്രത്യേകസംസ്ഥാനമായി ചേർത്തിരിക്കപ്പെട്ടു.

കൂടുക

മൈസൂരിന്റെ പടിഞ്ഞാറുഭാഗത്തു കിടക്കുന്നു. 1,600 ചതുരശ്രനാഴിക വിസ്താരം കാണും. കുന്നുകൾ നിറഞ്ഞിരിക്കുന്നു. മഴ സുലഭമാണ്. മെക്കാറയിൽ 130

ഇഞ്ചു മഴ പെയ്യും. നെല്ലാണ് പ്രധാന വിളവ്. കാപ്പി യും ചായയും കൃഷി ചെയ്യുവരുന്നു.

1931-ലെ കാനേഷുമാരി കണക്കുപ്രകാരം 1,63,327 ജനം നിവസിക്കുന്നതായി കണ്ടിരിക്കുന്നു.

ചീഫ് കമ്മീഷണരാണ് ഭരണകർത്താവ്. അദ്ദേഹം മൈസൂരിലെ ഏജണ്ടുമാണ്. തലസ്ഥാനം മെക്കാറയാണ്.

മദ്രാസ് സംസ്ഥാനം.

ഈ സംസ്ഥാനം പഴയ സെൻറ് ജോർജ്ജ് കോട്ട വലു തായി ഉണ്ടായതാകുന്നു. സംസ്ഥാനം ഇന്ത്യാരാജ്യത്തി ന്റെ തെക്കെ അറ്റമാസകലം വ്യാപിച്ചുകിടക്കുന്നു. കി ഴക്കെ തീരത്തിന്റെ വടക്കെ അറ്റം ബീഹാരത്തെ തൊ ട്ടുകിടക്കുന്നു. ഒക്കാൻ പീഠഭൂമിയുടെ ഒരു ഭാഗവും ഈ സംസ്ഥാനത്തിലുൾപ്പെട്ടിരിക്കുന്നു.

സ്വാഭാവികസ്ഥിതിയനുസരിച്ചു സംസ്ഥാനത്തെ പശ്ചിമതീരം, കരനാടകം, വടക്കൻസർക്കാർ, ഒക്കാനിലെ പീഠഭൂമി എന്നിങ്ങിനെ വിഭജിക്കാം. പശ്ചിമതീരത്തെ ത്തന്നെ മണൽപ്രദേശം, മൈതാനം, പശ്ചിമഘട്ടങ്ങളു ടെ ചരിവ് എന്നിങ്ങിനെ തിരിക്കാം. മഴ എവിടേയും സുലഭമാണ്. മണൽപ്രദേശം തെങ്ങുകൊണ്ടു നിറഞ്ഞി രിക്കുന്നു. മൈതാനഭാഗത്തിലാണ് കായലുകൾ. കാ യലുകളിൽകൂടി ഗതാഗതസൌകര്യമുണ്ട്. ഇവിടെ അ നവധി നൌകാശയങ്ങളുമുണ്ട്. കൊച്ചിയാണ് അവ യിൽ പ്രധാനമായവ. അതു ലോകത്തിലെ പ്രധാനതു റമുഖങ്ങളിൽ ഒന്നാകാൻ പോകയാണ്. നെല്ല്, കുരുമുള കു് എന്നിവ സമൃദ്ധിയായുണ്ടാകുന്നു. പശ്ചിമഘട്ടത്തി ന്റെ ചരിവിൽ വലിയ കാടുകളുണ്ട്.

ജനം ഇടതിങ്ങി പാർക്കുന്ന ഒരു പ്രദേശമാണിത്. മി ക്കവരും കൃഷിക്കാരാണ്. പായനെയ്ത്ത് പ്രധാനമായ ഒരു വ്യവസായമാണ്. മത്സ്യംപിടുത്തം മറെറാരു തൊ ഴിലാണ്.

കരനാടകത്തെ സമുദ്രതീരമെന്നും, പടിഞ്ഞാറുള്ള കുന്നിൻപ്രദേശമെന്നും വിഭജിക്കാം. മഴപെയ്യുന്നത് ഒ ക്ടോബർ മുതൽ ഡിസംബർവരെയാണ്. കുന്നുകളിൽ കാടുകൾ സുലഭമാണ്. 40 ഇഞ്ചിലധികം മഴയില്ല. ക്ഷാമം ഇടയ്ക്കിടെ ഉണ്ടാകാറുണ്ട്. തീരപ്രദേശത്തു കൃഷി നടന്നുവരുന്നു. കൃഷി നനയ്ക്കുവാൻവേണ്ടി തോടുകൾ കു ത്തിയിരിക്കുന്നു. പെരിയാറാണ് പ്രധാനമായ ഒരു ജലശേ ഖരമാണ്. കാവേരിയുടെ മുഖത്തു് അനവധി തോടുക ളുണ്ട്. സമുദ്രതീരത്തു നെല്ലാണ് പ്രധാനവിളവു്. അ കഭാഗത്തു മില്ലറ്റ്സാണ് പ്രധാനവിളവു്. പരുത്തിയും നിലക്കടലയും സമൃദ്ധിയായി കൃഷിചെയ്യുവരുന്നു. നീല ഗിരിയുടെ മദ്ധ്യത്തിൽ ചായ കൃഷിചെയ്യുവരുന്നു. നെല്ലു രിൽനിന്നു മൈക്ക ഖനനം ചെയ്യുവരുന്നു.

വടക്കൻസർക്കാർ സമുദ്രതീരത്താണെങ്കിലും ഒരു മൈ താനമല്ല. മദ്ധ്യഭാഗം ഗോദാവരിയുടേയും കൃഷ്ണയുടേയും മുക്കോൺതുരുത്തുതന്നെ. വിശാഖപട്ടണത്തിനരികത്തു നിന്നു മാൻഗനീസ് കുഴിച്ചെടുക്കുന്നു. കാടുകൾ സുലഭ മാണ്. നെല്ലാണ് പ്രധാനവിളവു്. വിശാഖപട്ടണത്തിൽ നല്ലൊരു നൌകാശയമുണ്ട്.

ടക്കൻ ഉന്നതതടത്തിൽ മഴ തുച്ഛം. മില്ലറ്റ്സാ ണ് പ്രധാനഭക്ഷ്യധാന്യസാധനം. പരുത്തി സമൃദ്ധിയായി വിളയുന്നു

ആകെ ജനം 4 കോടി 65 ലക്ഷം.

മദ്രാസാണ് തലസ്ഥാനം. ഇത് ഇന്ത്യയിലെ മൂന്നാമത്തെ നഗരവും അഞ്ചാമത്തെ തുറമുഖവുമാണ്. ഇവിടെ തോൽവ്യവസായവും പരുത്തിവ്യവസായവും നടന്നുവരുന്നു. തീവണ്ടിപ്പാതകളുടെ സംഗമസ്ഥാനമാണ്.

പുതുശ്ശേരി ചരന്ത്രീസുകാരുടെ തലസ്ഥാനമാണ്.

തൂത്തുക്കുടിയിൽ മുത്തു ചിപ്പികൾ മുങ്ങി എടുത്തുവരുന്നു.

ധനുഷ്കോടിയിലാണ് തെക്കേ ഇന്ത്യാ തീവണ്ടിപ്പാത അവസാനിക്കുന്നത്.

മധുരയും തൂശ്ശിനാപ്പള്ളിയും വലിയ പട്ടണങ്ങളാണ്. മധുരയിലെ ആയിരം കാൽ മണ്ഡപം ക്ഷേത്രം എന്നിവയും തൂശ്ശിനാപ്പള്ളിയിലെ പാറക്കോട്ടയും പ്രസിദ്ധംതന്നെ.

മംഗലാപുരമാണ് തീവണ്ടിപ്പാതയുടെ പശ്ചിമതീരത്തെ അവസാനം.

കോഴിക്കോട്, തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം എന്നിവ പശ്ചിമതീരത്തുള്ള മറ്റു പട്ടണങ്ങളാണ്. ഒടുവിലത്തെ മൂന്നു നഗരങ്ങൾ തിരുവിതാംകൂറിലാകുന്നു.

കൊക്കനാട, മച്ചിലിപട്ടണം, കലിംഗപട്ടണം, ഗോപാലപുരം എന്നിവ വടക്കൻസർക്കാരിലെ പട്ടണങ്ങളാണ്. ഊട്ടകമണ്ട് ഇന്ത്യയിലേക്ക് ഏറ്റവും നല്ല സുഖവാസസ്ഥലമത്രെ

ഗവർണ്ണരാണ് ഭരണകർത്താവ്.

മദ്ധ്യസംസ്ഥാനം.

ഈ സംസ്ഥാനം ഇന്ത്യയുടെ മദ്ധ്യത്തിലാണ്. ഏതാണ്ടു മദ്രാസുസംസ്ഥാനത്തിന്റെ വലിപ്പം കാണും. ഏ

ന്നാൽ അവിടത്തെ മൂന്നിലൊന്ന് ആളുകൾ മാത്രമേ ഇവിടെയുള്ളൂ. ജനസംഖ്യ ഒരു കോടി അമ്പതുലക്ഷം.

സംസ്ഥാനത്തിന്റെ വടക്കേ അറ്റത്തു ശതപുരമലകൾ കിടക്കുന്നു. മദ്ധ്യസംസ്ഥാനത്തിലെ കുന്നുകൾ മഹാഡിയൊ കുന്നുകളും മൈക്കൽമലകളുമാകുന്നു. നാഗപുരത്തിനു ചുറ്റുമുള്ള പ്രദേശം ഗോദാവരി താഴ്വരയുടെ ഒരു ഭാഗമത്രെ. മഹാനദിയുടെ താഴ്വരക്കു മാറിസുഗാർ മൈതാനമെന്നു പേർ. തെക്കുഭാഗത്തു പൂർവ്വഘട്ടം കിടക്കുന്നു.

ഗോദാവരിയുടെ താഴ്വരയിൽ കല്ക്കരിയുണ്ടത്രെ. മഹാനദിയുടെ താഴ്വരയിൽ നെല്ലു കൃഷിചെയ്യുവരുന്നു. പൂർവ്വഘട്ടഭാഗത്തിൽ കാട്ടുകൾ സുലഭമാണ്. സാൽ എന്ന മരമാണ് അധികം പ്രധാനമായതു്.

നാഗപുരമാണ് തലസ്ഥാനം. ബോംബെയ്ക്കും കല്ക്കത്തയ്ക്കും ഏതാണ്ടു നടുവിലാണ്. പരുത്തിവ്യവസായം നടക്കുന്നു.

പാർഡ, വറോറ, മാണ്ട എന്നീ നഗരങ്ങളിലും പരുത്തിവ്യവസായംതന്നെ പ്രധാനം.

ബീറാറിലെ പ്രധാനനഗരമാണ് അമരാവതി. അവിടേയും പരുത്തിവ്യവസായം നടക്കുന്നുണ്ട്.

വടക്കുള്ള ജബൽപുരം ഒരു തീവണ്ടിസംഗമസ്ഥാനമാണ്.

മഹാനദിതാഴ്വരയിലെ പ്രധാന പട്ടണമാണ് റെയിപുരം.

ആൻഡമൻ-നിക്കോബാർ.

ആൻഡമൻസിൽ ഗ്രൗ ആൻഡമൻസ് എന്നും ലിറ്റിൽ ആൻഡമൻസ് എന്നും രണ്ടു വിഭാഗങ്ങ

ട്ടുണ്ട്. രണ്ടിന്റേയും മദ്ധ്യത്തിലായി ഡൻക്കൻപാസ്സേജ് കിടക്കുന്നു. 2,508 ചതുരശ്രനാഴികയാണ് വിസ്താരം. മലകൾ സുലഭമാണ്. സസ്യങ്ങളും സമൃദ്ധിയായുണ്ട്. നദികൾ ഇല്ല. ജനങ്ങൾ നിഗ്രോ വർഗ്ഗക്കാരാണ്.

ഗ്രൊറ്റ് ആൻഡമൻസിലെ ഒരു വിഭാഗമായ തെക്കെ ആൻഡമൻസിലെ പോട്ടബ്ലെയറാണ് കുറ്റക്കാരുടെ സങ്കേതസ്ഥലം. അതു റോസ്സ്ദ്വീപിലാണ് സ്ഥിതി ചെയ്യുന്നത്.

നിക്കോബാർ ദ്വീപുകൾക്കു 600 ചതുരശ്രനാഴികയാണ് വിസ്താരം. ആകെ 19 ദ്വീപുകളുണ്ട്.

രണ്ടു ദ്വീപസമൂഹവുംകൂടി ഒരു ചീഫ് കമ്മീഷണറാണ് ഭരിക്കുന്നത്.

അദ്ധ്യായം 16.

സാമന്തരാജ്യങ്ങൾ.

ഹൈദരാബാദ്.

ഹൈദരാബാദാണ് ഏറ്റവും വലിയ രാജ്യം. അതിന്റെ വിസ്താരം 82,698 ചതുരശ്രനാഴികയാകുന്നു. ഈ രാജ്യം രണ്ടു നദികൾക്കുള്ളിൽ കിടക്കുന്നു. ഗോദാവരിയും അതിന്റെ പോഷകനദിയായ വെയിൻ ഗംഗയും മേന്നാൽ ഈ രാജ്യത്തിന്റെ വടക്കുകിഴക്കെ അതിരും വടക്കെ അതിരുമായി. കൃഷ്ണയും തുംഗഭദ്രയും മേന്നാൽ രാജ്യത്തിന്റെ തെക്കെ അതിരുമായി. നദീതാഴ്വ

രകളിൽ നെല്ല് കൃഷിചെയ്യുവരുന്നു. മറ്റു സ്ഥലങ്ങളിൽ എണ്ണക്കുരുക്കൾ, റാഗി എന്നിവയാണ് പ്രധാനവിളവു്. വടക്കുപടിഞ്ഞാറു ഭാഗത്തു ഗോതമ്പും പരുത്തിയും കൃഷി ചെയ്യുന്നു. പരുത്തിവ്യവസായം നടന്നുവരുന്നുണ്ട്. സിക്കന്ദരാബാദിനു സമീപത്തുനിന്നു കല്ക്കരി എടുത്തുവരുന്നു.

ഹൈദരാബാദാണ് തലസ്ഥാനം. അതു നിറയെ പള്ളികളും കോവിലകങ്ങളുമാണ്. ഈ നഗരം ബോംബെ, മദ്രാസ്, അലഹബാദ് എന്നിവയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. അടുത്തുള്ള സെക്കന്ദരാബാദ് വലിയൊരു സൈനികസങ്കേതസ്ഥാനമാണ്.

ഗോൽക്കൊണ്ട, ഗൽബർഗ, ബീഡർ, ഔറംഗബാദ്, ദൌലത്ത്ബാദ് എന്നിവ മറ്റു നഗരങ്ങളാണ്.

നൈസാമാണ് രാജ്യം ഭരിക്കുന്നതു്.

കാശ്മീരം

വലിപ്പംകൊണ്ടു രണ്ടാമത്തെ രാജ്യം കാശ്മീരമാകുന്നു. അതിനു 81,000 ചതുരശ്രനാഴിക വിസ്താരമുണ്ട്. അതു് ഇന്ത്യയുടെ അതിർത്തിയിലുള്ള ഒരു രാജ്യമാണ്. അനവധി മലകളും അവയുടെ ഇടയിൽ താഴ്വരകളുമുണ്ട്. കാശ്മീർതാഴ്വര പ്രസിദ്ധമായതത്രെ. സിന്ധുവും ജിൽജിറുമാണ് പ്രധാനനദികൾ. കാരകൊറം പാത ഇവിടെയാണ്. കാശ്മീരാവലി ലോകത്തിലെ ഏറ്റവും മനോഹരമായ പ്രദേശങ്ങളിൽ ഒന്നാണ്. അവിടെ രണ്ടു ശുദ്ധജലതടാകങ്ങളുമുണ്ട്. ഗോതമ്പു, യവം എന്നിവ കൃഷിചെയ്യുവരുന്നു.

ശ്രീനഗരമാണ് തലസ്ഥാനം. അതു ജിലാനദിയിന്മേൽ വൂലർ തടാകത്തിനു സമീപം സ്ഥിതിചെയ്യുന്നു. അതൊരു വ്യാപാരകേന്ദ്രസ്ഥാനമാണ്. കാരക്കോറം ചുരത്തിൽ കൂടിയുള്ള ഒരു വാണിജ്യമാർഗ്ഗത്തിന്റെ ആരംഭസ്ഥാനമാണു ലേ. ജിൽജിറ്റിൽനിന്നു ഹിന്ദുക്കുഷിനു മീതെയുള്ള പാത പുറപ്പെടുന്നു.

ഹിന്ദുമഹാരാജാവാണു രാജ്യം ഭരിക്കുന്നതു്.

ജോഡ്പുരം.

വലിപ്പംകൊണ്ടു മൂന്നാമത്തെ രാജ്യം ജോഡ്പുരമാകുന്നു. ഇതു രാജപുത്രസ്ഥാനത്തിലെ 20 രാജ്യങ്ങളിലൊന്നാണ്. ഇതിന്റെ വിസ്താരം 35,000 ചതുരശ്രനാഴിക യാകുന്നു.

മൈസൂർ.

വലിപ്പംകൊണ്ടു നാലാമത്തെ രാജ്യമാണു മൈസൂർ. ഈ രാജ്യം ദക്കാനിലെ ഉന്നതതടത്തിന്റെ ഒരു വിഭാഗമാണ്; എന്നുമാത്രമല്ല; അതിന്റെ ഏറ്റവും ഉയർന്ന ഭാഗമാണ്. ഒരു ഭാഗത്തു പൂർവ്വഘട്ടവും, മറേഭാഗത്തു പശ്ചിമഘട്ടവും കിടക്കുന്നു. തുംഗ, ഭദ്ര എന്നീ നദികൾ ഉത്ഭവിക്കുന്നതു മൈസൂരിൽനിന്നാണ്. തെക്കുഭാഗത്തുകൂടി കാവേരിയും പ്രവഹിക്കുന്നു. പൊന്നാർനദി ആദ്യം വടക്കോട്ടൊഴുകി പിന്നെ കിഴക്കോട്ടു തിരിയുന്നു. പാലാറും പൊന്നയാറും കിഴക്കോട്ടും ഒഴുകുന്നു. ഉന്നതതടത്തിന്റെ മിക്ക ഭാഗങ്ങളിൽ കൊല്ലത്തിൽ 20 ഇഞ്ചിൽ

കുറവാണു. മഴ. മഴ ക്രമമായി പെയ്യുന്നതുമില്ല. വിസ്താരം 29,469 ചതുരശ്രനാഴിക.

കോലാറിൽനിന്നു സ്വർണ്ണം കഴിച്ചെടുത്തു വരുന്നു. മൈസൂരിൽ മാങ്കനീസും കാണും. വനം സുലഭമാണ്. മില്ലറാണു പ്രധാനവിളവു്. നെല്ലും കൃഷിചെയ്യുന്നുണ്ടു്. കൃഷിചെയ്യാവുന്ന സ്ഥലത്തിൽ പത്തിലൊന്നിൽ പരുത്തിയാണു കൃഷിചെയ്യുന്നതു്. മലഞ്ചെരിവുകളിൽ ആടുകളെ മേച്ചുവരുന്നു. ചതുരശ്രനാഴികക്കു 200 ജനം വീതം ഉണ്ടെന്നു പറയാം. അവിടെ ഭാഷ കന്നഡകമാകുന്നു.

ബങ്കളൂർ എന്ന പട്ടണത്തിൽ മാത്രമെ ഒരു ലക്ഷത്തിലധികം ജനങ്ങളുള്ളൂ. അവിടെ തീവണ്ടിപ്പാതകൾ യോജിക്കുന്നു. ഒരു പാത മദ്രാസും ബോംബെപാതയുമായി യോജിക്കുന്നു. മറെറാന്നു ഡർവാർ, ഹുബ്ലി, ബൽഗാം എന്നിവിടങ്ങളിൽകൂടി പൂനയിലേക്കു പോകുന്നു. മറെറാന്നു മൈസൂരിലേക്കു പോകുന്നു. ഇവിടെ പട്ടുവ്യവസായം നടന്നുവരുന്നു. ഗവർമ്മേണ്ടു ഇവിടെയാണു്.

മൈസൂരാണു തലസ്ഥാനം. അവിടേയും പട്ടുവ്യവസായമുണ്ടു്.

കോലാറിൽനിന്നു സ്വർണ്ണം കഴിച്ചെടുക്കുന്നുവെന്നു പറഞ്ഞുവല്ലൊ.

ശ്രീരംഗപട്ടണമായിരുന്നു ടിപ്പുവിന്റെ തലസ്ഥാനം.

ഒരു ഹിന്തുരാജാവാണു രാജ്യം ഭരിക്കുന്നതു്.

ഗവാളിയോർ.

മൈസൂർ കഴിഞ്ഞാൽ പിന്നെ വലിയ രാജ്യം ഗവാ

ളിയോറാകുന്നു. ഈ രാജ്യം മദ്ധ്യേന്ത്യയിലാകുന്നു. വിസ്താരം 25,000 ചതുരശ്രനാഴിക. ഇതിലധികഭാഗവും ഗ്വാളിയോർ റസിഡൻസി എന്ന രാഷ്ട്രീയവിഭാഗത്തിലും പ്പെട്ടിരിക്കുന്നു. അതിൽ ഗ്വാളിയോറോടുകൂടി 19 രാജ്യങ്ങളുണ്ട്. ജനങ്ങളും മാൾവി, ബണ്ടലി, ഊഡു, ഹിന്ദി എന്നീ ഭാഷകളും സംസാരിക്കുന്നു.

ലാസ്സ്വരാണ് ഇപ്പോഴത്തെ തലസ്ഥാനം. മഹാരാജാവു വസിക്കുന്നതു് ഇവിടെയാണ്. പഴയ തലസ്ഥാനമായിരുന്ന ഗ്വാളിയോർ ഇന്നു നശിച്ചുകിടക്കുന്നു. മുഹമ്മദീയരാണ് അവിടെ അധികം. ഗ്വാളിയോറിലുള്ള മാൾവഭാഗത്തിന്റെ തലസ്ഥാനമാണ് ഉജ്ജയനി. അതിനു് അവന്തിയെന്നും പേരുണ്ട്. ഈ നഗരം വിക്രമാദിത്യന്റെ തലസ്ഥാനമായിരുന്നു.

മഹാരാജാവാണ് രാജ്യം ഭരിക്കുന്നതു.

ബിക്കാനിയർ.

ഒരു രാജപുത്രരാജ്യമാണ്. രാജപുത്രസ്ഥാനത്തു കിടക്കുന്നു. വിസ്താരം 23,317 ചതുരശ്രനാഴിക. മഹാരാജാവാണു രാജ്യം ഭരിക്കുന്നതു.. ബിക്കാനിയറാണു തലസ്ഥാനം.

ജയപൂരം, ജൈസൽമർ എന്നിവയും രാജപുത്രരാജ്യങ്ങളാണ്. ജയപുരത്തിനു 16,682 ചതുരശ്രനാഴികയും ജൈസൽമറിനു 16,062 നാഴികയും വിസ്താരം കാണും. ജയപുരമാണു രാജപുത്രസ്ഥാനത്തിലേക്കു വലിയ പട്ടണം. അതു രാജപുത്രസ്ഥാനത്തിലെ വ്യവസായകേന്ദ്രവുമാണ്. വളരെ മനോഹരമായ ഒരു പട്ടണമത്രെ.

പഞ്ചാബിലെ ഏറ്റവും വലിയ നാട്ടുരാജ്യമാണ് ഭവൽപുരം. അതിനു 15,000 ചതുരശ്രനാഴിക വിസ്താരമുണ്ട്. അവിടെ മലകളൊ നദികളൊ ഇല്ല. വളരെ ഉഷ്ണമുള്ള ഒരു പ്രദേശമാണ്. കൊല്ലത്തിൽ 5 ഇഞ്ചിലധികം മഴയുമില്ല. നെല്ല്, ഗോതമ്പ്, മില്ലറ്റ്സ് എന്നിവ കൃഷിചെയ്യുന്നു.

ഭവൽപുരമാണ് തലസ്ഥാനം. ഒരു നവാബാണ് രാജ്യം ഭരിക്കുന്നത്.

വലിപ്പംകൊണ്ട് പിന്നത്തെ രാജ്യം മദ്ധ്യസംസ്ഥാനങ്ങളിലെ ബാസ്റ്ററാണ്. അതിനു 13,000 ചതുരശ്രനാഴിക വിസ്താരമുണ്ട്. ഇന്ദ്രാവതിയാണ് പ്രധാനനദി. നെല്ലാണ് പ്രധാനവിളവ്. കാട്ടുകഠ സുലഭമാണ്. ജനങ്ങഠം അപരിഷ്കൃതരായ ഗോണ്ടുകളാണ്. ജഗൽപുരമാണ് ഇപ്പോഴത്തെ തലസ്ഥാനം.

മദ്ധ്യേന്ത്യയിലെ റീവയാണ് പിന്നെ വലിയത്. അതിനു 13,000 ചതുരശ്രനാഴിക വിസ്താരമുണ്ട്. ഉമേറിയ എന്ന സ്ഥലത്തു കല്ലൂരി കണ്ടുവരുന്നു. മഹാരാജാവാണ് രാജ്യം ഭരിക്കുന്നത്. റീവയാണ് തലസ്ഥാനം.

രാജപുത്രസ്ഥാനത്തിലെ ഉദയപുരത്തിനു 12,691 ചതുരശ്രനാഴിക വിസ്താരമുണ്ട്. സാമ്പാർതടാകമെന്നു പ്രസിദ്ധമായ തടാകം ജയപുരത്തിന്റെ പടിഞ്ഞാറുഭാഗത്തത്രെ.

ആസ്സാമിലെ മണിപുരത്തിനു 8,456 ചതുരശ്രനാഴിക വിസ്താരമുണ്ട്. അതിലധികഭാഗവും താഴ്വരയാണ്. താഴ്വരയ്ക്കു 30 നാഴിക നീളവും 20 നാഴിക വീതിയുമുണ്ട്.

മണിപുരംതന്നെയാണ് പ്രധാനനദി. ഇവിടെ താറാവുകളും വാത്തകളും സുലഭമാണ്. നെല്ല്, കാലികൾ എന്നിവയാണ് പ്രധാന കയറുമതികൾ.

ഇംഫാലാണ് തലസ്ഥാനം. ഒരു രാജാവാണ് ഭരണകർത്താവ്.

ബറോഡയ്ക്കു 8,135 ചതുരശ്രനാഴിക വിസ്താരമുണ്ട്. ഇതു ബോംബെ സംസ്ഥാനത്തിലെ കത്തിയവാറിലും ഗുജറാത്തിലുമായി കിടക്കുന്നു. ചിന്നിച്ചിതറി കിടക്കുന്ന രാജ്യമായതുകൊണ്ട് കാലാവസ്ഥ എല്ലായിടത്തും ഒരുപോലെയല്ല. 20 ഇഞ്ചു മുതൽ 50 ഇഞ്ചുവരെ മഴപെയ്യും. ഗൈക്കവാരെന്നാണ് മഹാരാജാവിന്റെ സ്ഥാനപ്പേർ. ഇന്ത്യയിലെ പരിഷ്കൃതരാജ്യങ്ങളിലൊന്നത്രെ.

കച്ചാണ് പിന്നെ വലിയതു്. അതിനു് ഏതാണ്ടു് 8,000 ചതുരശ്രനാഴിക വിസ്താരമുണ്ട്. വളരെ ഫലവത്തായ പ്രദേശമല്ല. ഗോതമ്പു്, യവം, പരുത്തി എന്നിവ കൃഷിചെയ്യുന്നു. ഹിന്ദുക്കളും, ക്രൈസ്തവന്മാരും മുണ്ട്. ഭുജാണ് തലസ്ഥാനം.

തിരുവിതാംകൂറാണ് പിന്നെ വലിയതു്. തിരുവനന്തപുരമാണ് തലസ്ഥാനം. ഭരണകർത്താവു മഹാരാജാവാണ്. ഏറ്റവും പരിഷ്കൃതമായ രാജ്യങ്ങളിൽ ഒന്നാണ്.

മദ്ധ്യേന്ത്യയിലെ ഭൊപ്പാലാണ് പിന്നെ വലിയതു്. ഹൈദരാബാദു കഴിഞ്ഞാൽ പിന്നെ പ്രധാനമായ മുഹമ്മദീയ രാജ്യം ഇതുതന്നെ. ഏതാണ്ടു 7,000 ചതുരശ്രനാഴിക വിസ്താരം കാണും. ഹിന്ദുക്കളാണ് 100-ക്ക് 75 വീതം ജനങ്ങളും. കുറെ വനദേവതാരാധകന്മാരും ഉണ്ട്.

ശേഷമുള്ളവർ മുഹമ്മദീയരത്രെ. ബൊപ്പാലാണ് തല സ്ഥാനം. രണ്ടു സരസ്സുകൾക്കു മദ്ധ്യേ സ്ഥിതിചെയ്യുന്നു.

വലിപ്പംകൊണ്ട് ഇരുപത്തൊമ്പതാമത്തെ രാജ്യമാണ് കൊച്ചിയെന്നു പറയാം; എന്നാൽ നാനാതരത്തിലുള്ള അഭിവൃദ്ധികൊണ്ടു കൊച്ചി ഒന്നാമത്തേതുതന്നെയാണു്.

ഇങ്ങിനെ ഇന്ത്യയിലെ സാമന്തരാജ്യങ്ങളെപ്പറ്റി വർണ്ണിപ്പാൻ തുടങ്ങിയാൽ അവസാനിക്കുന്നതല്ല. ഭരണസൗകര്യത്തിനുവേണ്ടി ഇന്ത്യയെ 15 ഖണ്ഡങ്ങളാക്കിതിരിച്ചിട്ടുണ്ടെന്നു പറഞ്ഞുവല്ലൊ. അവയിൽ ആസ്സാം, ബങ്കാളം, ബീഹാർ-ഒറീസ്സ, ഐക്യസംസ്ഥാനം, പഞ്ചാബു, ബലൂചിസ്ഥാൻ, ബോംബെസംസ്ഥാനം, മദ്ധ്യസംസ്ഥാനം, മദ്രാസ് സംസ്ഥാനം എന്നിവയിലെല്ലാം സാമന്തരാജ്യങ്ങളുണ്ട്. മദ്ധ്യേന്ത്യയും രാജപുത്രസ്ഥാനവും സാമന്തരാജ്യങ്ങളുടെ സംഘങ്ങളാണു്.

ഇന്ത്യയിൽ ആകെ 562 സാമന്തരാജ്യങ്ങളുണ്ടത്രെ. അവയിൽ 377 എണ്ണവും ബോംബെ സംസ്ഥാനത്തിലാണു്. മദ്ധ്യേന്ത്യയിൽ 89 രാജ്യങ്ങളുണ്ട്. രാജപുത്രസ്ഥാനത്തിൽ 20 രാജ്യങ്ങളുണ്ട്. പഞ്ചാബിൽ 34-ം; ബീഹാർ-ഒറീസ്സയിൽ 26-ം; മദ്ധ്യസംസ്ഥാനത്തിൽ 15-ം; മദ്രാസിൽ 5-ം സാമന്തരാജ്യങ്ങളുണ്ട്. ഇവയ്ക്കും പുറമെയാണ് ഹൈദരാബാദ്, കാശ്മീർ, മൈസൂർ മുതലായ വലിയ രാജ്യങ്ങൾ.

ഇവയിൽ നന്നാറച്ചു രാജ്യങ്ങൾക്കുമാത്രമെ ഇന്ത്യാഗവർമ്മേണ്ടുമായി നേരിട്ടു ബന്ധമുള്ളു. അവ ഹൈദരാബാദ്, കാശ്മീർ, മൈസൂർ മുതലായ പ്രധാന രാജ്യങ്ങൾ

തന്നെ. തിരുവിതാംകൂറിനും കൊച്ചിയ്ക്കും ഇന്ത്യാഗവർമ്മേണ്ടുമായി നേരിട്ടു ബന്ധമുണ്ട്. മറ്റു രാജ്യങ്ങൾ അതതു സംസ്ഥാനങ്ങളിലെ ഭരണവ്യവസ്ഥകളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു.

അദ്ധ്യായം 17.

സ്വതന്ത്രരാജ്യങ്ങൾ.

നീപ്പാൾ

നീപ്പാൾ ഹിമാലയത്തിന്റെ തെക്കേ ചരിവിൽ സ്ഥിതിചെയ്യുന്നു. ഇതു് ഐക്യസംസ്ഥാനങ്ങളുടേയും, ബീഹാരത്തിന്റേയും വടക്കുഭാഗത്തു കിടക്കുന്നു. ഏതാണ്ടു 500 നാഴിക നീളമുണ്ട്. ഏറിയ വീതി 100 നാഴികമാത്രം. 54,000 ചതുരശ്രനാഴിക വിസ്താരം കാണും.

മലകൾ സുലഭമാണു. അവയ്ക്കു് ഇടയിലുള്ള താഴ്വരകളിൽ ജലം സമൃദ്ധിയായുണ്ട്. അതുകൊണ്ടു് അവിടെ കൃഷി നടന്നുവരുന്നു. ഗോഗ്ര നദിയുടെ താഴ്വരയാണു് പടിഞ്ഞാറേറ്റം; നടു ഗണ്ഡക്കിന്റെ താഴ്വരയാണു്; കിഴക്കുഭാഗം കോസിനദിയുടെ തടവുമാകുന്നു. ഏതാണ്ടു് 60 ഇഞ്ചു മഴപെയ്യും.

നെല്ലാണു് പ്രധാനവിളവു്. ഗോതമ്പു്, യവം, കാടു് സു് എന്നിവയും കൃഷിചെയ്തുവരുന്നു.

മരങ്ങൾ സുലഭമാണു്. ധാതുക്കളുണ്ടെന്നു പറഞ്ഞുവരുന്നു. സ്ഫടികം പരുത്തിനൂലുകൾ നെയ്യുന്നു.

ജനങ്ങൾ മിശ്രവർഗ്ഗക്കാരാണു്. മങ്കോളിയരും രാജ

പുരുഷന്മാരും ചേർന്നവരാണ്. ഭരണകർത്താക്കന്മാരെ ഗ്ലൂക്കോം എന്നു പറയുന്നു. ഭാഷ തിബെറോ-ബർമ്മൻ വർഗ്ഗത്തിലുൾപ്പെട്ടതത്രെ. പർബത്യയെന്നാണു പൊതുഭാഷയുടെ പേർ. കിഴക്കുഭാഗത്തു കിഴക്കൻ പഹരിയും പടിഞ്ഞാറുഭാഗത്തു പടിഞ്ഞാറൻ പഹരിയും സംസാരിച്ചുവരുന്നു. ജനങ്ങളിൽ അധികഭാഗവും ഹിന്തുക്കളാണ്. ബുദ്ധമതക്കാരാണു ശേഷിച്ചവർ.

ഭരണകർത്താവു മഹാരാജാധിരാജൻതന്നെ. പ്രധാനമന്ത്രിയുണ്ടും മഹാരാജാവെന്ന സ്ഥാനമുണ്ട്.

കഠ്മണ്ഡുവാണു തലസ്ഥാനം. മറ്റൊരു പട്ടണമാണു പഠൻ. ഒഗതോൻ എന്ന പട്ടണം തെക്കുകിഴക്കായി കിടക്കുന്നു.

ബുദ്ധന്റെ ജന്മസ്ഥലമായ കപിലവസ്തു നീപ്പാളിലാണ്. അതു പഡേറിയക്കു സമീപം സ്ഥിതി ചെയ്യുന്നു.

ഭൂട്ടാൻ.

ഭൂട്ടാനിന്റെ വടക്കും കിഴക്കും തിബെറും; തെക്ക് ആസ്സാം, ബങ്കാൾ എന്നിവയും; പടിഞ്ഞാറു സിക്കിം എന്നിവയും കിടക്കുന്നു. വിസ്താരം 20,000 ചതുരശ്രനാഴികയാണ്.

കുന്നുകൾ നിറഞ്ഞിരിക്കുന്ന ഒരു പ്രദേശമാണിത്. കാടുകളിൽ ആനകൾ സുലഭമത്രെ. വഴിയാത്രക്കാർക്കു ഒരു ഉപദ്രവവും കൂടിയാണ് ആനകൾ.

മൈസാണ് പ്രധാന വിളയു്. ഗോതമ്പു, കടുക് എന്നിവയും കൃഷിചെയ്യുവരുന്നു. പട്ടം ഉണ്ടാക്കിവരുന്നുണ്ട്

ജനങ്ങൾ മങ്കോളിയൻ വർഗ്ഗക്കാരാണ്. തിബറൻ ഭാഷകളിലൊന്നാണ് അവർ സംസാരിക്കുന്നത്. അവർ ബുദ്ധമതക്കാരാണ്.

താസിസുഡോൻ, പുനാക എന്നിവയാണ് പ്രധാന പട്ടണങ്ങൾ. ഒരു രാജാവാണ് രാജ്യം ഭരിക്കുന്നത്.

അദ്ധ്യായം 18.

വിദേശീയ സ്ഥലങ്ങൾ.

പറങ്കികൾക്കും പോർത്തുഗീസുകാർക്കും ഇന്ത്യയിൽ സ്ഥലങ്ങളുണ്ട്.

പറങ്കികാരുടെ സ്ഥലത്തിന് ആകെ വിസ്താരം 200 ചതുരശ്രനാഴിക മാത്രമാണ്. ചോഴമണ്ഡലക്കരയിലുള്ള പുതുശ്ശേരി, കാരിക്കൽ; ഗോദാവരിയുടെ മുഖത്തുള്ള യാനാം; ഹുഗ്ലിയിലുള്ള ചന്ദ്രനഗരം; മലബാർ തീരത്തുള്ള മാഹി എന്നിവയാണ് പറങ്കികാരുടെ സ്ഥലങ്ങൾ. പുതുശ്ശേരിയാണ് തലസ്ഥാനം.

പോർത്തുഗീസ്സുകാരുടെ സ്ഥലങ്ങൾ ഗോവ; അഞ്ചുദ്വീപു, ഡാമൻ, ഡ്യൂ, എന്നിവയാകുന്നു.

അഞ്ചുദ്വീപെന്നതു ഗോവയുടെ കീഴിലുള്ള ഒരു പ്രദേശമാണ്. ഗോവയ്ക്കും മറും കൂടി 1,800 ചതുരശ്രനാഴിക വിസ്താരമുണ്ട്. ഡാമൻ എന്ന ദ്വീപിനു 149 ചതുരശ്രനാഴിക വിസ്താരമുണ്ട്. ഈ സ്ഥലം ബോംബെയിൽനിന്നു 100 നാഴിക വടക്കാണ്. ഡ്യൂ കത്തിയവാ

റിന്റെ തെക്കേ അറ്റത്താണ്. 20 ചതുരശ്രനാഴികയാണ് വിസ്താരം. ഗൊർഗോല, സിംപോർ എന്നിവ ഇതിന്റെ കീഴിലത്രെ.

ഗോവയുടെ തലസ്ഥാനമാണ് പഞ്ചിം.

അദ്ധ്യായം 19.

ഗവർമ്മെണ്ട്.

1857-ൽ സിപ്പായി ലഹളക്കുശേഷം ഇന്ത്യാരാജ്യം ഭരിക്കുന്നത് ചക്രവത്തിയാണ്. ചക്രവത്തിയെ സഹായിക്കുവാൻ ഇംഗ്ലാണ്ടിൽ ഒരു സെക്രട്ടരിയും ഒരു സഭയും ഉണ്ട്.

ചക്രവത്തിയുടെ പ്രതിനിധിയായി ഇന്ത്യാരാജ്യം ഭരിക്കുന്നത് വൈസ്രായി ആണ്. അദ്ദേഹത്തെ സഹായിക്കുവാൻ ഒരു മന്ത്രി സഭയുണ്ട്.

ഭരണ ഏർപ്പാടുകൾക്കു രണ്ടു സഭകളുണ്ട്. ഇതിൽ ഒന്നു ലെജിസ്ലേറ്റീവ് അസംബ്ലി എന്നറിഞ്ഞു വരുന്ന നിയമനിർമ്മാണസഭയും മറ്റൊന്നു കൌൺസിൽ ഓഫ് സ്റ്റേറ്റും ആണ്. നിയമനിർമ്മാണസഭയിൽ ഭൂരിപക്ഷം ജനപ്രതിനിധികളും ശേഷം ഉദ്യോഗസ്ഥന്മാരും ഗവർമ്മേണ്ടു നിശ്ചയിക്കുന്ന അനുദ്യോഗസ്ഥന്മാരുമാണ്. കൌൺസിൽ ഓഫ് സ്റ്റേറ്റിൽ നാട്ടിലെ ജന്മികളുടേയും മറ്റു പണക്കാരുടേയും പ്രതിനിധികളാകുന്നു. അതിനും പുറമെ മന്ത്രിസഭ അംഗങ്ങളും അതിൽ മെമ്പർമാരാകുന്നു. നി

യമനിർമ്മാണം മുതലായ കാര്യങ്ങളാണ് ഈ രണ്ടു സഭകൾക്കുമുള്ള ജോലികൾ.

ഭരണസൌകര്യത്തിനുവേണ്ടി രാജ്യത്തെ പല സംസ്ഥാനങ്ങളായി വിഭജിച്ചിട്ടുണ്ട്. സംസ്ഥാനങ്ങൾ ഭരിക്കുന്നതു ഗവർണർമാരാണ്. എല്ലാ സംസ്ഥാനങ്ങളിലും പുതിയതായി നടപ്പിൽ വരുത്തിയ ഭരണക്രമം അനുസരിച്ച് "ലെജിസ്ലേററീവു് അസംബ്ലി" (ചിലതിൽ "ലെജിസ്ലേററീവു കൊൺസിൽ" ലും ഉണ്ടു്) എന്ന ജനപ്രതിനിധി സഭയുണ്ട്. സംസ്ഥാനകാര്യങ്ങൾ നിയന്ത്രിക്കുന്നതാണ് ഈ സഭകളുടെ മുമതലകൾ. ജനപ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുന്ന മന്ത്രിമാരാണു ഗവർണ്ണരുടെ ഉപദേഷ്ടാക്കന്മാർ.

സംസ്ഥാനങ്ങളെ ഭരണസൌകര്യം അനുസരിച്ചു ജില്ലകളായി തിരിച്ചിരിക്കുന്നു. ഓരോ ജില്ല ഭരിക്കുവാൻ ഒരു ഡിസ്ട്രിക്ട് കലക്ടരുണ്ട്. ജില്ലാ ജനങ്ങളുടെ പ്രതിനിധികളുടെ ഒരു സഭ—ഡിസ്ട്രിക്ട് ബോഡ്—എന്ന പേരോടുകൂടി—യും വേറെയുണ്ട്. ഈ സഭയുടെ പരിധിയിൽ പെടുന്നതാണു ഗതാഗതമാർഗ്ഗങ്ങൾ, മുൻസിപ്പാലിററികൾ, സുഖാധാരം എന്നീ വിഷയങ്ങൾ.

പട്ടണങ്ങളുടെ ഭരണത്തിനും ഇതു മാതിരി ഓരോ ജനപ്രതിനിധി സഭകൾ ഉണ്ട്. വലിയ പട്ടണങ്ങളിലെ ഭരണസഭകളെ കോർപ്പറേഷനെന്നും, നഗരസഭകൾക്കു മുൻസിപ്പാലിററി എന്നും ചെറിയ പട്ടണസഭകൾക്കു ടൌൺ കൌൺസിൽ എന്നും പേരുകൾ പറഞ്ഞുവരുന്നു.

ഗ്രാമഭരണത്തിനും ഈ മാതിരിയുള്ള സഭകളുണ്ട്. അവക്ക് പഞ്ചായത്ത് എന്നാണ് പേർ. ഈ സഭകളുടെ നടത്തിപ്പുകൊണ്ട് നാട്ടുകാക്ക് ദേശീയഭരണത്തിൽ പരിചയം ലഭിക്കുവാനും പൊതുകാര്യങ്ങളിൽ വിവിധസമുദായക്കാർ ഒത്തൊരുമിച്ചു പ്രവർത്തിപ്പാനും സാധിക്കുന്നു. ഈ സഭകളുടെ ആവശ്യവും അത്യന്തമായതാണ്.

നാട്ടുരാജ്യങ്ങളിൽ അതാത് രാജാക്കന്മാരാണ് ഭരിക്കുന്നത്. പക്ഷെ ഈ രാജ്യങ്ങളെല്ലാം ബ്രിട്ടീഷുഗവർമ്മേണ്ടുമായി ഉടമ്പടി ബന്ധമുള്ളവയാണ്. ഈ നാട്ടുരാജ്യങ്ങളുടെ സഹായത്തിനായി ബ്രിട്ടീഷു ഗവർമ്മേണ്ടിന്റെ പ്രതിനിധിയായ റെസിഡൻണ്ട് എന്നൊരു ഉദ്യോഗസ്ഥനുണ്ട്. ഈ രാജ്യങ്ങൾക്ക് ബ്രിട്ടീഷുഗവർമ്മേണ്ടിന്റെ അനുവാദമില്ലാതെ വിദേശരാജ്യക്കാരായി യാതൊരു ഏർപ്പാടും ചെയ്വാൻ പാടുള്ളതല്ല. നാട്ടുരാജ്യങ്ങളിൽ ഭൂഭരണമോ അന്തഃഛിദ്രമോ ഉണ്ടെങ്കിൽ മാത്രമെ മേൽക്കോയ്മക്ക് ഭരണവിഷയത്തിൽ പ്രവേശിപ്പാൻ പാടുള്ളൂ.